ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 05 ഫെബ്രുവരി 2022 ലക്കം 02

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം

1. സർക്കുലർ ........ 05
2. നോമ്പുകാല സർക്കുലർ ........ 10
3. സിനഡ് അനന്തര സർക്കുലർ ........ 13
4. തിരുബാലസഖ്യദിന സർക്കുലർ ........ 22
5. രോഗീദിന സർക്കുലർ ........ 27
6. കെ.സി.ബി.സി. സർക്കുലർ ........ 33
7. കച്ചേരിക്കാര്യം ........ 38
8. വിശ്വാസപരിശീലനം ........ 44
9. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 48
10. ചെറുപുഷ്പ മിഷൻലീഗ് ........ 51
11. തിരുബാലസഖ്യം ........ 58
12. യുവജനശുശ്രൂഷ ........ 60
13. കുടുംബപ്രേഷിതത്വം ........ 65
14. വിദ്യാഭ്യാസ ഏജൻസി ........ 71
15. വിമൽജ്യോതി വാർത്തകൾ ........ 74
16. സാൻജോസ് അക്കാഡമി ........ 76
17. എ.കെ.സി.സി. ........ 79
18. ഇൻഫാം വാർത്തകൾ ........ 80
19. മദ്യവിരുദ്ധ പ്രസ്ഥാനം ........ 82
20. ADAM ........ 84
21. ഏയ്ഞ്ചൽ ട്രസ്റ്റ് ........ 85
22. സാമൂഹ്യസേവനവേദി ........ 87
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 91
24. Programme of the Archbishop Mar George Njaralakatt ........ 94
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിമറ്റം പിതാവ്) ........ 96
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 98
27. Programme of the Auxiliary Bishop Mar Joseph Pamplany ........ 101

**Prot. No. 81/ 22 സർക്കുലർ നമ്പർ 04 / 2022**

# സർക്കുലർ

പ്രിയ ബഹു. വൈദികരെ, സന്യസ്തരെ, സഹോദരങ്ങളെ,

2022 ജനുവരി 7-15 തീയതികളിൽ നടന്ന സീറോ മലബാർ സഭയുടെ മെത്രാൻ സിനഡ് അഭിവന്ദ്യ ജോസഫ് പാംപ്ലാനിപിതാവിനെ തലശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കുകയും ജനുവരി 15-ാം തീയതി ഉച്ചകഴിഞ്ഞ് 4.30ന് ഔദ്യോഗികമായി ഇക്കാര്യം അറിയിക്കുകയും ചെയ്ത വിവരം നിങ്ങൾക്കേവർക്കും ഇതിനകം അറിവുള്ളതാണല്ലോ. ജനുവരി 16-ാം തീയതി രാവിലെ 8.30ന് നമ്മുടെ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ പിതാവിന് ഊഷ്മളമായ വരവേൽപ്പും നല്കുകയുണ്ടായി. നമ്മുടെ അതിരൂപതയെ നയിക്കാൻ ഏറ്റം അനുയോജ്യനായ വ്യക്തിയെ തന്നെ നമുക്ക് ലഭിച്ചതിൽ ദൈവത്തിന് നന്ദിപറയാം. നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനകൾക്ക് ഞാൻ പ്രത്യേകമായി നന്ദി പറയുന്നു. നമ്മുടെ അതിരൂപത മുഴുവന്റെയും നാമത്തിൽ പാംപ്ലാനി പിതാവിന് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

അഭിവന്ദ്യ പാംപ്ലാനി പിതാവ് 1968 ഡിസംബർ 3-ന് ചരൾ ഇടവകയിൽ പാംപ്ലാനിയിൽ പരേതനായ തോമസിന്റെയും-മേരിയുടെയും ഏഴുമക്കളിൽ അഞ്ചാമനായി ജനിച്ചു. ചരൾ, കിളിയന്തറ സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസവും നിർമ്മലഗിരി കോളെജിൽ പ്രീഡിഗ്രി പഠനവും പൂർത്തിയാക്കിയ പിതാവ് 1988 ആഗസ്റ്റ് 14ന് വൈദിക പരിശീലനത്തിനായി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ പൂർത്തിയാക്കിയ പിതാവ് 1997 ഡിസംബർ 30-ന് അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

പേരാവൂർ ഫൊറോന ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും ദീപഗിരി ഇടവകയിൽ വികാരിയായും ശുശ്രൂഷ ചെയ്തശേഷം ബൽജിയത്തിലെ ലൂവൈൻ യൂണിവേഴ്സിറ്റിയിലേക്ക് ഉപരിപഠനത്തിന് അയയ്ക്കപ്പെട്ടു. 2006-ൽ അവിടെ നിന്ന് ബൈബിൾ വിജ്ഞാനീയത്തിൽ ഉന്നത വിജയത്തോടെ ഡോക്ടറേറ്റ് സമ്പാദിച്ച് തിരിച്ചെത്തിയ പിതാവിനെ അഭിവന്ദ്യ വലിയമറ്റംപിതാവ് അതിരൂപതയുടെ

ബൈബിൾ പ്രേഷിതത്വത്തിന്റെ ഡയറക്ടറായി നിയമിച്ചു. ആഗോള തലത്തിൽ അറിയപ്പെടുന്നതും വിവിധദേശങ്ങളിൽനിന്നും ധാരാളം പഠിതാക്കൾ ഉള്ളതുമായ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടർ കൂടിയാണ് പിതാവ്. വിവിധ സെമിനാരികളിൽ ബൈബിൾ അധ്യാപകനായും റിസേർച്ച് ഗൈഡായും പിതാവ് ശുശ്രൂഷചെയ്തുവരുന്നു. സീറോ മലബാർ സഭയുടെ മാധ്യമകമ്മീഷൻ ചെയർമാൻ, പബ്ലിക് അഫയേഴ്സ് കമ്മീഷൻ അംഗം, കെ.സി.ബി.സി. മാധ്യമകമ്മീഷൻ ചെയർമാൻ, ദൈവശാസ്ത്രകമ്മീഷൻ അംഗം, സി.ബി.സി.ഐയുടെ ദൈവശാസ്ത്ര കമ്മീഷൻ അംഗം എന്നീ നിലകളിലും പിതാവ് പ്രവർത്തിച്ചുവരുന്നു. അഭിവന്ദ്യപിതാവ് ധാരാളം പുസ്തകങ്ങളും അനേകം ഗവേഷണഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ പ്രസിദ്ധീകരണങ്ങളിലായി ഇരുനൂറിലേറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. വിവിധ ദേശീയ-അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വാഗ്മിയും നല്ല ധ്യാനഗുരുവും, ടെലിവിഷൻ -ചാനൽ പ്രഭാഷകനുമാണ്.

2017 നവംബർ 8 മുതൽ പിതാവ് നമ്മുടെ അതിരൂപതയുടെ സഹായമെത്രാനായും പ്രഥമ വികാരിജനറളായും പ്രവർത്തിച്ചുവരികയായിരുന്നല്ലോ. ഈ കാലഘട്ടത്തിൽ പിതാവ് എന്നോട് ചേർന്ന് സജീവമായി പ്രവർത്തിച്ചു. എല്ലാക്കാര്യങ്ങളിലും എനിക്ക് പിതാവിന്റെ സഹായവും സഹകരണവും പിൻബലവും ലഭിച്ചിരുന്നു. പല അജപാലന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും, പുതിയ പദ്ധതികൾക്ക് രൂപം നല്കുന്നതിലും പിതാവ് മുൻകൈ എടുത്തു. വിവിധ മേഖലകളിലെ അജപാലന ശുശ്രൂഷകൾ സജീവമായി കൊണ്ടുപോകുന്നതിന് പിതാവിന്റെ ഇടപെടലുകൾ ഏറെ സഹായിച്ചിട്ടുണ്ട്.

അതിരൂപതയുടെ നിയുക്തമെത്രപ്പോലീത്ത ആയി നിയമിക്കപ്പെട്ടതിനൊപ്പം സീറോ മലബാർ സിനഡ് സെക്രട്ടറി, സീറോ മലബാർ സഭയുടെ സ്ഥിരം സിനഡ് അംഗം, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ ചെയർമാൻ എന്നീ ഉത്തരവാദിത്വങ്ങൾകൂടി പിതാവിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇവയെല്ലാം മനോഹരമായി ദൈവേഷ്ടപ്രകാരം പൂർത്തീകരിക്കാൻ പരിശുദ്ധാത്മാവിന്റെ അഭിഷേകം പിതാവിന് ഉണ്ടാകാനായി നമുക്ക് പ്രാർത്ഥിക്കാം.

ഇത്തരുണത്തിൽ പിതാവിന്റെ മൺമറഞ്ഞുപോയ അപ്പച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കാം. പിതാവിന്റെ അമ്മ,സഹോദര ങ്ങൾ, പാംപ്ലാനികുടുംബാംഗങ്ങൾ തുടങ്ങി എല്ലാവർക്കും അതിരൂപ തയുടെ അനുമോദനങ്ങളും, പ്രാർത്ഥനാശംസകളും.

പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങുകൾ ഈസ്റ്ററിനുശേഷം ഏപ്രിൽ 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുമുമ്പായി നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അതുസംബന്ധിച്ച വിശദവിവരങ്ങൾ വിവിധ സമിതികളിലെ ചർച്ചകൾക്കുശേഷം നിങ്ങളെ യഥാസമയം അറിയിക്കുന്നതാണ്. കോവിഡിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തായിരിക്കും സ്ഥാനാരോഹണ കർമ്മങ്ങൾ നടത്തുക. നമ്മുടെ തലശ്ശേരി രൂപതയുടെ നാലാമത്തെ ഇടയശ്രേഷ്ഠനും മൂന്നാമത്തെ മെത്രാപ്പോലീത്തായുമായി അഭിവന്ദ്യ പാംപ്ലാനി പിതാവ് ഉയർത്തപ്പെടുമ്പോൾ പിതാവ് ഈ മണ്ണിൽ ജനിച്ചുവളർന്നവനും, വി. യൗസേപ്പിന്റെ നാമധാരിയുമാണെന്ന കാര്യം നമ്മെ ഏറെ സന്തോഷിപ്പിക്കുന്നു.

ഒരിക്കൽക്കൂടി പിതാവിന് എല്ലാവരുടെയും നാമത്തിൽ പ്രാർത്ഥനാശംസകൾ! എപ്പോഴും നമ്മെപ്പറ്റി കരുതലുള്ള പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യവും അതിരൂപതാ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സംരക്ഷണവും അഭിവന്ദ്യ നിയുക്തമെത്രാപ്പോലീത്തായ്ക്കും അതിരൂപത മുഴുവനും ഉണ്ടാകട്ടെ. നല്ലവനായ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
25-01-2022

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

Prot. No. 82/ 22 സർക്കുലർ നമ്പർ 05/ 2022

# നോമ്പുകാല സർക്കുലർ

ക്രൈസ്തവരായ നമുക്ക് ഒരാണ്ടുവട്ടത്തിലെ ഏറ്റവും തീക്ഷ്ണമായ ദിനങ്ങളാണ് വലിയ നോമ്പുദിവസങ്ങൾ. ആത്മീയ ജീവിതത്തിന്റെ പൂക്കാലം എന്നുവേണമെങ്കിൽ നമുക്ക് അമ്പതുനോമ്പിനെ വിശേഷിപ്പിക്കാം. നമ്മുടെ കർത്താവിന്റെ രക്ഷാകരപദ്ധതിയിലെ മർമ്മപ്രധാനമായ സംഭവങ്ങൾ അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്ന പുണ്യദിനങ്ങളാണവ. ഈ വർഷത്തെ അമ്പതുനോമ്പ് ഫെബ്രുവരി 27 ഞായറാഴ്ച അർദ്ധരാത്രി മുതലാണ് ആരംഭിക്കുന്നത്. നമ്മുടെ ആത്മീയ ജീവിതം നവീകരിക്കുവാൻ ഏറ്റവും യോഗ്യമായ അവസരമാണിത്. കോവിഡ് മഹാമാരിയുടെ മൂന്നാംഘട്ടത്തിന്റെ മൂർദ്ധന്യാവസ്ഥയിലൂടെയാണ് ലോകം കടന്നുപോകുന്നത് എന്നാണ് പൊതുവേയുള്ള വിലയിരുത്തൽ. ഈസ്റ്റർ ദിനത്തിലേക്ക് എന്തുമ്പോഴെയ്ക്കും മഹാമാരിയെ അതിജീവിച്ച് പുതിയ ഒരു ലോകത്തിലേക്ക് ഉത്ഥിതൻ നമ്മെ നയിക്കും എന്ന പ്രത്യാശയോടെ ഈ വർഷത്തെ വലിയ നോമ്പിലേക്ക് നമുക്ക് പ്രവേശിക്കാം.

## 1. ജീവിതനവീകരണം

എല്ലാം പുതുതായി ആരംഭിക്കുവാൻ കർത്താവ് നമുക്ക് വീണ്ടും അവസരങ്ങൾ തരുന്നു എന്നതാണല്ലോ അവിടുത്തെ കരുണയുടെ ഏറ്റവും വലിയ പ്രകടനം. 'നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു' (സങ്കീ 42, 1-2). ഈ സങ്കീർത്തനവചനം നോമ്പുകാലത്തെ നമ്മുടെ ആത്മാവിന്റെ അഭിലാഷമാകട്ടെ. പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി ആത്മീയ മനുഷ്യനെ ധരിക്കാൻ നാം പരിശ്രമിക്കണം. ഞാൻ നിന്നെ ഒരു പുതിയ സൃഷ്ടിയാക്കുമെന്ന ഈശോയുടെ വാഗ്ദാനം ജീവിതനവീകരണം ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും പ്രത്യാശ പകരുന്നതാണ്.

വിഭൂതിയാണ് നോമ്പിന്റെ ആദ്യപ്രഭാതത്തിൽ നമ്മൾ നടത്തുന്ന പ്രധാന ശുശ്രൂഷ. നെറ്റിയിൽ പൂശുന്ന ചാരം ജീവിതത്തിന്റെ അർത്ഥമെന്തെന്ന് ധ്യാനിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരുപാട് ചിന്തകൾ സമ്മാനിക്കുന്നുണ്ട്. "മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിലേക്ക് മടങ്ങും നൂനം" എന്ന ഈരടികൾ വലിയ നോമ്പിലേക്കുള്ള പ്രവേശനഗാന

മാണ്. ഈ മണ്ണിൽ നിന്നാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. ജീവിതത്തിന്റെ നൈമിഷികത, നിരർത്ഥകത എല്ലാം ഈ വരികളിലുണ്ട്. ക്ഷമിക്കാനും പൊറുക്കാനും വിട്ടുവീഴ്ചകൾ നടത്താനും അതുവഴി തകർന്ന ബന്ധങ്ങൾ വീണ്ടെടുക്കുവാനും ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ചുള്ള ചിന്ത നമ്മെ സഹായിക്കും. മണ്ണിൽനിന്നും രൂപപ്പെട്ട നമ്മൾ ഈ മണ്ണിന്റെ സ്വഭാവം സ്വന്തമാക്കണം. മണ്ണിലേക്ക് എന്ത് വലിച്ചെറിഞ്ഞാലും അത് തിരികെ തരുന്നത് ഫലങ്ങൾ മാത്രമാണ്. ജീവിതത്തിൽ പലരും നമ്മെ മുറിവേൽപ്പിക്കാം, സങ്കടങ്ങൾ നല്കാം, ഒരിക്കലും നികത്താനാവാത്ത നഷ്ടങ്ങൾ സമ്മാനിക്കാം. പക്ഷേ അവർക്കൊക്കെ തിരികെ നല്കുന്നത് സ്നേഹത്തിന്റെയും ക്ഷമയുടെയും ഫലങ്ങളാകട്ടെ. ജീവിത നവീകരണം ദൈവത്തോടും മനുഷ്യരോടുമുള്ള തർന്നുപോയ ബന്ധങ്ങളുടെ വീണ്ടെടുപ്പിന്റെ വേളയാണ്. നിങ്ങൾ ദൈവത്തോടു രമ്യതപ്പെടുവിൻ (2കോറി 5:20) എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം ജീവിതനവീകരണത്തിനുവേണ്ടിയുള്ളതാണ്. "നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ. എന്തെന്നാൽ അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പനുമാണ്" (ജോയേൽ 2,13).

## 2. പുണ്യങ്ങൾ പൂക്കേണ്ട കാലം

ക്രൈസ്തവജീവിതം പുണ്യങ്ങളുടെ സുഗന്ധം പുറപ്പെടുവിക്കണം. "നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം ആഗ്രഹിക്കുന്നത്" (1 തെസ4,3). പുണ്യപ്പെട്ട ഒരു ജീവിതത്തോട് ആഭിമുഖ്യം കാണിക്കേണ്ട കാലഘട്ടമാണ് നോമ്പുകാലം. നമ്മുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം ഒരു പുണ്യപ്പെട്ട ജീവിതത്തിനുടമയാകുക എന്നതായിരിക്കണം. "നിർമ്മലമായ ഹൃദയത്തിന്റെ മൂല്യം നിർണ്ണയാതീതമാണ്" (പ്രഭാ.26,15). നന്മ ഇച്ഛിക്കാനും ചെയ്യാനുമുള്ള മനസ്സിന്റെ ഒരുക്കത്തെയാണല്ലോ നമ്മൾ പുണ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ലോകാരൂപിയുടെ അതിപ്രസരം സർവ്വമേഖലകളിലും വ്യാപിച്ചിരിക്കുന്നു എന്നതൊരു യാഥാർഥ്യമാണ്. പുണ്യപ്പെട്ട ഒരു ജീവിതം എന്ന കാഴ്ചപ്പാടിനെ വിലകുറച്ചു കാണുന്ന രീതികൾ ദൗർഭാഗ്യമാണ്. "നന്മ ചെയ്യുന്നതിൽ നിങ്ങൾക്ക് മടുപ്പുണ്ടാകരുത്" എന്ന പൗലോസ് അപ്പസ്തോലന്റെ മുന്നറിയിപ്പ് ഇത്തരം വെല്ലുവിളികളെ നേരിടുവാൻ നമ്മെ സഹായിക്കും. ആത്മീയ ജീവിതത്തിൽ ആഴപ്പെട്ടുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ ഈ നോമ്പുകാലം പ്രയോജനപ്പെടുത്താം.

ദൈവാശ്രയത്തിൽ ഉറച്ചുനിന്നുകൊണ്ട് ബോധപൂർവ്വം ഉപവിപ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ട് പുണ്യസമ്പാദനത്തിന്റെ ജീവിതരീതി നമുക്കുണ്ടാകട്ടെ.

### 3. തപസ്സിന്റെ കാലം

നോമ്പുകാലം ആത്മീയ സമരത്തിന്റെ കാലമാണ്. "സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിനു വിഷയമായിരിക്കുന്നു. ബലവാന്മാർ അത് പിടിച്ചെടുക്കുന്നു" (മത്താ 11,12) എന്ന വചനം ഈ കാലത്ത് നമ്മുടെ ചിന്തയിൽ ഉണ്ടാകട്ടെ. പരിത്യാഗത്തിന്റെയും സ്വയം നിഗ്രഹത്തിന്റെയും ജീവിതശൈലിക്കു ആത്മീയ ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. "ജഢത്തിന്റെ പ്രവൃത്തികളെ ആത്മാവിൽ നിഹനിക്കുകയാണെങ്കിൽ നിങ്ങൾ ജീവിക്കും" (റോമ 8,13). നമ്മുടെ ജീവിതവിജയത്തിനായി ഉപവാസം, മാംസവർജ്ജനം തുടങ്ങിയ സ്വയം നിഗ്രഹപ്രവൃത്തികൾ തിരുസ്സഭ നല്കിയിരിക്കുന്നു. ദൈവവുമായി ഐക്യപ്പെടാനും സ്വയം വിശുദ്ധീകരണം സാധിക്കുവാനും സ്വയം നിഗ്രഹം ആവശ്യമാണ്. നോമ്പിന്റെ ചൈതന്യത്തിനു ചേർന്ന ജീവിതക്രമം നമ്മുടെ കുടുംബങ്ങളുടെ പാരമ്പര്യമാണ്. ആ പാരമ്പര്യങ്ങൾ പിൻതുടരുവാൻ ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മാറിയ കാലത്തിൽ ഉപവാസത്തിനും മാംസവർജ്ജനത്തിനുമൊക്കെ പ്രാധാന്യം നഷ്ടപ്പെട്ടിട്ടുണ്ട്. വെള്ളിയാഴ്ചകളിൽപോലും മാംസം ഭക്ഷിക്കുന്നത് വലിയ കാര്യമല്ല എന്ന രീതിയിലേക്ക് ചിലരെങ്കിലുമൊക്കെ മാറിയിട്ടുണ്ട്. ലോകത്തോടുള്ള അമിതമായ മമത കുറയ്ക്കാനും താപസചൈതന്യം വളർത്താനും മാംസവർജ്ജനവും ഉപവാസവും സഹായിക്കും. നോമ്പിലെ ഭക്ഷണനിയന്ത്രണത്തിന് എല്ലാവരും പ്രാധാന്യം കൊടുക്കണം.

ഉപവാസം ദൈവൈക്യത്തിനുള്ള ഒരുപാധിയാണ്. നാല്പതുദിനരാത്രങ്ങൾ ഉപവസിച്ചാണ് ദൈവപുത്രൻ പിതാവിന്റെ ഹിതം ആരാഞ്ഞത്. ശരീരത്തെക്കുറിച്ചുള്ള അമിതമായ ആകുലതയിലാണ് നമ്മൾ. അമിതമായ ശരീരഭാരം കുറയ്ക്കാനുള്ള ഒരുവഴി മാത്രമായി ഉപവാസത്തെ കരുതുന്നത് ശരിയല്ല. "നമ്മുടെ ശരീരത്തിന്റെ സുസ്ഥിതി എന്നതിനപ്പുറം" ഉപവാസം പ്രദാനം ചെയ്യുന്ന ആത്മീയനന്മകളിലാണ് നാം ശ്രദ്ധിക്കേണ്ടത്. "ദൈവവുമായി ഐക്യപ്പെടാൻ നമ്മിൽ തടസ്സമായിട്ടുള്ളതെല്ലാം ജീവിതത്തിൽനിന്നു ഒഴിവാക്കാൻ ഉപവാസം നമ്മെ സഹായിക്കുന്നു" (ബനഡിക്ട് പതിനാറാമൻ മാർപാപ്പ, നോമ്പുകാല സന്ദേശം 2009).

ഈ നോമ്പുകാലം തപസ്സിന്റെ വഴിയിലൂടെ നടത്തുന്ന ഒരു യാത്ര യുടെതാവട്ടെ, ഈശോയൊടൊപ്പം ഉയിർപ്പിന്റെ മഹത്വത്തിലേക്ക്. സ്രഷ്ടാവായ ദൈവത്തിൽ യുഗങ്ങളോളം നിഗൂഢമായി സ്ഥിതിചെയ്യുന്ന രഹസ്യങ്ങളിലേക്ക് (എഫേ 3,9) ആഴത്തിൽ ഇറങ്ങി ചെല്ലാൻ നോമ്പുകാലം സഹായിക്കട്ടെ. വചനവുമായി മുഖാഭിമുഖം ഇടപെടാനും സ്വാർത്ഥതയുടെ ബന്ധനങ്ങളിൽ നിന്നും മോചിതരാകുവാനും പരിശുദ്ധാത്മാവിന്റെ രക്ഷാകരപ്രവർത്തനങ്ങളോട് സഹകരിക്കുവാനും നോമ്പുകാലത്ത് നമുക്ക് ശ്രമിക്കാം.

## 4. മാറുന്ന ആത്മീയ ആഭിമുഖ്യങ്ങൾ

കോവിഡ് മഹാമാരി നമ്മുടെ ആത്മീയാഭിമുഖ്യങ്ങളിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ദൈവാലയങ്ങൾ നീണ്ടകാലം അടങ്ങുകിടന്നതും പല ആത്മീയശീലങ്ങൾക്കും തുടർച്ച നഷ്ടപ്പെട്ടതും നമ്മളെ സ്വാധീനിച്ചിട്ടുണ്ട്. വി. കുർബാനയോടും വി. കുമ്പസാരത്തോടുമുള്ള ആവേശം നമ്മിൽ കുറഞ്ഞുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഭക്തി എന്ന പുണ്യമാണ് നമ്മുടെ ക്രൈസ്തവജീവിതത്തെ ഉജ്ജ്വലമാക്കി നിറുത്തുന്നത്. ദൈവത്തോടു പുത്രസഹജമായ സ്നേഹവും അവിടുത്തേക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സംഗതികളോടും വ്യക്തികളോടും ബഹുമാന്യജന്യമായ വണക്കവും നമ്മിലുണ്ടാക്കി ആത്മീയകാര്യങ്ങളെ അലൗകീകമായ ആനന്ദത്തോടുകൂടി അനുഷ്ഠിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന പുണ്യമാണ് ഭക്തി. കോവിഡാന്തര ആത്മീയതയിൽ ഭക്തി എന്ന പുണ്യം ജ്വലിച്ചെങ്കിലേ ആത്മീയതയുടെ പഴയ ശീലങ്ങളിലേക്ക് മടങ്ങാനാവൂ. വി. കുർബാനയിലും വി. കുമ്പസാരത്തിലും ഏറ്റവും ആത്മാർത്ഥമായ പങ്കാളിത്തം നിങ്ങൾ ഓരോരുത്തരും നടത്തണമെന്ന് സ്നേഹത്തോടെ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. നവമാധ്യമങ്ങളിലൂടെ ഉള്ള കൂദാശസ്വീകരണങ്ങൾ മഹാമാരിയുടെ കാലത്ത് മറ്റ് സാധ്യതകൾ ഇല്ലാതിരുന്നതിനാൽ നാം സ്വീകരിച്ചതാണ്. കാര്യങ്ങൾ പഴയ രീതിയിലേക്ക് മാറുന്നതനുസരിച്ച് ദൈവാലയത്തിലേക്ക് ആവേശത്തോടെ എത്താൻ നിങ്ങൾ ശ്രമിക്കുമല്ലോ.

ഈശോയ്ക്കു സാക്ഷ്യം വഹിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വം ഏറ്റവും നല്ലരീതിയിൽ നടത്തുവാൻ ഈ നോമ്പുകാലം സഹായകമാകട്ടെ. നിങ്ങളെ ഓരോരുത്തരെയും എന്റെ പ്രാർത്ഥനയിൽ അനുസ്മരിക്കുന്നു. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ഈ നോമ്പുകാലത്ത്

പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. മഹാമാരി പൂർണ്ണമായും നമ്മെ വിട്ടൊഴിയുന്ന സുന്ദരമായ ദിനങ്ങളിലേക്ക് ഉത്ഥിതൻ നമ്മെ നയിക്കും. ഏവർക്കും അനുഗ്രഹീതമായ നോമ്പുകാലം ആശംസിക്കുന്നു.

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
25-01-2022

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

Prot. No. 0041/2022

# സിനഡ് അനന്തര സർക്കുലർ

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യ സമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടുവർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3-ാം തീയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമു

ചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതുനൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവവിശ്വാസികളും അവരുടെ സ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കൻമാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ സത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായംപിള്ള**

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15-ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്.

പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃക ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

**പ്രേഷിത പ്രവർത്തനം**

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സഭയുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽതന്നെ മിഷനറിയായ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം സകലമനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാ

ണ്. അവരിലൂടെയാണ് രക്ഷയുടെസന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെ പ്രഘോഷണവും ജീവിതസാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിതമേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ നാമെല്ലാം സഹോദരങ്ങളാണ് എന്ന സുവിശേഷസത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയുടെ സുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവന, ജീവകാരുണ്യ മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത് സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

**കോവിഡ് പ്രതിസന്ധി**

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു

വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ് കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ്മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധവയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

**കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും**

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സുവിശേഷമൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതുരശ്രകിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA- പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക

വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്ര സർക്കാർ ആറുമാസം കൂടി സാവകാശം നൽകിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

## ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതരസമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദായത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തു

നിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാരംഗങ്ങളിലും പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കുതിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമപദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്

## ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെ സിനഡ്, പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പലവേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു

തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം-അങ്കമാലി അതിരൂപതയിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27-ന് നല്കിയ ഒഴിവ് കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാപാരമ്പര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാ സിനഡും നിർദ്ദേശിച്ച പ്രകാരം ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡുപിതാക്കന്മാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ

ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സീറോമലബാർ സഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാ സിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**നിയമനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായമെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാപദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**അംഗീകാരം**

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവത്തോടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ്ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2022 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 3628 /K-5/KCBC/OL/DS 20.01.2022

# 2022 ഫെബ്രുവരി 13 തിരുബാലസഖ്യദിനം

## കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

Circular - Holy

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് 1843-ൽ തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും, 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാല സഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

### സിനഡും കുട്ടികളും

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കപ്രക്രിയ വളരെ വിപുലമായ രീതിയിൽ നടക്കുന്ന ദിനങ്ങളാണിത്. ''സിനഡാത്മകസഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം'' എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി ഓരോ പ്രാദേശികസഭയും കൂടിയാലോചനകൾ നടത്തുന്ന ഈ അവസരത്തിൽ ഈ സിനഡൽ പ്രക്രിയയിൽ കുട്ടികളുടെ മൂല്യവും പങ്കും തിരിച്ചറിയേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

സിനഡാത്മകപ്രക്രിയയിൽ പങ്കുകാരാകാൻ ജ്ഞാനസ്നാനം സ്വീകരിച്ച സകലരെയും പാപ്പ ക്ഷണിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച മുഴുവൻ ദൈവജനത്തെയും ശ്രവിച്ചുകൊണ്ടുള്ള കൂടിയാലോചന നടത്തുകയെന്നതാണ് രൂപതാതലത്തിന്റെ ഉദ്ദേശ്യം. പുറന്തള്ള

പ്പെടാൻ സാധ്യതയുള്ളവരായവരെ-സ്ത്രീകൾ, ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, പ്രായമേറിയവർ, ദാരിദ്ര്യത്തിൽ ജീവിക്കുന്നവർ, അപൂർവ്വമായി മാത്രമോ നാമമാത്രമായോ വിശ്വാസജീവിതമുള്ള കത്തോലിക്കർ തുടങ്ങിയവരെ-പങ്കെടുപ്പിക്കാൻ പ്രത്യേകശ്രദ്ധ പുലർത്തണം എന്നും കുട്ടികളെയും യുവജനങ്ങളെയും പങ്കെടുപ്പിക്കുന്നതിന് സർഗാത്മകമായ വഴികൾ കണ്ടെത്തണം എന്നും സിനഡിന്റെ ആമുഖരേഖയിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണമായിട്ടാണ് സിനഡാത്മക പ്രക്രിയ അവതരിപ്പിക്കപ്പെടുന്നത്. പരസ്പരം ശ്രവിക്കലും വിവേചിച്ചറിയലും പങ്കാളിത്തവുമാണ് ഇതിന്റെ മുഖമുദ്ര. സിനഡൽ പ്രക്രിയയുടെ രീതി പരസ്പരം ശ്രവിക്കുക എന്നതാണെങ്കിൽ, അതിന്റെ ലക്ഷ്യം ദൈവികസ്വരം തിരിച്ചറിയുകയാണ്; അതിനുള്ള മാർഗ്ഗം എല്ലാവരുടെയും പങ്കാളിത്തമാണ്. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമുള്ളവരെ ശ്രവിക്കുമ്പോഴാണ് നമ്മുടെ ചിന്തകൾക്കും തീരുമാനങ്ങൾക്കും ആഴവും വിശാലതയും കൈവരുക. എല്ലാത്തരത്തിലുമുള്ളവരുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണിത് സൂചിപ്പിക്കുന്നത്. ഒരുപക്ഷേ നമ്മൾ നിസ്സാരരെന്ന് കരുതുന്നവരിലൂടെയാകും ദൈവം നമ്മോട് സംസാരിക്കുക. ഇവിടെയാണ് കുട്ടികളുടെയും യുവാക്കളുടെയും പ്രാധാന്യം.

പരസ്പരം ഉള്ളുതുറന്ന് സംസാരിച്ചും ശ്രവിച്ചും ഒരുമിച്ച് മുന്നോട്ടുപോകുന്നതിലൂടെയാണ് ഒരു സിനഡൽ അനുഭവം നമുക്ക് ലഭിക്കുക. ഇത് നമ്മുടെ കുടുംബങ്ങളിൽ ആദ്യം നടക്കണം. കുട്ടികൾക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും സംസാരിക്കാൻ അവസരം കൊടുക്കുകയും അവരെ എളിമയോടെ ശ്രവിക്കാൻ മുതിർന്നവർ തയ്യാറാവുകയും വേണം. മുൻവിധികളില്ലാതെ അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാനും നമുക്ക് കഴിയണം. അതുപോലെതന്നെ കുട്ടികളും തങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശ്രവിക്കുവാൻ ഔദാര്യം കാണിക്കണം. കുട്ടികൾ എന്ന നിലയിൽ നല്കുന്ന പരിഗണനകളും പ്രത്യേക സ്വാതന്ത്ര്യവും ദുരുപയോഗിക്കുവാൻ പാടുള്ളതല്ല. നമ്മുടെ മാതാപിതാക്കളെയോ കുടുംബാംഗങ്ങളെയോ മുൾമുനയിൽ നിർത്തുന്ന ഒന്നും ദൈവപൈതലിന് ചേരാത്തതാണ്. ഇന്നലെകളിൽ കണ്ടുമുട്ടിയ ചിലരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി മാതാപിതാക്കളെ തള്ളിപ്പറയുന്ന അവസ്ഥ ഏറെ സങ്കടകരമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് ചെറിയ ചെറിയ

ദൗത്യങ്ങൾ കുട്ടികളെ ഏല്പിച്ച് അവരെ പങ്കാളിത്തമനോഭാവത്തിൽ വളർത്തണം. അങ്ങനെ ത്യാഗപൂർണമായ മനസ്സോടെ മറ്റുള്ളവരിലേക്ക് ശുശ്രൂഷയ്ക്കായി ഇറങ്ങിച്ചെല്ലാനുള്ള പ്രേഷിതമനോഭാവം അവരിൽ വളർത്താൻ കഴിയും.

### ദൈവവിളി പ്രോത്സാഹനം

ഈ കൊറോണക്കാലത്ത് ദൈവവിളി പ്രോത്സാഹനത്തിനുള്ള സാധാരണ മാർഗ്ഗങ്ങളായ ദൈവവിളി ക്യാമ്പുകളും ഗൃഹസന്ദർശനവും നടത്താൻ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് മാതാപിതാക്കളും മതാദ്ധ്യാപകരും സാധിക്കുന്ന രീതിയിൽ ദൈവവിളി പ്രോത്സാഹനത്തിന് മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള കുട്ടികളുടെ ആഭിമുഖ്യങ്ങളെ തിരിച്ചറിയുകയും ആവശ്യമായ പ്രോത്സാഹനം നല്കി ദൈവപദ്ധതിക്ക് കീഴ്പ്പെടുന്നതാണ് അനുഗ്രഹം. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്" എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ," എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

### തിരുബാലസഖ്യത്തിന്റെ പ്രാധാന്യം

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽപോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും ഈ മഹാമാരിക്കാലത്തെ പ്രത്യേക സാഹചര്യങ്ങളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസപൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ

ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ, നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യ ത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികൾ ദൈവത്തിലേക്ക് അടു ക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായി ക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

''കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ. കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ'' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംര ക്ഷണത്തിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യ കമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണത്തിൽ കുട്ടി കളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യം പ്രവർത്തിക്കു ന്നു. നമ്മുടെ ഇടവകയിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാ ബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായിത്തീരണമെന്നാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠി ക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭ യോടും ചേർന്ന് നിൽക്കുവാൻ പ്രേരിപ്പിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്ത മാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടി കൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആച രിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറ്റേണ്ട ആവശ്യ കതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്ര ത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേ വർക്കും കഴിയണം. അനുദിനം ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളി ച്ചത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നട ത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും ലഹരിയും വളരുന്ന ഈ കാലഘട്ടത്തിൽ സഹവർത്തിത്ത്വത്തിന്റെ പാതയിലൂടെ ചരി ക്കാനും വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും കുട്ടികളെ നമുക്ക് സഹായിക്കാം.

പ്രിയ മക്കളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞങ്ങൾ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം കൊച്ചി- 682 025

---

NB: 2022 ഫെബ്രുവരി 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Ref: 3630 /K-5/KCBC/OL/DS 17.01.2022

# മുപ്പതാമത് ലോക രോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

**ഫെബ്രുവരി 11, 2022**

''*നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ''* (ലൂക്കാ 6:36).

ഉപവിയുടെ പാതയിലായിരുന്നുകൊണ്ട് സഹിക്കുന്നവരുടെ ചാരെ നില്ക്കുക.

പ്രിയ സഹോദരീസഹോദരന്മാരേ,

മുപ്പതുവർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്.

ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെകുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നല്കുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിന്റെ ഉപസംഹാരച്ചടങ്ങ്, കോവിഡ്-19 മഹാമാരിമൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെകിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടക്കുന്നത്.

## 1. പിതാവിനെപ്പോലെ കരുണാമയൻ

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന, "നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരി ക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന പ്രമേയം "കരുണാസമ്പന്നനായ" (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തന്റെ മക്കൾ തന്നിൽനിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിന്റെ സ്നേഹ ത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ഉചിതമായ പേര് കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിന്റെ സ്വഭാവ ത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാസന്നിഹിതമായിരിക്കുന്ന, ഒരു സജീവഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിന്റെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിന്റേതായ ശക്തിയോടെയും മാതാവിന്റേതായ ആർദ്രത യോടെയും ദൈവം നമ്മോടു കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

## 2. യേശു, പിതാവിന്റെ കരുണാഭാവം

രോഗികളോടുള്ള പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉത്തമസാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണി ക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസംഗിക്കാനായി തന്റെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിന്റെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

ഇരുപതാം നൂറ്റാണ്ടിലെ ഒരു തത്ത്വചിന്തകൻ ഇതിന് ഇപ്രകാര മൊരു ഉത്തരം നല്കുന്നു: "വേദന ഒരാളെ പൂർണമായും ഒറ്റപ്പെടു

ത്തുന്നു. പരമമായ ആ ഒറ്റപ്പെടൽ അപരനിലേക്കു സഹായമഭ്യർത്ഥി ക്കാൻ, അപരനെ വിളിക്കാൻ കാരണമാകുന്നു.'' വ്യക്തികൾ രോഗംമൂലം തങ്ങളുടെ ശരീരത്തിൽ ബലഹീനതയും വേദനയും അനുഭവിക്കുമ്പോൾ അവരുടെ ഹൃദയം ഭാരമുള്ളതാകുന്നു, ഭയം വർദ്ധിക്കുന്നു, അനിശ്ചിതത്വങ്ങൾ പെരുകുന്നു, അവരുടെ ജീവിതങ്ങളിൽ സംഭവിക്കുന്നവയുടെ അർഥംതേടൽ അടിയന്തിര പ്രാധാന്യം അർഹിക്കുന്നതായി മാറുന്നു. മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഈ ലോകജീവിതത്തിന്റെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട വരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ - അവർ തീവ്രപരിചരണവിഭാഗത്ത് വിശാലമനസ്കരായ ആരോഗ്യപ്ര വർത്തകരുടെ സഹായത്തോടെയാണു ചെലവിട്ടതെങ്കിലും - നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിന്റെ കരുണാഭാവമായിരുന്ന യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വനത്തിന്റെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കുകയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

### 3. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കൽ

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെ ട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെലവഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവുംകൊണ്ടും രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിന്റെ പരിധിക്കുപരി ഒരു പ്രേഷിതദൗത്യ മായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിന്റെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിന്റെ വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്തരവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പുരോഗതിയെ ഓർത്ത് നമുക്കു കർത്താവിനു

കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികത്സകൾ തയ്യാറാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോഗിയുടെയും വ്യതിരിക്തതയും അവന്റെയും അവളുടെയും മാഹാത്മ്യവും ബലഹീനതകളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്തരുത്. രോഗത്തെക്കാൾ പ്രധാനം രോഗികളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് അവന്റെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠങ്ങളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികത്സാസമീപനവും പിന്നാക്കം പോകാൻ പാടില്ല. സുഖപ്പെടുത്തൽ അസാധ്യമായിരുന്നാൽപ്പോലും, ശുശ്രൂഷയുടെയും സാന്ത്വനത്തിന്റെയും സാമീപ്യത്തിന്റെയും അനുഭവം പകരാൻ എപ്പോഴും സാധ്യമാണ്. രോഗത്തെക്കാൾ തന്നെ പരിഗണിക്കുന്നു എന്ന അനുഭവമായിരിക്കണം രോഗിക്കു ലഭിക്കേണ്ടത്. അതിനാൽ ആരോഗ്യപ്രവർത്തകർക്കു നല്കുന്ന പരിശീലനം മറ്റുള്ളവരെ ശ്രവിക്കുന്നതിനും മറ്റുള്ളവരോടു ബന്ധപ്പെടുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതായിരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

### 4. ശുശ്രൂഷാകേന്ദ്രങ്ങൾ "കരുണയുടെ ഭവനങ്ങൾ" ആകുമ്പോൾ

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം. രോഗികളോട് കരുണ പ്രദർശിപ്പിക്കുന്നതിന്റെ ഭാഗമായി അസംഖ്യം ''നല്ല സമറിയാക്കാരന്റെ സത്രങ്ങൾ'' തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേരിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്രത്താലും സാമൂഹ്യബഹിഷ്കരണത്താലും ചില രോഗങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിന്റെ വിലകൊടുക്കുന്നവർ. പിതാവിനെപ്പോലെ അനുകമ്പാർദ്രരായിരുന്നുകൊണ്ട് അസംഖ്യം മിഷനറിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി ആശുപത്രികളും ചികത്സാലയങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യമായ ഉപാധികളാണിവ. ക്രിസ്തുശിഷ്യർ

സാക്ഷ്യപ്പെടുത്തിയ ക്രിസ്തുസ്നേഹം കൂടുതൽ വിശ്വസനീയമായത് അവ വഴിയാണ്. നമ്മുടെ ഈ ഭൂമിയുടെ ഏറ്റവും ദരിദ്രമായ ഭാഗങ്ങളിൽ വസിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്; പരിമിതമായ സൗകര്യങ്ങൾ മാത്രം നല്കാൻ സാധിക്കുന്ന ചികത്സാകേന്ദ്രങ്ങൾ അന്വേഷിച്ച് അവർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ആകയാൽ, നമുക്ക് ഇനിയും ഒരുപാട് ദൂരം യാത്ര ചെയ്യാനുണ്ട്! ചില രാജ്യങ്ങളിൽ ശരിയായ രോഗീപരിചരണം അപ്രാപ്യമായ ഒരു ആഡംബരമാണ്. ദരിദ്രരാഷ്ട്രങ്ങളിൽ കോവിഡ്-19ന് എതിരേയുള്ള കുത്തിവയ്പു സാധ്യതയുടെ ദൗർലഭ്യം ഇതിന് ഒരുദാഹരണമാണ്. എന്നാൽ അതിലുപരി, ലളിതമായ മരുന്നുകൾകൊണ്ട് ചികത്സിക്കാവുന്ന രോഗങ്ങൾക്കുപോലും അവിടെ പ്രതിവിധിയില്ല!

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെടേണ്ടതും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങളോടും സഭ തന്റെ സാമീപ്യം അറിയിച്ചിട്ടുള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെയ്തിട്ടില്ലാത്ത സഹോദരീസഹോദരന്മാരുടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുകയും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകുടുംബങ്ങളുടെ സ്ഥാപകരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? ഇന്ന് ഏറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും ഇപ്രകാരമുള്ള സമൂഹങ്ങളുടെ സാന്നിധ്യം ഒരു അനുഗ്രഹമാണ്. കാരണം, ശരീരത്തെ ആവശ്യകമായ പ്രാഗത്ഭ്യത്തോടെ പരിചരിക്കുന്നതോടൊപ്പം അവർ ഉപവിയുടേതായ സമ്മാനവും നല്കുന്നു. അതായത്, അവർ രോഗികളായ വ്യക്തികളെത്തന്നെയും അവരുടെ കുടുംബങ്ങളെയും ഉന്നംവച്ചു പ്രവർത്തിക്കുന്നു. "പ്രയോജനരഹിതത്വത്തിന്റെ സംസ്കാരം" (culture of waste) വ്യാപകമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെടേണ്ടതും ജീവിക്കേണ്ടതും ആണെന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ, "ദയാഭവനങ്ങൾ" പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും - അതും ഏറ്റവും ബലഹീനമായ ജീവിതം അതിന്റെ ആരംഭംമുതൽ സാധാരണയായുള്ള അവസാനംവരെ - മാതൃകാപരമായവയാണ്.

### 5. അജപാലന കരുണ: സാന്നിധ്യവും സാമീപ്യവും

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യപരിചരണം അനിവാര്യമായ ഒരു ശുശ്രൂഷയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ-ആരോഗ്യത്തിൽ ദരിദ്രരായ രോഗികളുൾപ്പെടെയുള്ളവർ-അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാത്മികമായി അവരോടുള്ള ശ്രദ്ധക്കുറവാണ്. അതിനാൽ ദൈവത്തിന്റെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാവാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു: കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീപ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം തന്റെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? “ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു” (മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിന്റെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളെയും അവരുടെ കുടുംബങ്ങളെയും “രോഗികളുടെ ആരോഗ്യമായ” മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിന്റെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർഥവും ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട് രോഗികളോട് ഉത്തമമായ പരിചരണവും അതോടൊപ്പം സാഹോദരതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.

എല്ലാവർക്കും ഞാൻ ഹാർദമായി എന്റെ അപ്പസ്തോലിക ആശീർവാദം നല്കുന്നു.

**ഫ്രാൻസിസ് പാപ്പാ**

റോം, വിശുദ്ധ ജോൺ ലാറ്ററൻ ദൈവാലയം

10 ഡിസംബർ 2021

ലൊറേറ്റോയിലെ മാതാവിന്റെ സ്മരണാദിനം

Ref: 3627 /K-5/KCBC/OL/DS 19.01.2022

# കേരള സഭാനവീകരണം 2022-2025
# കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ ഒരുക്കത്തിന്റെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ്മയുടെയും സമവായത്തിന്റെയും പുതിയനാളുകൾ സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭയിലാകമാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെത്തിച്ചേർന്നു. കോവിഡുകാലം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിന്റെയും ശക്തീകരണത്തിന്റെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

## സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

കേരളസഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം "സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസുകാർക്കെഴുതിയ ലേഖനം 2:20-22 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു:

"അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

ദൈവത്തിന്റെ ഭവനവും ക്രിസ്തുവിന്റെ ശരീരവും യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നുചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ മൗതികശരീരവും ദൈവത്തിന്റെ ഭവനവുമായി പരി. ആത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്രചെയ്തിട്ടുള്ളത്. പരിശുദ്ധാത്മ പ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

## എന്റെ സഭ, എന്റെ ഭവനം

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരും (എഫേ 1:4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിന്റെ രണ്ടാമത്തെ വരവിന് സാക്ഷ്യംവഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏക ശരീരമായിത്തീരുന്നു (1 കോറി 12:12-26) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം "യേശുക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ" (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന ബോധ്യമുണ്ടാകണം. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തി സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തുവിശ്വാസിയുടെ

വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ അഥവാ എന്റെ കുടുംബം എന്ന നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതുസമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

**നവീകരണമേഖലകളും പ്രക്രിയകളും**

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. സഭാ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, 'സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായതും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നില്ക്കണം

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്കവിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ പ്രേഷിത ചൈതന്യത്തിൽ വളർന്നുവരാനും സഹായിക്കുന്ന വിധമാകണം വിശ്വാസപരിശീലനം.

വൈദിക-സന്ന്യസ്ത-അല്മായ-യുവജന പരിശീലന മേഖലകളും അപ്രകാരം തന്നെയാകണം.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ 'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. ദൈവവചനപ്രഘോഷണം കൂദാശകളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (1കോറി 5:14) എന്ന പൗലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപോന്നിട്ടുള്ളത്.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്.

ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിലും സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ

സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം. ഓരോരുത്തരുടെയും വിളിക്കനുസൃതമായ ശുശ്രൂഷയുടെ അരൂപിയിൽ സഭാംഗങ്ങളുടെ കൂട്ടായഉത്തരവാദിത്തം വളർത്തപ്പെടണം. ഇതര മതങ്ങളോടും ഇതര സമുദായങ്ങളോടും സഭ എന്നും പുലർത്തിപോന്നിട്ടുള്ള സാഹോദര്യത്തിന്റെയും സംവാദത്തിന്റെയും ശൈലികൾ കൂടുതൽ പരിപോഷിപ്പിക്കപ്പെടണം. അങ്ങനെ കേരളസഭയിൽ ആരംഭിക്കുന്ന ഈ നവീകരണ കാലഘട്ടം കൂടുതൽ ഊർജസ്വലതയോടെ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമ്മെ ശക്തരാക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

---

NB: 2022 ഫെബ്രുവരി 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.




**1. ബഹു. വൈദികരുടെ** സ്ഥലം മാറ്റവും നിയമനവും (05-02-2022)

ഫാ. ആനചാരിൽ ജോസഫ് - വികാരി, പൊട്ടൻപ്ലാവ്
,, ഇളംപുരയിടത്തിൽ ജോസഫ് - ഭാഷാപഠനം
,, കീഴുതറ ജോർജ് - വികാരി, കാഞ്ഞിരടുക്കം
,, മണവത്ത് തോമസ് - അസി. ഡയറക്ടർ, കരുവഞ്ചാൽ ഹോസ്പിറ്റൽ
,, മഞ്ഞക്കുന്നേൽ മൈക്കിൾ - പ്രോ-വികാരി, അടോട്ടുകയ, പുല്ലടി
,, ഓരത്തേൽ ജോസഫ് - വികാരി, കരയത്തുംചാൽ
,, പുള്ളോലിൽ തോമസ് - ഭാഷാപഠനം
,, വെള്ളൂർപുത്തൻപുരയിൽ തോമസ് - പ്രോ-വികാരി, പുഞ്ച
,, വെട്ടിയാനിക്കൽ ആന്റണി - അസോ. ഡയറക്ടർ, മദർഹോം

## അസിസ്റ്റന്റ് വികാരിമാർ

ഫാ. ആനക്കല്ലിൽ ജോസഫ് - പൈസക്കരി
,, അരീക്കാട്ട് പയസ് - തോമാപുരം
,, ചക്കാംകുന്നേൽ അഗസ്റ്റ്യൻ - പേരാവൂർ
,, ചെരിയംകുന്നേൽ ജോസഫ് - തളിപ്പറമ്പ്
,, ഇലഞ്ഞിപറമ്പിൽ ജെയിംസ് - ആലക്കോട്
,, കുടിലിൽ മാത്യു - നെല്ലിക്കാംപൊയിൽ
,, പടിഞ്ഞാറയിൽ ജേക്കബ് - ചെറുപുഴ
,, ഐക്കരപറമ്പിൽ ജോസഫ് - വെളിമാനം
,, കടക്കുഴയിൽ ജൂഡ് - വെള്ളാട്
,, കളത്തിൽ തോമസ് - പുലിക്കുരുമ്പ
,, മടപ്പാൻതോട്ടുകുന്നേൽ ജോസഫ് - മേരിഗിരി
,, മരശ്ശേരി തോമസ് - കിളിയന്തറ
,, മറ്റക്കോട്ടിൽ ആന്റണി - പടുപ്പ്
,, മുണ്ടൻകുന്നേൽ ജോർജ് - കുടിയാന്മല
,, പന്തല്ലൂപറമ്പിൽ കുര്യാക്കോസ് - ചെമ്പന്തൊട്ടി
,, പരിയാനിക്കൽ മാത്യു - എടൂർ

| | | |
|---|---|---|
| ,, | പുതുമന ജോസഫ് | - പാണത്തൂർ |
| ,, | വട്ടംകാട്ടേൽ തോമസ് | - ചെമ്പേരി |
| ,, | നടുവത്തേട്ട് ദേവസ്യ O Prem | - ഉദയഗിരി |
| ,, | കിടങ്ങേത്ത് സെബാസ്റ്റ്യൻ O Prem | - കരുണാപുരം |
| ,, | മാമ്പുഴയ്ക്കൽ റൂബിൾ മാർട്ടിൻ SJ | - കരിക്കോട്ടക്കരി |
| ,, | കൈതയ്ക്കൽ ജോസഫ് MCBS | - മണ്ടളം |
| ,, | ചിലമ്പിക്കുന്നേൽ ജോസഫ് MCBS | - കൊളക്കാട് |
| ,, | ഉതുപ്പാശ്ശേരി ബിപിൻ MSFS | - കുട്ടാപറമ്പ |
| ,, | വഴക്കുഴ എബിൻ O Carm. | - പേരാവൂർ II |

## 2. നന്ദി, സ്വാഗതം

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ ഹ്രസ്വകാലം സഹ വികാരിമാരായി ശുശ്രൂഷ ചെയ്തശേഷം സ്വന്തം രൂപതകളിലേക്കും സന്യാസസമൂഹങ്ങളിലേക്കും തിരികെ പോകുന്ന ബഹുമാനപ്പെട്ട ഫാ. തോമസ് ഇളംപുരയിടത്തിൽ (പൈസക്കരി), ഫാ. മാത്യു പാലയ്ക്കൽ എം.എസ്. (മണ്ടളം), ഫാ. ജോസഫ് മാഞ്ചിറയിൽ എം.എസ്. (കുടിയാന്മല), ഫാ. മാത്യു മംഗലത്തിൽ സി.എസ്.ടി. (ചെറുപുഴ), ഫാ. ജോസ് കാഞ്ഞിരത്തിങ്കൽ ഒ.എഫ്.എം ക്യാപ്, (കൊളക്കാട്) ഫാ. ജോസഫ് കൊച്ചീലാത്ത് ഒ.എഫ്.എം. ക്യാപ് (പൊട്ടംപ്ലാവ്) എന്നിവർക്ക് തലശ്ശേരി അതിരൂപതയുടെ ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു.

പുതിയതായി ഇടവകശുശ്രൂഷയ്ക്ക് കടന്നുവരുന്ന ഫാ. ദേവസ്യ നടുവത്തേട്ട് O Prem , ഫാ. സെബാസ്റ്റ്യൻ കിടങ്ങേത്ത് O Prem , ഫാ. റൂബിൾ മാർട്ടിൻ മാമ്പുഴയ്ക്കൽ എസ്.ജെ., ഫാ. ജോസഫ് കൈതയ്ക്കൽ MCBS , ഫാ. ജോസഫ് ചിലമ്പിക്കുന്നേൽ MCBS , ഫാ. ബിബിൻ ഉതുപ്പാശ്ശേരി MSFS , ഫാ. എബിൻ വഴക്കുഴ O Carm. എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

## 3. പ്രെസ്ബിറ്ററൽ കൗൺസിൽ യോഗം

തലശ്ശേരി അതിരൂപതാ വൈദികസമിതിയുടെ ഒരു യോഗം 2022 ഫെബ്രുവരി 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

## 4. പാസ്റ്ററൽ കൗൺസിൽ യോഗം

അതിരൂപതാ അജപാലനസമിതിയുടെ ഒരു അടിയന്തിരയോഗം 2022

ഫെബ്രുവരി 10 വ്യാഴാഴ്ച വൈകുന്നേരം 8 മണി മുതൽ 9.30 വരെ ഓൺലൈനായി നടത്തപ്പെടുന്നു. പുതിയ മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കുന്നതിനാണ് ഈ യോഗം. എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു. മീറ്റിങ്ങിനായുള്ള ലിങ്ക് അംഗങ്ങൾക്ക് അയച്ചു തരുന്നതാണ്.

## 5. സുപ്പീരിയർമാരുടെ സമ്മേളനം

2022 ഫെബ്രുവരി 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ 1 മണി വരെ സന്യാസസമൂഹങ്ങളുടെ സുപ്പീരിയർമാരുടെ യോഗം സന്ദേശഭവനിൽ ചേരുന്നു. ഈ യോഗത്തിൽ തലശ്ശേരി അതിരൂപതാതിർത്തിക്കുള്ളിൽ പ്രൊവിൻഷ്യൽ ഹൗസുകൾ ഉള്ള സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽമാരും ഓരോ കൗൺസിലേഴ്സും മറ്റ് സന്യാസസമൂഹങ്ങളിൽ നിന്ന് ഓരോ പ്രതിനിധികൾ വീതവും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 6. നോമ്പുകാലം

അമ്പത് നോമ്പ് ഫെബ്രുവരി 27-ാം തീയതി ആരംഭിക്കുകയാണല്ലോ. നോമ്പുകാലത്ത് വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു. മറ്റ് ചടങ്ങുകളും നോമ്പിന്റെ ലാളിത്യത്തിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ.

## 7. ലോക രോഗീദിനം - ഫെബ്രുവരി 11

ലോക രോഗീദിനമായി ആചരിക്കുന്ന ഫെബ്രുവരി 11-ാം തീയതി എല്ലാ ഇടവകകളിലും രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന, കിടപ്പുരോഗികളെ സന്ദർശിക്കുക തുടങ്ങിയ പരിപാടികളോടെ സമുചിതമായി അനുസ്മരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 8. തിരുബാലസഖ്യദിനം - ഫെബ്രുവരി 13

ഈ വർഷം ഫെബ്രുവരി 13-ാം തീയതിയാണ് തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. ഉചിതമായ പരിപാടികളോടെ തിരുബാലസഖ്യദിനം ആചരിക്കുമല്ലോ അന്നേ ദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## 9. പുതിയ ഫോൺ നമ്പറുകളും അഡ്രസ്സുകളും

1. ഫാ. എബിൻ മടപ്പാന്തോട്ടുകുന്നേൽ - 8078226426
2. ഫാ. ക്രിസ് കടക്കുഴയിൽ - 8547724795

3. ഫാ. ജിബിൻ വട്ടംകാട്ടേൽ - 9747961183
4. ഫാ. ജെറിൻ പന്തല്ലൂപ്പറമ്പിൽ - 8943418997
5. ഫാ. ജോബിൻ പുതുമന - 9495221586
6. ഫാ. ജിബിൻ മുണ്ടൻകുന്നേൽ - 8547396747
7. ഫാ. ജെറിൻ മരശ്ശേരി - 8281913180
8. ഫാ. റിഖിൽ മറ്റക്കോട്ടിൽ - 6282564992
9. ഫാ. ലിഖിൽ ഐക്കരപ്പറമ്പിൽ - 8304916897
10. ഫാ. ജിതിൻ കളത്തിൽ - 7067625028
11. ഫാ. റോബിൻ പരിയാനിക്കൽ - 8330879309

**ഉപരിപഠനത്തിന് പോയ വൈദികരുടെ മേൽവിലാസങ്ങൾ ചുവടെ ചേർക്കുന്നു**

1. Don Thomas Shinu
   Parrochia San Giuseppe, Lavoratore, Piazza San Giuseppe
   04100 Latina, Italy, Mob: 0039 3347515561
   New e-mail : fsthomasn @gmail.con
2. Don Manu Mappilaparambil
   Domus Marthoma, Procura della Chiesa Siro- Malabarese,
   Via degli Estensi 137, 00164 Roma, ITALY

## 10. പുതിയ സന്യാസഭവനം

ലാസലൈറ്റ് സന്യാസസമൂഹത്തിന്റെ പുതിയ ഒരു ശാഖാഭവനം ചെമ്പേരി ഇടവകാതിർത്തിയിൽ ആരംഭിച്ചിരിക്കുന്നു.

Lasalite Maria Bhavan
Edamana
Chempari P.O. 670632
Mob: 9947808382

## 11. അഭിവന്ദ്യ പിതാക്കന്മാരുടെ പ്രോഗ്രാമുകൾ


അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും പ്രോഗ്രാമുകൾ സംബന്ധിച്ച കാര്യങ്ങൾക്ക് സെക്രട്ടറി ഫാ. ജേക്കബ് വട്ടുകളവുമായി ബന്ധപ്പെടുക. മൊബൈൽ നമ്പർ : 94 00 10 57 34

## 12. ആദരാഞ്ജലികൾ

**സി. അജിത എസ്.എം.എസ്. (54):** സ്നേഹഗിരി സന്യാസസമൂഹത്തിന്റെ തലശ്ശേരി പ്രൊവിൻസ് അംഗം സി. അജിത എസ്.എം.എസ്. 2022 ജനുവരി 13ന് പരിയാരം സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായി. ഉജ്ജൈൻ മിഷനിലായിരുന്നു കൂടുതൽകാലവും ശുശ്രൂഷ ചെയ്തത്. കിഡ്നി രോഗത്തെത്തുടർന്ന് വിശ്രമത്തിലായിരുന്നു. മൃതസംസ്ക്കാരം 15-01-2022ന് പുളിങ്ങോം സെന്റ് ജോസഫ്സ് പള്ളിയിൽ നടന്നു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ സംസ്ക്കാരശുശ്രൂഷകൾക്ക് നേതൃത്വം നല്കി. സിസ്റ്ററിനെ ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



**ബ്രദർ ബോർജിയോ അണ്ണാത്തുകുഴി സി.എസ്.ടി. (82):** സി.എസ്.ടി. സന്യാസസമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറലും ശ്രീകണ്ഠാപുരം പൊടിക്കളം മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സ്ഥാപക മാനേജരുമായിരുന്ന ബ്ര. ബോർജിയോ സി.എസ്.ടി. 2022 ജനുവരി 13ന് നിര്യാതനായി. അദ്ദേഹം ഏതാനും വർഷങ്ങൾ തലശ്ശേരി ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിനോടൊപ്പം ഉണ്ടായിരുന്നു. മൃതസംസ്ക്കാരം 2022 ജനുവരി 14ന് മൂക്കന്നൂർ ലിറ്റിൽ ഫ്ളവർ ആശ്രമത്തിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് ആദരാഞ്ജലികളർപ്പിച്ച് പ്രാർത്ഥിച്ചു. ബ്രദറിനെ ദൈവം നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



**സി. ഹൈസിന്ത് മടപ്പള്ളിൽ എസ്.എച്ച്. (91):** തിരുഹൃദയസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായിരുന്ന സി. ഹൈസിന്ത് മടപ്പള്ളിൽ എസ് എച്ച് (91) 2022 ജനുവരി 15 ന് നിര്യാതയായി. മൃതസംസ്ക്കാരം ജനുവരി 16 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തി. അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവ് സഹകാർമ്മികനായിരുന്നു. പരേത പാലാ ളാലം പള്ളി ഇടവകയിൽ നിന്നും തൊടുപുഴ കലയന്താനിയിലേയ്ക്ക്



കുടിയേറിപാർത്ത മടപ്പള്ളിൽ കുര്യാക്കോസ്-ഏലി ദമ്പതികളുടെ മകളാണ്. 1956 ജൂൺ 7 ന് അവിഭക്ത തലശ്ശേരി രൂപതയിലെ 3-ാമത്തെ തിരുഹൃദയ മഠം പേരാവൂരിൽ തുടങ്ങുന്നതിനുവേണ്ടി പാലായിൽനിന്നും മറ്റ് 3 സഹോദരിമാർക്കൊപ്പം അയയ്ക്കപ്പെട്ടു. സന്യാസാർത്ഥിനികളുടെ പരിശീലക, മലബാറിലെ തിരുഹൃദയസമൂഹത്തിന്റെ റീജിയണൽ സുപ്പീരിയർ, റീജിയണൽ കൗൺസിലർ, പേരാവൂർ, കൊളക്കാട്, കുളത്തുവയൽ, വായാട്ടുപറമ്പ്, തൊക്കിലങ്ങാടി, നൊവിഷ്യേറ്റ് ഹൗസ്, നിർമ്മലഭവൻ എന്നീ മഠങ്ങളിലെ സുപ്പീരിയർ എന്നീ നിലകളിലും പൈസക്കരി, കൊളക്കാട്, എന്നീ ഇടവകകളിൽ ഭവനാംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2006 മുതൽ തൊക്കിലങ്ങാടി എസ് എച്ച് കോൺവെന്റിൽ അംഗമായിരുന്ന സി. ഹൈസിന്ത് 2014 ൽ ഒരു വീഴ്ചയെ തുടർന്ന് സാരമായി പരിക്കേറ്റ് വിശ്രമജീവിതം നയിക്കുകയായിരുന്നു. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.

## 12. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ - 01-02-2016
2. റവ. ഫാ. സക്കറിയാസ് കട്ടക്കൽ - 05-02-2020
3. റവ. ഫാ. തോമസ് മറ്റപ്പള്ളിൽ - 10-02-1987
4. റവ. ഫാ. പോൾ കളപ്പുര - 11-02-1998
5. റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ - 17-02-1973
6. റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ - 20-02-1983
7. റവ. ഫാ. പോൾ വെട്ടിക്കനാക്കുടി - 22-02-1960
8. റവ. ഫാ. മാത്യു മുതിരചിന്തിയിൽ - 24-02-2011
9. റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ - 25-02-1981
10. റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ - 25-02-1989
11. റവ. ഫാ. ജോസഫ് പുത്തൻപുര - 27-02-1998
12. റവ. ഫാ. തോമസ് നടയിൽ - 28-02-2020

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. ഡിപ്ലോമ പരീക്ഷ - നന്ദി

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ നടത്തി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച ബഹു. അച്ചൻമാർക്കും പ്രധാനാധ്യാപകർക്കും സൂപ്പർവൈസർമാർക്കും ക്ലാസ്സ് അധ്യാപകർക്കും അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

## 2. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 3. ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗ് - നന്ദി

ജനുവരി 21 മുതൽ 24 വരെയുള്ള തീയതികളിൽ 16 ഫൊറോനകളിലെയും പ്രധാനധ്യാപകരുടെ മീറ്റിംഗ് നടത്തി. അന്നേദിവസം ഡിപ്ലോമപരീക്ഷയുടെ ചോദ്യപേപ്പർ വിതരണം ചെയ്തു. സഹകരിച്ച എല്ലാ പ്രധാനധ്യാപകർക്കും നന്ദി.

## 4. Mission Quest 2022

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മിഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കും നടത്തിയ മിഷൻ ക്വിസ്മത്സരത്തിൽ അതിരൂപതയിൽ നിന്നും അഞ്ഞൂറോളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. തലശ്ശേരി അതിരൂപതയിൽ നിന്നും കുട്ടികളുടെ വിഭാഗത്തിൽ ക്ലെയർ മരിയ ആനാനിഉറുമ്പേൽ മാലോം, ബെൻ ജോസഫ് ബോബി ഇല്ലിമൂട്ടിൽ ചെട്ടിയാംപറമ്പ്, ഇവാഞ്ചലിൻ പ്രവീൺ പടിഞ്ഞാറ്റുംമുറി അങ്ങാടിക്കടവ് എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി. മുതിർന്നവരുടെ വിഭാഗത്തിൽ വത്സമ്മ സോബി കൂവത്തോട്ട് വെളിമാനം, സി. ആൻസ്മരിയ എസ്.എം.എസ് അട്ടക്കണ്ടം, ബീന ബോബി ഇല്ലിമൂട്ടിൽ ചെട്ടിയാംപറമ്പ് എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി.

### 5. വിശ്വാസോത്സവം 2022

വിശ്വാസോത്സവം നടത്തുന്ന തീയതി മാർച്ച് മാസത്തെ ഗിരിദീപത്തിൽ നൽകുന്നതാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഇനിയും നൽകാത്തവർ എത്രയും പെട്ടെന്ന് തന്നെ ഓഫീസിലേക്ക് അയക്കേണ്ടതാണ്. ഒന്നു മുതൽ പതിനൊന്നുവരെ ക്ലാസ്സുകളിലെ കുട്ടികളുടെ വർക്കുബുക്കിന്റെ വില 25 രൂപയായിരിക്കും.

**6. വാർഷികപരീക്ഷ I - XI :** വാർഷിക പരീക്ഷ നടത്തുന്ന തീയതി മാർച്ച് മാസത്തെ ഗിരിദീപത്തിൽ നൽകുന്നതാണ്.

### 7. ASPCT പരീക്ഷ – ഫെബ്രുവരി 6 ഞായർ

വിശ്വാസപരിശീലകർക്ക് ഈ വർഷം പഠിക്കാനുള്ള "**ആരാണ് നിങ്ങളുടെ ദൈവം**" എന്ന പുസ്തകത്തിന്റെ നാലാമത്തെ അദ്ധ്യായത്തെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ ഫെബ്രുവരി 6 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.

b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.

c. പുസ്തകത്തിന്റെ 75 മുതൽ 120 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.

e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.

f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡ്മാസ്റ്ററിന് നൽകേണ്ടതാണ്.

g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

h. ഒന്ന് രണ്ട് അദ്ധ്യായങ്ങളുടെ പരീക്ഷ എഴുതാൻ സാധിക്കാതിരുന്നവർക്കും മൂന്നാം അദ്ധ്യായത്തിന്റെ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

### 8. ASPCT പരീക്ഷ – നന്ദി

"ആരാണ് നിങ്ങളുടെ ദൈവം" എന്ന പുസ്തകത്തിന്റെ മൂന്നാമത്തെ അദ്ധ്യായം ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ജനുവരി 16 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തിയ ഓൺലൈൻ പരീക്ഷയിൽ 1926 വിശ്വാസപരിശീലകർ പങ്കെടുത്തു. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

### 9. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷത

യിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ഫെബ്രുവരി 13 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്ന തിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

## 10. ഫെബ്രുവരി മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്ത (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

06.02.2022 ഞായർ - അദ്ധ്യായം 15 പാർട്ട് 2
13.02.2022 ഞായർ - ഉപപാഠം
20.02.2022 ഞായർ - ഉപപാഠം
27.02.2022 ഞായർ - ഉപപാഠം

## 11. റെഗുലർ സൺഡേ ക്ലാസ്സുകൾ

ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിശ്വാസപരിശീലന ക്ലാസുകൾ എപ്രകാരം ക്രമീകരിക്കുവാൻ സാധിക്കുമെന്ന് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി തീരുമാനിക്കുമല്ലോ.

## 12. സ്നേഹവീട് - ഭവനപദ്ധതി

സ്നേഹവീട് ഭവനപദ്ധതിയോട് സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ.

### സംഭാവന നൽകിയ സൺഡേ സ്കൂൾ

കാർത്തികപുരം- 7500.00

## 13. പ്രധാനാധ്യാപകരുടെ കോൺഫറൻസ് - 2022 ഫെബ്രുവരി 26

കോവിഡ് 19 പ്രതിസന്ധികൾമൂലം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പ്രധാനാധ്യാപകരുടെ അതിരൂപതാതല മീറ്റിംഗ് കൂടുവാൻ സാധിച്ചിരുന്നില്ല. കോവിഡ് പ്രതിസന്ധി ഇല്ലെങ്കിൽ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് 2022 ഫെബ്രുവരി 26-ന് അഭിവന്ദ്യപിതാക്കൻമാരുടെ മഹനീയ സാന്നിദ്ധ്യത്തിൽ പ്രധാനാധ്യാപകരുടെ കോൺഫറൻസ് കൂടുന്നതാണ്. അന്നേദിവസം 2019-2020, 2020-2021 പ്രവർത്തനവർഷങ്ങളിലെ വിവിധ അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. കൂടാതെ വിശ്വാസപരിശീലന മേഖലയിൽ 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർ, 65 വയസ്സ് പൂർത്തിയാക്കി റിട്ടയർ ചെയ്ത വിശ്വാസപരിശീലകർ, 12 വർഷങ്ങൾ മുടങ്ങാതെ വിശ്വാസംപരിശീലിപ്പിച്ച അധ്യാപകർ, 12 വർഷം മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുത്ത കുട്ടികൾ എന്നിവരെ അന്നേദിവസം ആദരിക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 14. അതിരൂപതാ മതബോധന കമ്മിറ്റി

2021 – 2022 പ്രവർത്തന വർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ 2022 ഫെബ്രുവരി 22–ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണി വരെ സന്ദേശഭവനിൽ വച്ച് ചേരുന്നു. സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യ ളും, ബഹു. ഫൊറോന വികാരിയച്ചൻമാരും ഫൊറോന പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുമാണ് മീറ്റിഗിൽ പങ്കെടുക്കേണ്ടത്. എല്ലാവരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

## 15. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ട താണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയി ച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. വിശ്വാസോത്സവ വർക്കുബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.

## 16. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021–22 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റസ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പി ക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 17. ഡയറക്ടറച്ചന്റെ സന്ദർശനം

ഡയറക്ടറച്ചൻ ഏറ്റുപാറ, ശാന്തിനഗർ, മണിക്കടവ് എന്നീ സൺഡേ സ്കൂളുകളിൽ സന്ദർശനം നടത്തി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ആധുനിക കാലത്തെ സഭയുടെ വസന്തം എന്ന് വിശേഷിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റവും പുരോഗമനപരമായ ദർശനങ്ങളിലൊന്നായിരുന്നു അൽമായർക്കും സമർപ്പിതർക്കും ദൈവശാസ്ത്രവും വി. ഗ്രന്ഥവും പഠിക്കാനുള്ള അവസരമൊരുക്കുക എന്നത്. 2006 മുതൽ കഴിഞ്ഞ 15 വർഷങ്ങളായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സഭയിൽ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത് വിശ്വാസത്തിന്റെ തുടർപരിശീലനമാണ്. സൺഡേ സ്കൂൾ ക്ലാസ്സുകൾക്ക്ശേഷം വിശ്വാസരഹസ്യങ്ങളെ വ്യക്തമായി പഠിപ്പിക്കുന്ന ഈ തുടർ വിശ്വാസപരിശീലന പദ്ധതിക്ക് അതിൽത്തന്നെ സമകാലിക സഭയിൽ വലിയ പ്രസക്തിയും പ്രാധാന്യവുമുണ്ട്.

## ബിരുദദാന ചടങ്ങ് നടത്തി

ജനുവരി 11 ന് ആലുവ എഫ്.സി.സി സ്റ്റഡി സെന്ററിൽവച്ച് 109 വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നടത്തി. അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവാണ് ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും ബിരുദദാനം നിർവ്വഹിക്കുകയും ചെയ്തത്. ഫാ. ടോം ഓലിക്കരോട്ട് കോൺവൊക്കേഷൻ സ്പീച്ചും ഫാ. തോമസ് മേൽവെട്ടം, ഡോ. സി. റോസ് അനിത എന്നിവർ ആശംസാ പ്രസംഗവും നടത്തി. സി. ജിസി മരിയ വിദ്യാർത്ഥികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എഫ്.സി.സി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിറ്റാ റോസ് സ്വാഗത പ്രഭാഷണവും സി. തേജസ് നന്ദിയും പറഞ്ഞു.

## പാഠപുസ്തകങ്ങൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിച്ചു നൽകി

ഈ സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്. പ്രധാനാധ്യാപകർ ഓരോ ഇടവകയിലേക്കുമുള്ള പുസ്തകങ്ങൾ യഥാസമയം എത്തിച്ചു നൽകുമല്ലോ.

## ഫെബ്രുവരി മാസത്തിലെ ക്ലാസ്സുകൾ

### BTh

01. വി. മത്തായിയുടെ സുവിശേഷം - *ഫെബ്രുവരി 11 (മലയാളം)*

02. പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം – *ഫെബ്രുവരി 26 (ഇംഗ്ലീഷ്)*

03. മരിയവിജ്ഞാനീയം – *ഫെബ്രുവരി 05 (ഇംഗ്ലീഷ്)*

04. സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം – *ഫെബ്രുവരി 20 (ഇംഗ്ലീഷ്)*

**MTh**

01. തത്വചിന്തയും ദൈവശാസ്ത്രവും - ഫെബ്രുവരി 1,24
02. പുതിയ നിയമദൈവശാസ്ത്രം - *ഫെബ്രുവരി 17*
03. സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥവ്യാഖ്യാനം - *ഫെബ്രുവരി 3,15*
04. സിറിയക് ഭാഷാപഠനം - *ഫെബ്രുവരി 12,13*

**റിസൾട്ട് പ്രസിദ്ധീകരിച്ചു** : ജൂൺ-ഡിസംബർ സെമസ്റ്ററിലെ പരീക്ഷാ റിസൾട്ടുകൾ ആൽഫാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റിസൾട്ട് കാണുന്നതിനായി www.alphathalassery.org എന്ന വെബ്സൈറ്റിൽ Student Login എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. നിങ്ങളുടെ രജിസ്റ്റർ നമ്പറും പാസ് വേഡും (alpha) നൽകിയാൽ റിസൾട്ട് ലഭ്യമാകുന്നതാണ്.

ഉദാ:

Username: BT-00000-21

Password: alpha

## ഗ്രീക്ക് പരീക്ഷ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെട്ടു

ല്യൂമെൻ എക്ലേസിയ ബാച്ചുകളുടെ ബിബ്ലിക്കൽ ഗ്രീക്ക് എഴുത്തുപരീക്ഷയായി പ്രധാനാധ്യാപകരുടെ മേൽനോട്ടത്തിൽ ഓരോ ഇടവകകളിലും വച്ച് ജനുവരി 30 ന് നടത്തപ്പെട്ടു.

**ഡിപ്ലോമാ പരീക്ഷകൾ നടത്തി** : ഡിപ്ലോമയുടെ ഈ വർഷത്തെ പരീക്ഷകൾ (ഇംഗ്ലീഷ്, മലയാളം) ജനുവരി 15 മുതൽ 30 വരെ ഗൂഗിൾ ഫോം മാതൃകയിൽ നടത്തപ്പെട്ടു.

## പുതിയ സ്റ്റഡി സെന്റർ

ആൽഫയുടെ പുതിയ സ്റ്റഡി സെന്റർ ഡൽഹിയിൽ ആരംഭിച്ചു. ഡൽഹി സ്റ്റഡി സെന്ററിൽ- റവ. ഫാ. ബാബു ആനിത്താനം സെന്റർ കോഡിനേറ്ററിന്റെ ചുമതല വഹിക്കുന്നു.

## ലോഗോസ് ബൈബിൾ ക്വിസ്

അതിരൂപതയിലെ എല്ലാ വിഭാഗം ആളുകളും വളരെ താല്പര്യപൂർവ്വം പങ്കെടുത്തിരുന്ന ദൈവവചന പഠന പോഗ്രാമായ ലോഗോസ് ബൈബിൾ ക്വിസ്-2022 ഫെബ്രുവരി മാസത്തിൽ അതിരൂപതാ തലത്തിൽ നടത്തുന്നു. 2022 ഫെബ്രുവരി 27 ഞായറാഴ്ച 2-4 pm ആയിരിക്കും ലോഗോസ് പരീക്ഷ നടത്തുന്നത്. 2020 ലെ പഠന ഭാഗങ്ങളായ **നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22, മർക്കോസ് 1-8; 1 കോറി 1-8** എന്നിവ തന്നെയാണ് ഈ പ്രാവശ്യവും പഠിക്കേണ്ടത്. ഈ പഠനഭാഗങ്ങളിലെ മൂവായിരത്തോളം മാതൃ

കാചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ലോഗോസ് പഠനസഹായി വിതരണത്തിന് തയ്യാറാണ്. ഓർഡർ ചെയ്യുന്ന വർക്ക് ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ച് തരുന്നതാണ്. എല്ലാവരുടെയും സഹകരണങ്ങളും സജീവപങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

**ബിബ്ലിയാ ഫമീലിയ :** തലശ്ശേരി ബൈബിൾ അപ്പസ്തോലേറ്റിന്റെയും ഫാമിലി അപ്പസ്തോലേറ്റിന്റെയും ആഭിമുഖ്യത്തിൽ കഴിഞ്ഞ ഒരു വർഷമായി നടന്നുവന്നിരുന്ന ബൈബിൾ പഠന പ്രോഗ്രാം ബിബ്ലിയാ-ഫമിലീയാ ഡിസംബർ മാസത്തോടെ ആദ്യഘട്ടം സമാപിക്കുന്നു. അതിരൂപതയിലെ 1500 ൽ അധികം കുടുംബങ്ങൾ ഈ പ്രോഗ്രാമിൽ സജീവമായി പങ്കെടുത്ത് വി. ഗ്രന്ഥത്തെ ആഴത്തിൽ പഠിച്ചു എന്നത് തികച്ചും അഭിമാനകരമായ കാര്യമാണ്. റവ. ഡോ. ടോം ഓലിക്കരോട്ട് ക്ലാസ്സുകൾ നയിക്കുകയും റവ. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ക്വിസ് പ്രോഗ്രാമിന്റെ നടത്തിപ്പ് ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. വിജയികളെ തിരഞ്ഞെടുക്കുന്നതിനുള്ള അവസാന ഘട്ട പരീക്ഷകളുടെ ഭാഗമായ എഴുത്തുപരീക്ഷ വിവിധ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് ജനുവരി 26-ന് നടത്തി.

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

നമ്മുടെ കർത്താവീശോമിശിഹായുടെ സമർപ്പണതിരുനാളിന്റെ ചൈതന്യത്തിൽ ആരംഭംകുറിക്കുന്ന ഈ ഫെബ്രുവരിമാസം പുതിയൊരു ആത്മീയ ഉണർവ്വിലേക്ക് നമ്മെ നയിക്കുന്നു. പരിഹാരത്തിന്റെയും തപസിന്റെയും പ്രാശ്ചിത്തത്തിന്റെയും പാഠങ്ങൾ നമ്മുടെ ജീവിതത്തിലേയ്ക്ക് ചാലിച്ച് ചേർക്കുന്ന ഈശോയുടെ സഹന വഴികളെ ധ്യാനിച്ച് നാം നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണ്. സ്വന്തം കുരിശുകൾ പരാതികളില്ലാതെ സഹിച്ച് സഹനങ്ങളെ ദൈവപിതാവിന്റെ മഹത്വമായി സ്വീകരിച്ച ദൈവപുത്രനെപ്പോലെ ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ നമുക്കും ഈശോയെ അനുകരിക്കാം...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വാ. റാണിമരിയ |
| അനുസ്മരിക്കുന്ന വിശുദ്ധ | : വി. ബ്രിജീറ്റ് |
| പ്രാർത്ഥനാനിയോഗം | : എല്ലാ പ്രവർത്തക അംഗങ്ങൾക്കുവേണ്ടിയും |
| സുകൃതം | : 74 കരുണയുടെ ജപമാല |
| സുകൃതജപം | : യുവാവായ ഈശോയെ യുവാക്കളിൽ നിറയണമേ |
| സങ്കീർത്തന പാരായണം | : സങ്കീ: 101 – 114 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : സംഘടന ഘടന (7 പേരുടെ ഗ്രൂപ്പു മുതൽ അന്തർദേശീയം വരെ) |

**1.ശാഖകൾ ശ്രദ്ധിക്കാൻ**

11 വെള്ളി : ലൂർദ്ദ് മാതാവിന്റെ തിരുനാൾ
12 ശനി : അതിരൂപതാ കൗൺസിൽ വാർഷികം
13 ഞായർ : തിരുബാലസഖ്യദിനം
25 വെള്ളി : വാ.റാണിമരിയയുടെ തിരുനാൾ
28 തിങ്കൾ : വലിയനോമ്പ് ആരംഭം (വിഭൂതി തിരുനാൾ)

**2.മേഖലകൾ ശ്രദ്ധിക്കാൻ:** എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, പരീക്ഷ ഒരുക്കധ്യാനം, അതിരൂപത കൗൺസിൽ വാർഷികം, എം.റ്റി.സി. മേഖലാതല സെമിനാറുകൾ, തിരുബാലസഖ്യദിനം, വലിയ നോമ്പ് ആരംഭം.

## 3.മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ്

മിഷൻലീഗ് – തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2021 – 2022 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമായി ഈ മാസം മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് കൂടുന്നതാണ്. മീറ്റിംഗിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 4.എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി സാഹചര്യമനുസരിച്ച് എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറി അച്ചനെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

## 5.എം.റ്റി.സി. ക്യാമ്പ്

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ സാഹചര്യം അനുസരിച്ച് സാധിക്കുന്നിടത്തോളം ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, ഇടവക, ഫോൺ നമ്പർ, ക്ലാസ്സ് എന്നിവ മാർച്ച് 1–ാം തിയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

## 6. ബഹു. വൈസ്ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- ♦ പുതിയതായി അംഗത്വം സ്വീകരിച്ച കുട്ടികളുടെ അംഗത്വകാർഡിൽ അതിരൂപതാ ഡയറക്ടറിന്റെ ഒപ്പും സീലും വാങ്ങുമല്ലോ.
- ♦ അംഗത്വകാർഡ്ഒപ്പിടാൻ കൊണ്ടുവരുമ്പോൾ അതിരൂപതയിൽ നിന്നും തന്നിരിക്കുന്ന അംഗത്വ ഫോമിൽ തുടർച്ചയായി അംഗത്വനമ്പർ എഴുതി കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ എഴുതി കൊണ്ടുവരുമല്ലോ. അതോടൊപ്പം അംഗത്വരജിസ്റ്റർകൂടി കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ.
- ♦ 2021 – 2022 വർഷത്തെ അംഗത്വഫീസ്, വാർഷിക വിഹിതം അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.
- ♦ 2020–21 വർഷത്തെ കുടിശ്ശികകൾ അടയ്ക്കാത്ത ശാഖകൾ ഈമാസം തന്നെ അടയ്ക്കുമല്ലോ.
- ♦ സാധിക്കുന്ന വിധത്തിൽ ചാന്ദാ മിഷനിലെ കുട്ടികൾക്ക് കട്ടിൽ നൽകുവാൻ സഹായം നൽകുമല്ലോ.

## 7. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2022 –23 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ – സീനിയർ) തിരഞ്ഞെടുപ്പ് പുതിയ അധ്യയന വർഷത്തിലെ വിശ്വാസപരി ശീലനക്ലാസ്സുകൾ ആരംഭിക്കുന്നതോടൊപ്പം നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

## 8. അതിരൂപതാ കൗൺസിൽ വാർഷികം

അതിരൂപതാ കൗൺസിൽ വാർഷികം ഫെബ്രുവരി 12 ന് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. കൗൺസിൽ വാർഷികത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ സാഹചര്യങ്ങൾ വിലയിരുത്തി പിന്നീട് അറിയിക്കുന്നതായിരിക്കും.

## 9. അതിരൂപതാ കലോത്സവം

അതിരൂപതാകലോത്സവം മാർച്ച് മാസത്തിൽ നടത്തപ്പെടുന്നതായി രിക്കും. മേഖലകളിൽ മത്സരം നടത്തി ഫെബ്രുവരി 28–ാം തിയതി ലിസ്റ്റ് അതിരൂപതയിൽ നൽകുവാൻ ശ്രദ്ധിക്കുമല്ലോ. കലോത്സവത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ജനുവരിമാസത്തെ ഗിരിദീപം പേജ് 29 കാണുക.

## 10. ജൂബിലി മെഗാക്വിസ്സ്

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതി പ്ലാറ്റിനം ജൂബിലി വർഷത്തോടനുബന്ധിച്ച് 2022 മെയ് 14 ന് ജൂബിലി മെഗാക്വിസ്സ് നടത്തുന്നു. ജൂനിയർ, സീനിയർ, സൂപ്പർസീനിയർ വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു രൂപതയിൽ നിന്നും ഒരു ടീമിനാണ് സംസ്ഥാനമത്സരത്തിൽ പങ്കെടു ക്കുവാൻ അവസരം. പഠനഭാഗങ്ങൾ, പ്രായപരിധി എന്നിങ്ങനെ മത്സരത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 11. മേഖലാ കൗൺസിൽ വാർഷികം

28.12. 2021 ന് തോമാപുരം മേഖല കൗൺസിൽ വാർഷികം നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ പങ്കെടുത്തു.

## 12. പ്രേഷിതവാരം

അതിരൂപതാതല പ്രേഷിതവാരം ചെറുപുഴ ശാഖയിൽ വെച്ച് നടത്തി. അതിരൂപതാ വൈസ് പ്രസിഡന്റ് ഷേർളി പാമ്പനാൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് ശാഖാ ഡയറക്ടർ ഫാ. ജോസ് വെട്ടിക്കൽ തിരിതെളിച്ച് ഉത്ഘാ ടനം ചെയ്തു. പ്രേഷിതവാര പ്രവർത്തനങ്ങൾ നടത്താൻ ശാഖകളിലും മേഖലകളിലും നേതൃത്വം നൽകിയ എല്ലാ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, ശാഖാ മേഖലാ ഭാരവാഹികൾക്കും മതാധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും നന്ദി.

## 13. ഉണ്ണീശോയ്ക്കൊരു കട്ടിൽ – ഒരായിരം നന്ദിയോടെ

ചാന്ദാ മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. ഈ സംരംഭത്തോട് സഹകരിച്ച മണിക്കടവ്, കണിച്ചാർ എന്നീ ശാഖകൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാധിക്കുന്നതുപോലെ എല്ലാവരും സഹായിക്കുമല്ലോ.

## 14. ശാഖാ സന്ദർശനങ്ങൾ

02.01.22 ന് പയ്യന്നൂർ, 06.01.22 ന് നെല്ലിക്കുറ്റി, മണ്ടപം,13.01.22ന് അമ്മംകുളം, 16.01.22 ന് പൊൻമല, 20.01.22 ന് പൂളക്കുറ്റി, നെടുംപുറംചാൽ, കോളയാട് എന്നീ ശാഖകൾ മിനി ആശാരിപ്പറമ്പിൽ, ജിന്റോ പാലക്കാത്തടത്തിൽ, ഓമന കുര്യാലപ്പുഴ, ബെന്നിമാടപ്പാട്ട് എന്നിവർ സന്ദർശിച്ചു.

## 15. ഹൃദയം നിറഞ്ഞ നന്ദി

എടൂർമേഖലാ ഡയറക്ടറായി സ്തുത്യർഹമായ സേവനത്തിനുശേഷം അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയായി സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട ജേക്കബ്ബ് വട്ടുകുളം അച്ചന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദിയും പുതിയ കർമ്മവീഥികളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും.

## 16. മിസ്സിയോ (ഗ്ലോബൽ) മീറ്റിംഗ്

09.01.22 ന് ഞായറാഴ്ച മിസ്സിയോ എന്നപേരിൽ സംസ്ഥാന സമിതി നടത്തിയ ഗ്ലോബൽ മീറ്റിംഗിൽ മേഖലാ -അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## 17. ക്രിസ്കാർഡ് മത്സരവിജയികൾ

| | | | |
|---|---|---|---|
| I st | തോമസ് കുന്നക്കാട്ട് | - | വിളമന |
| II nd | ജോയൽ പുളിഞ്ചുവട്ടിൽ | - | പെരുമ്പടവ് |
| III rd | മരിയ മാന്തറ | - | കുന്നോത്ത് |

## 18. ആൽബം നിർമ്മാണ വിജയികൾ

I st മണ്ടപം ശാഖ

II nd ഉമ്മർപൊയിൽ ശാഖ

III rd കരുവഞ്ചാൽ ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ:**

വിളമന, കാർത്തികപുരം, കുന്നോത്ത്, പൊട്ടംപ്ലാവ്, എടപ്പുഴ.

## 19. ക്ലിക്ക് ഷോട്ട് (ഷോർട്ട് ഫിലീം) വിജയികൾ

I st രത്നഗിരി ശാഖ

IInd ഉമ്മറപൊയിൽ ശാഖ

IIIrd വിജയഗിരി ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ:**

എടൂർ, നെല്ലിക്കാംപൊയിൽ, പാലാവയൽ, പരിയാരം, പൊയ്നാച്ചി, ഉദയപുരം

## 20. പ്രബന്ധരചന മത്സരവിജയികൾ

| | | | |
|---|---|---|---|
| Ist | ലിന്റ ക്ലെയർ ചെരുവിൽ | - | പരിയാരം |
| IInd | അന്നാ മേരി ആനിമൂട്ടിൽ | - | തോമാപുരം |
| IIIrd | അന്നമ്മ കാവുങ്കൽ | - | പേരാവൂർ |

## 21. പൂമ്പാറ്റ (ആംഗ്യപ്പാട്ട്)വിജയികൾ

Ist പേരാവൂർ ശാഖ

IInd നെല്ലിക്കാംപൊയിൽ ശാഖ

IIIrd പാലാവയൽ ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ:**

പാത്തൻപാറ, നാട്ടക്കൽ, അടോട്ടുകയ, കാലിച്ചാനടുക്കം.

## 22. അതിരൂപതാ മാനേജിംഗ്കമ്മിറ്റി

08.01.22 ശനിയാഴ്ച രാവിലെ 10 മണിക്ക് ചെമ്പേരി അൽഫോൻസ ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാതല മാനേജിംഗ് കമ്മറ്റി ചേർന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് ഫൊറോന വികാരി റവ.ഡോ. ജോർജ്ജ് കാഞ്ഞിരക്കാട്ട് ഉത്ഘാടനം ചെയ്തു. അതിരൂപതാ ജോ. സെക്രട്ടറി ഏലിക്കുട്ടി എടാട്ട് റിപ്പോർട്ടും, അതിരൂപതാ സെക്രട്ടറി ശ്രീ ജെയ്സൺ പുളിച്ചമാക്കൽ കണക്കും അവതരിപ്പിച്ചു. ചെമ്പേരി മേഖലാ ഡയറക്ടർ ഫാ.സേവ്യർ പുത്തൻപുരയ്ക്കൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. World Level Handwriting, Kuchuppudi എന്നീ ഇനങ്ങളിൽ സമ്മാനാർഹരായ ആൻമരിയ ബിജുചന്ദ്രക്കുന്നേൽ, ആൻമരിയ ജെയിംസ് വിളക്കുന്നേൽ എന്നിവരെ ആദരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും, അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നക്കര നന്ദിയും പറഞ്ഞു. 16 ഫൊറോനകളിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

## 23. Bible Friends

ഒരുവർഷംകൊണ്ട് ബൈബിൾ പൂർണ്ണമായി വായിച്ച് വചനപഠനത്തിലും, ആത്മീയ ഉണർവ്വിലും, ദൈവസ്നേഹത്തിലും വളരുക എന്ന ല

ക്ഷ്യത്തോടെ Bible Friends എന്ന പേരിൽ ജനുവരി ഒന്നുമുതൽ മൂന്ന് അദ്ധ്യായങ്ങൾ വീതം വായിക്കുവാൻ നവമാധ്യമങ്ങളിലൂടെ നൽകിവരുന്നു. സ്നേഹമുള്ള ശാഖാ - മേഖലാ ഭാരവാഹികൾ ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ അതതുദിവസങ്ങളിൽ കുട്ടികളിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 24. സെമിനാറുകൾ, ക്ലാസ്സുകൾ

27.12.2021 ന് നെല്ലിക്കാംപൊയിൽ മേഖലയിൽ എം റ്റി സി കുട്ടികൾക്ക് ഡയറക്ടർ റവ ഫാ ജോസഫ് വടക്കേപ്പറമ്പിൽ, അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ എന്നിവർ ക്ലാസ്സ് എടുത്തു.

## 25. അതിരൂപത സാഹിത്യമത്സര വിജയികൾ

**ജലഛായം - സബ്ജൂനിയർ**

| NO | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| I | അക്സ മരിയ ഒറ്റപ്ലാക്കൽ | ചെമ്പേരി | ചെമ്പേരി |
| II | റോസ്മരിയ തെക്കേത്തോട്ടത്തിൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| III | അനസ്ക വയലാമണ്ണിൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |

**ചെറുകഥ ജൂണിയർ**

| | | | |
|---|---|---|---|
| I | ആൻറോസ് ആലുംങ്കൽതാഴെ | മണക്കടവ് | ആലക്കോട് |
| II | ഫ്രാൻസീസ് കരിമ്പനാൽ | പരിയാരം | തളിപ്പറമ്പ് |
| III | ആൻമരിയ മൂലയിൽ | മഞ്ഞളാംപുറം | പേരാവൂർ |
| III | വിസ്മയ പോത്തനാമുഴി | പാലാവയൽ | തോമാപുരം |

**ചെറുകഥ സീനിയർ**

| | | | |
|---|---|---|---|
| I | റോസ്മരിയ മുണ്ടക്കൽ | പൈസക്കരി | പൈസക്കരി |
| II | അനിറ്റ ഐക്കരക്കനായിൽ | പുറവയൽ | നെല്ലിക്കാംപോയിൽ |
| III | അന്നമ്മ കാവുങ്കൽ | പേരാവൂർ | പേരാവൂർ |

**ചെറുകഥ സൂപ്പർ സീനിയർ**

| | | | |
|---|---|---|---|
| I | സ്റ്റീഫൻ ചുണ്ടയിൽ | കണ്ണൂർ | തളിപ്പറമ്പ് |
| II | റോസ് തോട്ടത്തിൽ | പടുപ്പ് | പനത്തടി |
| III | ഫിലോമിന അരിയമണ്ണിൽ | ചന്ദനക്കാംപാറ | പൈസക്കരി |
| III | ത്രേസ്യാ ചാലിൽ | ദീപഗിരി | ചെമ്പേരി |

**കവിത - ജൂനിയർ**

| | | | |
|---|---|---|---|
| I | തെരേസ അയ്യങ്കാനാൽ | ചെമ്പേരി | ചെമ്പേരി |
| II | അനുഗ്രഹ നെല്ലിയാനിയിൽ | ചരൾ | കുന്നോത്ത് |
| III | അന്ന കടക്കുഴിയിൽ | പച്ചാനി | മേരിഗിരി |

**കവിത - സീനിയർ**

| | | | |
|---|---|---|---|
| I | അക്സ ഇടപ്പറമ്പിൽ | അടോട്ടുകയ | പനത്തടി |
| II | ഏലീശ്വാ അമംതുരുത്തിൽ | വെളിമാനം | എടൂർ |
| III | ലിസ്റോസ് പൊട്ടംപ്ലാക്കൽ | നടുവിൽ | ചെമ്പന്തൊട്ടി |
| III | തെരേസ് നെല്ലിക്കൽ | തിരുമേനി | ചെറുപുഴ |

**കവിത - സൂപ്പർ സീനിയർ**

| | | | |
|---|---|---|---|
| I | മേരി ഇടപ്പാടിയിൽ | കടുമേനി | തോമാപുരം |
| II | ഓസ്റ്റിൻ ഇളമ്പശ്ശേരിൽ | കോലുവള്ളി | ചെറുപുഴ |
| III | ജൂലി പൈനാടത്ത് | പുലിക്കുരുമ്പ | ചെമ്പേരി |
| III | അന്നമ്മ കുന്നത്ത് | ഉളിക്കൽ | നെല്ലിക്കാംപോയിൽ |

**ഉപന്യാസം - ജൂണിയർ**

| | | | |
|---|---|---|---|
| I | അന്ന സിബി മലയാറ്റിൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| II | അൽഫോൻസ കോട്ടുപള്ളിൽ | കടുമേനി | തോമാപുരം |
| III | ആൻമെറിൻ മമ്പള്ളിക്കുന്നേൽ | ജോസ്ഗിരി | ചെറുപുഴ |

**ഉപന്യാസം - സീനിയർ**

| | | | |
|---|---|---|---|
| I | അന്നമേരി ആനിമൂട്ടിൽ | തോമാപുരം | തോമാപുരം |
| II | ഏലിക്കുട്ടി കോച്ചേരിയിൽ | പെരുമ്പടവ് | മേരിഗിരി |
| III | തെരേസ് ജീരകശ്ശേരി | വെളിമാനം | എടൂർ |

**ഉപന്യാസം - സൂപ്പർ സീനിയർ**

| | | | |
|---|---|---|---|
| I | മേരി ഊഴിയാംമന്നത്ത് | മണിക്കടവ് | നെല്ലിക്കാംപോയിൽ |
| II | ജോൺസൺ തയ്യിൽ | കണ്ണൂർ | തളിപ്പറമ്പ് |
| III | ഗ്രേസി മാൻന്തറക്കൽ | കണിച്ചാർ | പേരാവൂർ |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 13-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. വിശ്വാസ ജീവിതത്തിലേയ്ക്ക് പിച്ചവെക്കുന്ന പ്രായത്തിൽ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളർന്ന് സദ്ഗുണസമ്പന്നരായി ജീവിക്കുവാൻ കുഞ്ഞുങ്ങളെ നമുക്ക് പ്രാപ്തരാക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയ കൂട്ടുകാർക്കും തിരുബാലസഖ്യ ദിനത്തിന്റെ ആശംസകൾ...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | വാ. റാണിമരിയ |
| അനുസ്മരിക്കുന്ന വിശുദ്ധ | : | ലൂർദ്ദ് മാതാവ് |
| പ്രാർത്ഥനാനിയോഗം | : | ലോകം മുഴുവനുമുള്ള എല്ലാ കുഞ്ഞുങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കുക. |
| സുകൃതജപം | : | ഉണ്ണീശോയെ അങ്ങയെപ്പോലെ ജ്ഞാനത്തിൽ വളരാൻ എന്നെ അനുഗ്രഹിക്കണമേ |
| വചനം | : | ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജിവന്റെ പ്രകാശമുണ്ടായിരിക്കും (വി.യോഹ 8:12) |
| പ്രവൃത്തി | : | നിങ്ങളുടെ ഇടവകയിൽ നിന്നും ദൈവവിളിസ്വീകരിച്ച വൈദികർക്കും, സിസ്റ്റേഴ്സിനും വേണ്ടി പ്രാർത്ഥിക്കുക. |
| മന:പാഠമാക്കുക | : | കൂദാശകൾ ഏഴ് പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | ശാഖകളിൽ നിന്നും നിശ്ചയിച്ച് കൊടുക്കുന്ന ബൈബിളിലെ വചനരംഗം അഭിനയിക്കുക. (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക) |

## 1. ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 11 വെള്ളി | : | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| 13 ഞായർ | : | തിരുബാലസഖ്യദിനം:-തിരുബാലസഖ്യം പ്രതിജ്ഞ ചൊല്ലുക, അംഗത്വ നവീകരണം നടത്തുക, സാഹചര്യം അനുകൂലമാണെങ്കിൽ റാലിയും കലാപരിപാടികളും നടത്തുക. |
| 25 വെള്ളി | : | വാ. റാണിമരിയയുടെ തിരുനാൾ |
| 28 തിങ്കൾ | : | വലിയനോമ്പ് ആരംഭം (വിഭൂതി തിരുനാൾ) |

## 2. തിരുബാലസഖ്യദിനം

ഫെബ്രുവരി 13-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ സാഹചര്യങ്ങൾ അനുസരിച്ച് സമുചിതമായി ആഘോഷിക്കുമല്ലോ. തിരുബാലസഖ്യം സംഘടനയെക്കുറിച്ച് കുട്ടികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഉപകരിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാമുകൾ നടത്തുമല്ലോ. അതിരൂപതാതല തിരുബാലസഖ്യദിനം ജോസ്ഗിരി ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## 3. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ

ചാന്ദാ മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. ഈ സംരംഭത്തോട് സഹകരിച്ച കണ്ണൂർ, പയ്യന്നൂർ എന്നീ ശാഖകൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാധിക്കുന്നതുപോലെ എല്ലാവരും സഹായിക്കുമല്ലോ.

## 4. കരോൾഗാനമത്സര വിജയികൾ

| | | | |
|---|---|---|---|
| Ist | ജൊവാൻ അന്ന ചേലമരം | - | കാസർഗോഡ് |
| IInd | സ്റ്റീവ് അറയ്ക്കൽ | - | കരിക്കോട്ടക്കരി |
| IIIrd | എവ്ലിൻ മണിയംമാക്കൽ | - | വെള്ളരിക്കുണ്ട് |
| IIIrd | ജീവൽമരിയ മുണ്ടക്കാട്ട് | - | ആര്യപ്പറമ്പ് |

**പ്രോത്സാഹനസമ്മാനങ്ങൾ:**

ജോവാന എടത്താഴെ (ഓടംതോട്), റോസ്മരിയ ആയിലാറ്റിൽ (പനത്തടി), ഇവാന പള്ളിക്കുന്നേൽ (ഉദയപുരം)

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയപ്പെട്ട വികാരിയച്ചന്മാരെ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

കോവിഡ് പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും യുവജന പ്രേഷിതത്വത്തെക്കുറിച്ച് നമുക്കു ചിന്തിക്കാം. നമ്മുടെ യുവജനങ്ങളെ സഭയോടും സമൂഹത്തോടും അതിന്റെ പ്രവർത്തനങ്ങളോടും ചേർത്ത് നിർത്താൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാരും യുവജനനേതാക്കളും ശ്രദ്ധിക്കുമല്ലോ. പുതുതായി BLOOMS (Bring The Leaders For Our Mission) എന്ന പേരിൽ ഇടവകാതല യുവജനസംഗമം നടത്താൻ ആഗ്രഹിക്കുന്നു. എല്ലാ യൂണിറ്റിലും യുവജനങ്ങളെ ചേർത്ത് സംഗമം നടത്താൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. മാറുന്ന കാലഘട്ടത്തിൽ മാറ്റമില്ലാത്ത നിലപാടുകളുമായി പ്രസ്ഥാനത്തെ വളർത്തുവാൻ നമുക്ക് പരിശ്രമിക്കാം.

## BLOOMS (Bring The Leaders For Our Mission)

യുവജനങ്ങളെ നേതൃത്വനിരയിലേക്കും സഭാശുശ്രൂഷയിലേക്കും കൊണ്ടുവരുവാനുള്ള ഇടവക യുവജന സംഗമത്തിന്റെ പേരാണ് Blooms. നമ്മുടെ യുവജനങ്ങൾക്ക് ആത്മീയവും ഭൗതീകവുമായ ഉണർവ്വിനും സന്തോഷത്തിനും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നതിനും അവരെ ഒരുക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. അതിരൂപതയിലെ 211 യൂണിറ്റിലും Blooms നടത്താനാണ് ആഗ്രഹിക്കുന്നത്. വരും കാലത്തേക്ക് കെസിവൈഎം മുമ്പോട്ടുനയിക്കാൻ പര്യാപ്തരായ യുവജനങ്ങളെ വാർത്തെടുക്കുവാൻ നമുക്ക് സാധിക്കട്ടെ.

## സഹപ്രവർത്തകയ്ക്ക് സ്വപ്ന വീട്



യുവജന പ്രസ്ഥാനത്തിന്റെ കരുത്തായി പ്രവർത്തിക്കുന്ന പൂപ്പറമ്പിലെ സഹപ്രവർത്തകയ്ക്ക് വീട് പണിത് നല്കി കെസിവൈഎം പ്രവർത്തകർ. സുവർണ്ണ ജൂബിലി യാഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന് സ്നേഹ സമ്മാനമായി സ്വപ്നവീട് സമർപ്പിച്ചു. അതിരൂപതാ കെസിവൈഎം ന്റെ സഹകരണ

ത്തോടെ കെസിവൈഎം ചെമ്പേരി ഫൊറോന ആണ് ഭവന നിർമ്മാണ ത്തിന് നേതൃത്വം കൊടുത്തത്. ഫൊറോന വികാരി വെരി റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, ഇടവക വികാരി ഫാ. ലാസർ വരമ്പകത്ത് തുടങ്ങി ഫൊ റോനയിലെ ധാരാളം വൈദീകരും ഫൊറോന പ്രസിഡന്റ് ജോയൽ പുതു പറമ്പിൽ, ഫാ. നോബിൾ ഓണംകുളം, ജോമോൻ കരിനാട്ട്, സിജോ കണ്ണേ ഴത്ത് തുടങ്ങി എല്ലാ ഫൊറോന സമിതിയെയും അഭിനന്ദിക്കുന്നു. അതിരൂ പതാ പ്രസിഡന്റ് ജോയൽ ജോസഫ്, അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, വിപിൻ മാറുകാട്ടുകുന്നേൽ, അതിരൂപതാ വൈസ്പ്രസിഡന്റ് സരിക ചാക്കോ തുടങ്ങി അതിരൂപതാ ഭാരവാഹികളും ഫൊറോന പ്രസി ഡന്റുമാരും പങ്കെടുത്തു.

## ജൂബിലി ആശംസകളറിയിച്ച് കെസിവൈഎം

പൗരോഹിത്യത്തിന്റെ അമ്പതാം ജൂബിലിയാഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന് സ്വപ്ന വീടിന്റെ വെഞ്ചിരിപ്പ് വേളയിൽ ആശം സകളറിയിട്ടും, കേക്ക് മുറിച്ചും, ആശംസാഗാനം ആലപിച്ചും യുവജനങ്ങൾ അണിനിരന്നു. അതിരൂപതാ ഡയറക്ടർ ജിൻസച്ചൻ, അതിരൂപതാ പ്രസി ഡന്റ് ജോയൽ ജോസഫ്, രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ, യുവജന ങ്ങൾ എന്നിവർ പങ്കെടുത്തു. വിവിധ ഫൊറോനകളിലെ പ്രസിഡന്റുമാർ പിതാവിന് സമ്മാനമായി സോപ്പ്, ബഡ്ഷീറ്റ്, ലുങ്കി, തോർത്ത് എന്നിവ നൽകി.

## മാർ ജോസഫ് പാംപ്ലാനി പിതാവിന് ആശംസകൾ

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി തിരഞ്ഞെ ടുക്കപ്പെട്ട പാംപ്ലാനി പിതാവിന് അശംസകളർപ്പിച്ച് യുവജനകൂട്ടായ്മ. ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്ന സിൻഡിക്കേറ്റ് മീറ്റിംഗിൽ വച്ച് ആശംസകളർപ്പിച്ചു. തലശ്ശേരി കത്തീഡ്രൽ ദൈവാലയ ത്തിൽ വച്ച് നടന്ന സ്വീകരണത്തിൽ ഡയറക്ടർ ഫാ. തോമസ് വാളിപ്ലാ ക്കൽ, മുൻ അതിരൂപത പ്രസിഡന്റ് ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ, പേരാവൂർ ഫൊറോന പ്രസിഡന്റ് അഖിൽ അയിലൂകുന്നേൽ തുടങ്ങിയവർ ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു.

## സംസ്ഥാന വാർഷിക സെനറ്റ്

44 - ാമത് സംസ്ഥാന വാർഷിക സെനറ്റ് പാലക്കാട് രൂപതയുടെ ആതി ഥേയത്വത്തിൽ 2022 ജനുവരി 8,9 തിയ്യതികളിൽ യുവക്ഷേത്ര കോളേജ് മുണ്ടൂരിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയിൽ നിന്നും കെസിവൈഎം ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, പ്രസിഡന്റ് ശ്രീ. ജോയൽ തൊട്ടിയിൽ, മറ്റ് സെനറ്റ് അംഗങ്ങളും പങ്കെടുത്തു. 2020-21 പ്രവർത്തന വർഷത്തെ അതിരൂപത റിപ്പോർട്ട് അവതരിപ്പിച്ച് പാസാക്കി. സെനറ്റിൽ വച്ച് 2022 വർഷത്തെ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടു

ത്തു. സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ ഷിജോ ഇടയാട്ടിൽ (ചങ്ങനാശ്ശേരി) ന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സമിതിക്ക് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

## ഷിജോ നിലക്കപ്പള്ളി സംസ്ഥാന സെക്രട്ടറി

കെസിവൈഎം തലശ്ശേരി അതിരൂപത സംസ്ഥാന സിൻഡിക്കേയ്റ്റ് അംഗമായ ശ്രീ. ഷിജോ നിലക്കപ്പള്ളി കെസിവൈഎം സംസ്ഥാന സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ടു. തലശ്ശേരി അതിരൂപത പ്രസിഡന്റായും, ഭാരവാഹിയായും വിവിധ കാലഘട്ടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

## കലാലയങ്ങൾ ചോരക്കളമാകുന്നത് അപലപനീയം

കലാലയങ്ങൾ വിദ്യാർത്ഥികളുടെ ചോര വീഴാനുള്ള ഇടങ്ങളല്ല. മറിച്ച് വിദ്യാർത്ഥികളുടെ ജീവിതം പടുത്തുയർപ്പെടേണ്ട കേന്ദ്രങ്ങളാണ്. ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംങ് കോളേജിൽ രാഷ്ട്രീയ കൊലപാതകത്തിന് ഇരയായ കണ്ണൂർ സ്വദേശി ധീരജിന്റെ മരണത്തിൽ കെസിവൈഎം അഗാതമായ ദുഃഖം രേഖപ്പെടുത്തി. കേരളത്തിലെ രാഷ്ട്രിയ കൊലപാതകങ്ങൾ പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ലന്നും എല്ലാ രാഷ്ട്രിയ പാർട്ടികളും ഒന്നു ചേർന്ന് അപലപിക്കേണ്ടതാണെന്നും യുവജനങ്ങൾ ആവശ്യപ്പെട്ടു.

## ക്രിസ്മസ് ദിനാഘോഷം അഗതിമന്ദിരങ്ങളിലൂടെ

1. തളിപ്പറമ്പ് ഫൊറോന എക്സിക്യുട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് പട്ടുവം സെന്റ് ആഞ്ചലോ ഭവനം സന്ദർശിച്ചു. അവിടുത്തെ കുട്ടികൾക്കൊപ്പം സമയം ചെലവഴിക്കുകയും കേക്ക് മുറിച്ച് സന്തോഷം പങ്ക് വയ്ക്കുകയും ചെയ്തു.

2. GLORIA 2K21 : പൈസക്കരി ഫൊറോനയിലെ യുവജനങ്ങൾ ക്രിസ്തുമസിനോടനുബന്ധിച്ച് തെരേസ ഭവൻ സന്ദർശിച്ചു. അവിടുത്തെ അന്തേവാസികൾക്കൊപ്പം കേക്ക് മുറിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും കരോൾ ഗാനങ്ങൾ ആലപിച്ച് അവരൊടൊപ്പം സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തു.

**3. സ്നേഹഭവൻ സന്ദർശനം**

ആലക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ താബോറിലുള്ള സ്നേഹഭവൻ സന്ദർശിച്ച് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുത്തു. യുവജനങ്ങൾ അന്തേവാസികളോടൊപ്പം സമയം ചെലവഴിക്കുകയും ഈ ദിനം മനോഹരമാക്കുകയും ചെയ്തു.

## ക്രിസ്മസ് കരോൾ യാത്ര

1. പൈസക്കരി ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ പയ്യാവൂർ,

പൈസക്കരി, ചന്ദനക്കാംപാറ എന്നീ ടൗണുകളിൽ ക്രസ്തുമസ് സന്ദേശ യാത്ര നടത്തി.

2. വെള്ളരിക്കുണ്ട് ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ടൗൺ കരോൾ നടത്തി. യുവജനങ്ങളെ സംഘടനയോട് ചേർത്ത് നിർത്തുക എന്ന ലക്ഷ്യത്തോടെ ചെറിയ യൂണിറ്റുകളിലൂടെയും ക്രിസ്മസ് സന്ദേശ യാത്ര നടത്തി.
3. പേരാവൂർ ഫൊറോനയുടെ നേതൃത്വത്തിൽ ക്രസ്തുമസിനോടനുബന്ധിച്ച് ടൗൺ കരോൾ സംഘടിപ്പിച്ചു.
4. Zone Based Carol കാഞ്ഞങ്ങാട് ഫൊറോനയിലെ പല യൂണിറ്റുകളെ ചേർത്ത് സോണുകളായി തിരിച്ച് ക്രിസ്തുമസ് കരോൾ നടത്തി.

## കരസേന ദിനം ആചരിച്ചു

കരസേന ദിനത്തോടനുബന്ധിച്ച് മുൻസേനാംഗങ്ങളെ പൈസക്കരി ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ആദരിച്ചു.

## ക്രിസ്തുമസ് ആഘോഷങ്ങൾ (മത്സരങ്ങൾ)

1. **പുൽക്കൂട് മത്സരം** : മേരിഗിരി ഫൊറോനയിൽ യൂണിറ്റ് തലത്തിൽ പുൽക്കൂട് മത്സരം നടത്തി. എല്ലാവരും വളരെ ആത്മാർത്ഥമായി സഹകരിച്ചു. പുൽക്കൂട് മത്സരത്തിൽ ചെറുപുഴ യൂണിറ്റ് ഒന്നാം സ്ഥാനവും, കാര്യാപ്പള്ളി യൂണിറ്റ് രണ്ടാം സ്ഥാനവും, വെള്ളരിയാനം, പെരുമ്പടവ് എന്നീ യൂണിറ്റുകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

2. **നക്ഷത്ര മത്സരം :** മേരിഗിരി ഫൊറോനയിൽ യൂണിറ്റ് തലത്തിൽ നക്ഷത്ര മത്സരം നടത്തി. എല്ലാവരും വളരെ ആത്മാർത്ഥമായി സഹകരിച്ചു. നക്ഷത്ര മത്സരത്തിൽ മേരിഗിരി യൂണിറ്റ് സമ്മാനം കരസ്ഥമാക്കി.

**3. ക്രിസ്തുമസ് കാർഡ് മത്സരം** : കാഞ്ഞങ്ങാട് ഫൊറോന തലത്തിൽ ക്രിസ്തുമസ് കാർഡ് മത്സരം നടത്തി. മനോഹരമായി കാർഡ് നിർമ്മിക്കുകയും മനോഹരമായി എഴുതുകയും ചെയ്തവർക്ക് സമ്മാനം നൽകി.

**4. കരോൾഗാന മത്സരം** ; കാഞ്ഞങ്ങാട് ഫൊറോനയിലെ യൂണിറ്റുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ കരോൾഗാന മത്സരത്തിൽ 10 യൂണിറ്റുകൾ പങ്കെടുത്തു. മത്സരത്തിൽ പടന്നക്കാട്, നീലേശ്വരം, കാലിച്ചാനടുക്കം എന്നീ യൂണിറ്റുകൾ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

## SANTA VISITA

ക്രിസ്തുമസ് സന്ദേശ യാത്ര ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ശ്രീകണ്ഠാപുരം ടൗണിൽ ആരംഭിച്ചു.

**കേക്ക് ഫെസ്റ്റ്** : സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ശേഖ

രിക്കുന്നതിനായി കാഞ്ഞങ്ങാട് ഫൊറോനയിൽ കേക്ക് ഫെസ്റ്റ് നടത്തി.

**യുവജനസംഗമങ്ങൾ**

1. Be With Jesus : മേരിഗിരി ഫൊറോനയിൽ പെരുമ്പടവ് ദൈവാലയത്തിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. കായപ്പൊയിൽ ഇടവക വികാരി റവ. ഫാ. റ്റിനു ഫ്രാൻസീസ് ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും നേതൃത്വം നൽകി.

2. **ഉണർവ്വ് 2K21** : യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി മേരിഗിരി ഫൊറോനയുടെ നേതൃത്വത്തിൽ ഉണർവ്വ് പ്രോഗ്രാം വിമലശ്ശേരി ഇടവകയിൽ വെച്ച് നടത്തപ്പെടുകയും ശാഖ ഭാരവാഹികളുമായി ചർച്ച നടത്തുകയും ചെയ്തു.

3. പേരാവൂർ ഫൊറോനയുടെ നേതൃത്വത്തിൽ യൂണിറ്റുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൊളക്കാട്, പൂളക്കുറ്റി, കണിച്ചാർ എന്നീ യൂണിറ്റുകളിൽ യുവജനസംഗമം നടത്തി.

**CHRISTMAS FIESTA 2k21 :** ചെമ്പന്തൊട്ടി ഫൊറോനയിൽ നേതൃത്വത്തിൽ CHRISTMAS FIESTA 2k21 ക്രിസ്തുമസ് സംഗമം നടത്തി.

**നക്ഷത്ര ദൂതൻ:** ക്രിസ്തുമസ്സിന്റെ 25 ദിവസവും കാഞ്ഞങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിലെ പ്രസിഡന്റുമാർ ക്രിസ്തുമസ് സന്ദേശം നൽകി.

**5's Futsal Football Tournament** : കാഞ്ഞങ്ങാടിന്റെ കാൽപന്തുമാമ്മാങ്കമായ 5's futsal football Tournament നടത്തി. 20 + ടീമുകൾ പങ്കെടുത്ത ടൂർണമെന്റിൽ urnamentkcym Empire fc Chayoth Everolling trophy നേടി. kcym lbvm Pooinachi റണ്ണേഴ്സ് ആയി.

**2022 കലണ്ടർ പ്രകാശനം**

തോമാപുരം ഫൊറോനയുടെ നേതൃത്വത്തിൽ 2022 പുതുവർഷ കലണ്ടർ പുറത്തിറക്കി. കലണ്ടറിന്റെ പ്രകാശന കർമ്മം തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ഫൊറോനയിലെ എല്ലാ ഭവനങ്ങളിലും കെസിവൈഎം പ്രവർത്തകർ തങ്ങളുടെ കലണ്ടർ എത്തിച്ചു.

സ്നേഹപൂർവ്വം

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

895 എം.പി.സി ഓൺലൈൻ കോഴ്സ് ജനുവരി 14 – 15 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 179 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

**2. Online MPC Live Classes**

**MPC 2022**

| | |
|---|---|
| February | 18 - 19 (Friday, Saturday) |
| March | 18 - 19 (Friday, Saturday) |
| April | 22 - 23 (Friday, Saturday) |
| May | 20 - 21 (Friday, Saturday) |

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
   **രണ്ടാം ദിവസം : 08.00 am – 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ്

ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :– www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**

**Free - 15 Days**

**Till You Marry - 9999 (1 Year)**
View Contacts : 750
Profile Details View : 750
Express Interest : 750
Digital Magazine Subscription

**Golden Package - 3999 (1 Year)**
View Contacts : 550
Profile Details View : 550
Express Interest : 550
Digital Magazine Subscription

**Diamond Package - 4999 (1 Year)**
View Contacts : 650
Profile Details View : 650
Express Interest : 650
Digital Magazine Subscription

**Silver Package - 2999 (6 monts)**
View Contacts : 350
Profile Details View : 350
Express Interest : 350
Digital Magazine Subscription

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – വൃദ്ധരോഗികളെ സന്ദർശിക്കുക.
3. **മാതൃവേദി പ്രവർത്തന പദ്ധതി – ഫെബ്രുവരി 2022**

ഫെബ്രുവരി 2 – പരി.കന്യകാ മറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ
11 – രോഗീദിനം – ലൂർദ്ദ്മാതാവ്

8 – 19 – എം.പി.സി

23 – മേഖലാ ഭാവാഹികളുടെ സെനറ്റ് മീറ്റിംഗ് – ഓൺലൈൻ

**25 – ഹരിതം ലിസ്റ്റ് മേഖലയിൽ എത്തിക്കേണ്ട അവസാന തീയതി.**

28 – നോമ്പാരംഭം–വിഭൂതി–സകല മരിച്ചവരുടെയും തിരുനാൾ

## 4. അറിയിപ്പുകൾ

- ജ്വാല പരിപാടി തന്നിട്ടുള്ള തീയ്യതികളിൽ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക. ഓഫ്ലൈനിൽ നടത്താൻ പ്രയാസമെങ്കിൽ ഓൺലൈനിൽ അതേ ദിവസം തന്നെ നടത്തുന്നതാണ്. പ്രോഗ്രാമുകൾ ആലോ ചിച്ച് ഓഫീസിൽ അറിയിക്കുക.
- കാഞ്ഞങ്ങാട് മേഖലയുടെ ജ്വാല പരിപാടി ഫെബ്രുവരി 22 ന് രാവിലെ 10 മുതൽ 12 വരെ നടത്തപ്പെടുന്നാണ്.
- ബിബ്ലിയ പരീക്ഷയുടെ ഫൈനൽ റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ ലൈവ് ക്വിസ്സ് മത്സരത്തിനായി തയ്യാറെടുക്കുക. ഫൈനൽ മത്സരത്തിന്റെ തീയ്യതി പിന്നീട് അറിയിക്കുന്നതാണ്. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് അതേ ദിവസം തന്നെയായിരിക്കും.
- അമ്മവീട് ഭവനപദ്ധതിക്കായി തുടർന്നും സംഭാവനകൾ സ്വീകരിക്കുകയും അക്കൗണ്ടിലേക്ക് അയക്കുകയും ചെയ്യുമല്ലോ. അക്കാര്യം ഓഫീസിലേക്ക് വിളിച്ചറിയിക്കേണ്ടതാണ്.
- അതിരൂപതാ വിഹിതം എല്ലാ യൂണിറ്റുകാരും മേഖലകളിൽ എത്തിക്കുകയും അവിടെ നിന്ന് അക്കൗണ്ടിലേക്ക് അയക്കുകയും ചെയ്യുക.
- ജ്വാല പ്രോഗ്രാമിന് മുമ്പായി കലണ്ടർ, പ്രാർത്ഥാ പുസ്തകം തുടങ്ങിയ എല്ലാ തുകകളും കൊടുത്തുതീർക്കുക. അതുപോലെ ഓൺലൈൻ അംഗത്വ രജിസ്ട്രേഷൻ, മേഖല–യൂണിറ്റ് അംഗത്വ രജിസ്റ്റർ ബുക്കുകളുടെ അപ്ഡേഷൻ എന്നിവ പൂർത്തീകരിക്കുക.
- ഫെബ്രു.23 മുതൽ 26 വരെ ജീവാഗ്നി റിട്രീറ്റ് (കുഞ്ഞുങ്ങളെ കാത്തിരിക്കുന്ന ദമ്പതികൾക്കായി) ഓൺലൈനിൽ നടത്തുന്നു. ധ്യാനത്തിൽ പങ്കെടുക്കാനുള്ള കുടുംബങ്ങളെ ബന്ധപ്പെടുകയും രജിസ്ട്രേഷൻ നടത്തു കയും ചെയ്യുക.

### 5. മാതൃസംഗമം

കരുവഞ്ചാൽ ഇടവകയിലും കല്ലുവയൽ ഇടവകയിലും എല്ലാ മാതൃവേദി അംഗങ്ങളെയും സംബന്ധിപ്പിച്ചുകൊണ്ട് മാതൃസംഗമം സംഘടിപ്പിച്ചു. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ക്ലാസുകൾക്ക് നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർമാരായ ഫാ.ജോസഫ് ഈനാച്ചേരിൽ, ഫാ.ബിജു തേലക്കാട്ട്, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**6. നന്ദി :** ബിബ്ലിയ ഫമീലിയ എന്ന ഒരു വർഷം നീണ്ടുനിന്ന ബൈബിൾ പഠനപരമ്പര വിജയകരമായി അവസാന റൗണ്ടിലേക്ക് പ്രവേശിക്കുകയാണ്. ഇതിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ കുടുംബങ്ങളെയും ഹൃദ്യമായി അഭിനന്ദിക്കുന്നു. ഇപ്രകാരം പഠനക്ലാസുകളിൽ പങ്കെടുപ്പിക്കാൻ മാതൃവേദി അംഗങ്ങൾ നൽകിയ നേതൃത്വത്തിന് പ്രത്യേകം നന്ദി. ബൈബിൾ ക്ലാസുകൾ കൃത്യമായ സമയത്തും ആധികാരികമായും മനോഹരമായി അവതരിപ്പിച്ചും ഈ കോഴ്സ് നടത്തിയ ഡോ.ഫാ.ടോം ഓലിക്കരോട്ട് അച്ചനെയും അഭിനന്ദിക്കുന്നു. സാങ്കേതിക സഹായങ്ങൾ നൽകിയ ബൈബിൾ അപ്പൊസ്റ്റോലേറ്റ്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും ചോദ്യങ്ങൾ ഓരോ മാസങ്ങളിലും തയ്യാറാക്കാൻ സഹായിച്ച സി.ജ്യോതി സി.എച്ച്.എഫി നും റീജൻസി ബ്രദേഴ്സിനും അകൈതവമായ നന്ദി അറിയിക്കുന്നു. അതോടൊപ്പം യൂണിറ്റ് - മേഖല ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം നന്ദി.

## 7. അമ്മവീട് - ഭവനപദ്ധതി

മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജൂബിലിയോടനുബന്ധിച്ച് തുടക്കം കുറിച്ച ഭവനപദ്ധതിയുടെ ഒന്നാം ഘട്ടമായി കിട്ടിയ തുകയുടെ ഡീറ്റെയിൽസ്

**തോമാപുരം മേഖല**

| Units | Amount |
|---|---|
| അതിരുമാവ് | 500 |
| ആയന്നൂർ | 1000 |
| ചട്ടമല | 1000 |
| ചാവറഗിരി | 500 |
| കടുമേനി | 3000 |
| കമ്പല്ലൂർ | 1000 |
| കണ്ണിവയൽ | 1000 |
| കാവുന്തല | 1000 |
| മണ്ഡപം | 500 |
| തയ്യേനി | 2000 |
| തോമാപുരം | 5000 |
| വരക്കാട് | 500 |
| ആകെ | 17000 |

**ചെമ്പന്തൊട്ടി മേഖല**

| | |
|---|---|
| ചെമ്പന്തൊട്ടി | 5000 |
| നടുവിൽ | 1000 |
| മണ്ടളം | 3000 |
| കോട്ടൂർവയൽ | 2000 |
| ശ്രീകണ്ഠാപുരം | 2000 |
| ആകെ | 13000 |

**നെല്ലിക്കാംപൊയിൽ മേഖല**

| Units | Amount |
|---|---|
| നെല്ലിക്കാംപൊയിൽ | 500 |
| കാഞ്ഞിരക്കൊല്ലി | 1000 |
| ശാന്തിനഗർ | 1000 |
| മണിക്കടവ് | 500 |
| മാട്ടറ | 1000 |
| ഉളിക്കൽ | 1000 |
| കല്ലുവയൽ | 2000 |
| മണിപ്പാറ | 5000 |
| ആനറ | 500 |
| ഇരിട്ടി | 2000 |
| കാലങ്കി | 500 |
| പുറവയൽ | 300 |
| ആകെ | 15300 |

| പൈസക്കരി മേഖല | |
|---|---|
| പൈസക്കരി | 2500 |
| ഏറ്റുപാറ | 1000 |
| പാടാൻകവല | 500 |

| തളിപ്പറമ്പ് മേഖല | |
|---|---|
| പയ്യന്നൂർ | 2000 |

| ആലക്കോട് മേഖല | |
|---|---|
| അരിവിളഞ്ഞപൊയിൽ | 1000 |

| വെള്ളരിക്കുണ്ട് മേഖല | |
|---|---|
| അട്ടക്കണ്ടം | 500 |
| വിമലഗിരി പരപ്പ | 1000 |
| അമലഗിരി - ദർഘാസ് | 1000 |
| പുന്നക്കുന്ന് | 1000 |
| വെള്ളരിക്കുണ്ട് | 1000 |
| കാലിച്ചാമരം | 1000 |
| പറമ്പ | 1000 |
| കൊന്നക്കാട് | 1000 |
| പുഞ്ച | 1000 |
| മാലോം | 1000 |
| ബിരിക്കുളം | 1000 |
| ആകെ | 10500 |

| വായാട്ടുപറമ്പ് മേഖല | |
|---|---|
| വായാട്ടുപറമ്പ് | 1500 |
| കരുവഞ്ചാൽ | 3000 |
| തടിക്കടവ് | 1500 |
| പാത്തൻപാറ | 2000 |
| അൽഫോൻസഗിരി | 1000 |
| കരുണാപുരം | 1000 |
| മാവുഞ്ചാൽ | 1500 |
| വെള്ളാട് | 1000 |
| വിജപുരം | 500 |
| ആകെ | 13000 |

| എടൂർ മേഖല | |
|---|---|
| എടൂർ | 1000 |
| വെളിമാനം | 1000 |
| കരിക്കോട്ടക്കരി | 1000 |
| മാങ്ങോട് | 1000 |
| ചെടിക്കുളം | 500 |
| കീഴ്പ്പള്ളി | 500 |
| വട്ടിയറ | 500 |
| ഉരുപ്പുംകുറ്റി | 500 |
| എടപ്പുഴ | 500 |
| എടൂർ മേഖല | 3500 |
| ആകെ | 10000 |

## നന്ദി, സ്വാഗതം

പേരാവൂർ മേഖലാ ഡയറക്ടറായി സേവനം നല്കി ഉപരിപഠനത്തിനായി പോയിരിക്കുന്ന ബഹു. മനു മാപ്പിളപ്പറമ്പിൽ അച്ചന് നന്ദിയും ആശംസകളും. പുതിയ മേഖല ഡയറക്ടർ മാർട്ടിൻ പറപ്പള്ളിയാത്ത് അച്ചന് സ്നേഹപൂർവ്വം സ്വാഗതം നേരുന്നു.

## IV. അമല പ്രോലൈഫ്

• അതിരൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെയും, ആനിമേറ്റർ സി.ജെസ്റ്റീന ഷാജൻ എം.എസ്.എം.ഐ യുടെയും നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും എക്സിക്യൂട്ടീവ് ഓൺലൈനായി ചേരുന്നു.

**1. ജീവോത്സവം**

ഡിസംബർ 21 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് അമലപ്രോലൈഫിന്റെ നേതൃത്വത്തിൽ വലിയ കുടുംബങ്ങളുടെ സംഗമമായ ജീവോത്സവം സംഘടിപ്പിക്കുകയുണ്ടായി.

ചടങ്ങിൽ 17 ഓളം കുടുംബങ്ങൾ പങ്കെടുത്തു. അമല പ്രോലൈഫ് വൈസ് പ്രസിഡണ്ട് ശ്രീ ടോമി ഓലിക്കൽ സ്വാഗതമാശംസിച്ച ചടങ്ങിൽ പ്രോലൈഫ് പ്രസിഡണ്ട് ശ്രീ സിജി പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോലൈഫ് ട്രഷറർ ശ്രീമതി റൈനി കടവൻകുന്നേൽ ഏവരെയും പരിചയപ്പെടുത്ു കയും ചെയ്തു പ്രസ്തുത സംഗമം തലശ്ശേരി അതിരൂപതയുടെ അഭിവന്ദ്യ പിതാവ് മാർ ജോർജ്ജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്യുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രദമായ സന്ദേശം നൽകി സംസാരിച്ചു. അമല പ്രോലൈഫ് ആനിമേറ്റർ സി.ജെസ്റ്റീന എം.എസ്.എം.ഐ മുഖ്യ പ്രഭാഷണവും തളിപ്പറമ്പ് ഫൊറോന വികാരി റവ.ഫാ.അബ്രാഹം പോണാട്ട്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്. എഫ്, അതിരൂപത മാതൃവേദി ട്രഷറർ ശ്രീമതി ഷീബ തെക്കേടത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് എല്ലാ കുടുംബങ്ങളെയും ആദരിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

**2. കരോൾ ബെൽസ്**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് തലശ്ശേരി അതിരൂപതയിലെ കുടുംബങ്ങൾക്കുവേണ്ടി ഓൺലൈൻ കരോൾഗാന മത്സരം കരോൾ ബെൽസ് എന്ന പേരിൽ നടത്തുകയുണ്ടായി. ഇതിൽ 33 കുടുംബങ്ങൾ പങ്കെടുത്തു. അതിൽ നിന്നും വിജയികളായ 1,2,3 സ്ഥാനക്കാർക്ക് ജീവോത്സവം പരിപാടിയിൽ വച്ച് ക്യാഷ് അവാർഡുകൾ നൽകുകയും തുടർന്ന് 2 കുടംബങ്ങൾക്ക് പ്രോത്സാഹനസമ്മാനവും നൽകി.

**3. ജീവാഗ്നി റിട്രീറ്റ്**

ജീവാഗ്നി റിട്രീറ്റ് ഫെബ്രുവരി 23 മുതൽ 26 വരെ ഓൺലൈനായി നടത്തുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ള ദമ്പതികൾ താഴെ തന്നിരിക്കുന്ന നമ്പറുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫോൺ : 9048993703, 7510228711

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

വിദ്യാഭ്യാസ രംഗത്ത് പൊതുവിദ്യാലയങ്ങളുടെ പ്രസക്തി സമൂഹം കൂടുതൽ മനസ്സിലാക്കുന്ന സമയമാണിത്. കോവിഡ് ലഹരിക്കിടയിലും ഓൺലൈനായും, ഓഫ്ലൈനായും ഗൃഹസന്ദർശനം നടത്തിയും നൂതന അധ്യയന മാർഗങ്ങൾ കണ്ടെത്തിയും കുട്ടികളെ സജ്ജരാക്കുന്നതിന് അധ്യാപകർക്ക് മാതൃകയാകുന്നതിന് സാധിച്ചു എന്നത് അഭിനന്ദനീയമാണ്. പഠന പ്രവർത്തനങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നതിന് ഇതുവരെ കേട്ടിട്ടില്ലാത്ത സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുകയും അതിലൂടെ കൂട്ടികളുടെ പഠനവിരസത ഒഴിവാക്കുന്നതിൽ നമ്മുടെ അധ്യാപകർ കാണിച്ച വൈഭവം ശ്ലാഘനീയമാണ്.

എങ്കിലും ഇപ്പോഴും പല അധ്യാപകരുടെയും മക്കൾ പഠിക്കുന്നത് അൺ എയിഡഡ് സ്കൂളുകളിലാണെന്നുള്ളത് ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. സ്കൂളുകളിൽ ചേർക്കുന്നതിനായി രക്ഷിതാക്കളെ സമീപിക്കുന്ന അവസരത്തിൽ പലപ്പോഴും നിങ്ങളുടെ കുട്ടികൾ എവിടെയാണ് പഠിക്കുന്നതെന്ന ചോദ്യം നേരിടാറുണ്ടെന്ന് അധ്യാപകർ പങ്കു വെയ്ക്കാറുണ്ട്. നമ്മുടെ അധ്യാപകരിൽ ഭൂരിഭാഗവും പൊതുവിദ്യാലയത്തിൽ തന്നെയാണ് കുട്ടികളെ പഠിപ്പിക്കുന്നത് എന്നറിയാം. ചുരുക്കം ചിലരുടെ പ്രവർത്തികൊണ്ട് എല്ലാവരും പഴികേൾക്കേണ്ടി വരുന്ന സാഹചര്യം നാം ഒഴിവാക്കണം. അടുത്ത അധ്യയന വർഷം മുതൽ എല്ലാ അധ്യാപകരുടെയും മക്കൾ പൊതുവിദ്യാലയങ്ങളിലാണ് പഠിക്കുന്നതെന്ന് സ്വയം ഉറപ്പ് വരുത്തണം. മുൻവർഷങ്ങളിൽ അധ്യാപകരോട് കുട്ടികളെ എയ്ഡഡ് സ്കൂളിൽ ചേർക്കുന്ന കാര്യം സംസാരിച്ചപ്പോൾ അടുത്ത വർഷത്തേക്കുള്ള പുസ്തകങ്ങൾ വാങ്ങി ഫീസും അടച്ചു എന്ന ന്യായമാണ് പറഞ്ഞിരുന്നത്. അതിനാലാണ് ഈ വർഷം നേരത്തെ തന്നെ ഓർമ്മിപ്പിക്കുന്നത്. സ്കൂളുകൾ പരിപാലിക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധ ബഹു. മാനേജരച്ചന്മാർ ഇക്കാര്യത്തിലും കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിസ്സാര കാരണങ്ങൾ പറഞ്ഞ് അൺ എയിഡഡ് സ്കൂളുകളിൽ തുടരുന്നവരുടെ വിവരങ്ങൾ പ്രഥമാദ്ധ്യാപകർ ഓഫീസിൽ അറിയിക്കണം. ചോറു തരുന്നിടത്താകട്ടെ നമ്മുടെ കൂറും. ഓൺലൈൻ ക്ലാസുകൾ കാലാനുസൃതമായി മെച്ചപ്പെട്ട രീതിയിൽ നടത്താൻ ശ്രമിക്കണം.

## സന്മാർഗ ശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷകൾ

1 മുതൽ 12 വരെ ക്ലാസുകളിലെ സന്മാർഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷകൾ താഴെ പറയുന്ന സെന്ററുകളിൽ വെച്ച് ഫെബ്രുവരി 12 ശനി

യാഴ്ച 10 മണിമുതൽ നടത്തുന്നതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും നിയന്ത്രണങ്ങൾക്ക് അനുസൃതമായും മാത്രമാണ് പരീക്ഷനടത്തുക. പങ്കെടുക്കുന്ന കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഗൂഗിൾ ഫോം അയച്ചു തരുന്നതാണ്.

വെള്ളരിക്കുണ്ട് യുപിഎസ്, പാലാവയൽ എച്ച് എസ്

പെരുമ്പടവ് എച്ച്. എസ്, വായാട്ടുപറമ്പ യു പിഎസ്

ചെമ്പേരി യുപിഎസ, കിളിയന്തറ എച്ച് എസ്

എടൂർ എച്ച്.എസ്, തൊണ്ടിയിൽ യു പി എസ്

കോവിഡ് നിയന്ത്രണങ്ങൾ കാരണം പരീക്ഷകൾ മാറ്റിവെയ്ക്കേണ്ടി വന്നാൽ വിവരം അറിയിക്കുന്നതാണ്.

## അധ്യാപക അനധ്യാപക അവാർഡ്

തലശ്ശേരി അതീരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി 2021-22 വർഷത്തിലേക്കുള്ള അധ്യാപക/ അനധ്യാപക അവാർഡുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം നൽകുന്നു. താൽപര്യമുള്ളവർ സ്കൂൾ മാനേജരുടെ ശുപാർശ കത്ത് സഹിതം 2022 ജനുവരി 28 നകം നൽകേണ്ടതാണ്. എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അപേക്ഷ സംസ്ഥാനതല അവാർഡിനായി സമർപ്പിക്കുന്നതാണ്. മിനിമം 15 വർഷം സർവ്വീസുള്ളവർ അവാർഡിന് അപേക്ഷിച്ചാൽ മതിയാകും. ഈ വർഷം മികച്ച സ്കൂളുകൾക്കുള്ള അവാർഡുകൾ ഉണ്ടായിരിക്കുന്നതല്ല.

ഓരോ സ്കൂളിൽ നിന്നും റിട്ടയർ ചെയ്യുന്ന അധ്യാപകരുടെ ലിസ്റ്റ് സ്കൂളുകളിലേക്ക് മെയിൽ ചെയ്യുന്നതാണ്. ലിസ്റ്റ് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ കോർപ്പറേറ്റ് ഓഫീസിൽ അറിയിക്കണം. സന്മാർഗ പാഠ പരീക്ഷകൾ എല്ലാ സ്കൂളുകളിലും പൂർത്തിയായി എന്നു കരുതുന്നു.

കാത്തലിക് ടീച്ചേഴ്സ് ഗീൽഡ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന താഴെ കൊടുത്തിരിക്കുന്ന മത്സരങ്ങളുടെ എൻട്രി കോർപ്പറേറ്റ് തലത്തിൽ നൽകേണ്ട സമയം 2022 ജനുവരി 20 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

1. ലഹിരിമുക്ത വിദ്യാലയം-ഡിസംബർ മാസത്തിൽ നടത്തിയ പോസ്റ്ററുകൾ, സെമിനാറുകൾ, കത്തുകൾ ബോധവത്ക്കരണ പരിപാടികൾ, സ്റ്റിക്കർ, ലഘുലേഖ വിതരണം തുടങ്ങിയ വിവിധ പ്രോഗ്രാമുകളുടെ ഫോട്ടോ, റിപ്പോർട്ട്, പത്രവാർത്ത ഇവ ഒറ്റ ഫയലാക്കി ജനുവരി 20 നകം കോർപ്പറേറ്റ് ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

2. രചന മത്സരങ്ങൾ - അധ്യാപകരുടെ ഉപന്യാസം, കവിതരചന എന്നിവ പിഡിഎഫ് രൂപത്തിലും, ഷോട്ട് വീഡിയോ ഇ മെയിലായും ജനുവരി 20 ന്

മുൻപ് അയക്കണം. മത്സരം സംബന്ധിച്ച വിശദവിവരങ്ങൾ മുൻപ് അറിയിച്ചിരുന്നത് പരിശോധിക്കുമല്ലോ.

## പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് സെലക്ഷൻ

പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് തസ്തികകളിലേക്ക് നിയമനത്തിന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകരിൽ നിന്ന് ന്യൂനപക്ഷാവകാശത്തെ അടിസ്ഥാനമാക്കി സെലക്ഷൻ നടത്തി നിയമനം നൽകുന്നതായിരിക്കും. അപേക്ഷകർ 25/02/2022 തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ ഫോം സ്കൂളിലേക്ക് ഇ-മെയിൽ ചെയ്യുന്നതാണ്.

## പ്രിൻസിപ്പാൾ ഹെഡ്മാസ്റ്റർ സെലക്ഷൻ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും

- രജിസ്ട്രേഷൻ : ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന യോഗ്യതയുള്ള (കെ.ഇ.ആർ, കെ.എസ്ആർ) അധ്യാപകർക്ക് പ്രധാനാധ്യാപക തസ്തികയിൽ പ്രെമോഷൻ ലഭിക്കുന്നതിനു വേണ്ടി അപേക്ഷിക്കാവുന്നതാണ്.
- അപേക്ഷയോടൊപ്പം യോഗ്യതാസർട്ടിഫിക്കറ്റുകൾ, ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മറ്റ് മെറിറ്റ് സർട്ടിഫിക്കറ്റുകളുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ എന്നിവ സമർപ്പിക്കേണ്ടതാണ്.
- പൂർണ്ണമല്ലാത്തതും, തെറ്റായ വിവരങ്ങൾ നൽകുന്നതുമായ അപേക്ഷകൾ തിരസ്കരിക്കപ്പെടുന്നതാണ്.
- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 25/02/2022
- രജിസ്റ്റർ ചെയ്യുന്നവരെ ഇന്റർവ്യൂന് ക്ഷണിക്കുന്നതാണ്.
- മുൻ അധ്യയന വർഷങ്ങളിൽ അപേക്ഷ സമർപ്പിച്ച് സെലക്ഷൻ ലഭിക്കാത്തവർ പ്രൊമോഷൻ ആഗ്രഹിക്കുന്നുവെങ്കിൽ അപേക്ഷ പുതുക്കേണ്ടതാണ്.
- നമ്മുടെ കോർപ്പറേറ്റിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ന്യൂനപക്ഷ അവകാശത്തിന്റെഅടിസ്ഥാനത്തിലായിരിക്കും പ്രധാനാധ്യാപക നിയമനം.
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അപേക്ഷ ഫോമിന്റെ ഒരു കോപ്പി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം.
- ലോക്കൽ മാനേജരുടെയും പ്രധാന അധ്യാപകരുടെയും റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്ന് നേരിട്ട് അഭ്യർത്ഥിക്കുന്നതാണ്. അത് അപേക്ഷകർ നേരിട്ട് ലഭ്യമാക്കേണ്ടതില്ല.
- സർവ്വീസ് മിനിമം മൂന്ന് വർഷമെങ്കിലും അവശേഷിക്കുന്നവർക്കായിരിക്കും പ്രഥമ പരിഗണന.

# വിമൽജ്യോതി വാർത്തകൾ

2022-23 അദ്ധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം മുതൽ വിവിധ സ്കോളർഷിപ്പുകൾ നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ വർഷം മികച്ച 50-ലധികം വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസായ 8500 രൂപ മാത്രം വാർഷിക ഫീസായി സ്വീകരിച്ച് വിവിധ ബ്രാഞ്ചുകളിൽ അഡ്മിഷൻ നൽകിയിട്ടുണ്ട്. നിലവിൽ പ്ലസ്വൺ പരീക്ഷയിൽ 90%ത്തിലധികം മാർക്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് സ്കീമിലേക്ക് നേരത്തെതന്നെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

**Medical / Engineering & etc. Entrance Coaching**

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി ഏപ്രിൽ

→

**സെലക്ഷന് സ്വീകരിക്കുന്ന മാനദണ്ഢങ്ങൾ**

ധാർമ്മിക കാര്യങ്ങളിൽ മാതൃകയാവുക, ശിക്ഷാനടപടികൾക്ക് വിധേയരാകാതിരിക്കുക, നേതൃത്വ വാസന, സഹകരണമനോഭാവം, സംഘാടനാവൈഭവം, പ്രസംഗ ചാതുര്യം, സമൂഹത്തോടും ഇടവകായോടും സഭയോടും ഉള്ള പ്രതിബദ്ധത, അക്കാദമിക് വിഷയങ്ങളിലുള്ള താൽപര്യവും അധികയോഗ്യതയും, പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലുള്ള പ്രതിബദ്ധത, സംശുദ്ധമായ മുൻകാല സേവനചരിത്രം, സാമൂഹികതിന്മകളിൽ നിന്നും അകന്നു നിൽക്കുന്ന ജീവിതശൈലി എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും സെലക്ഷൻ.

മേൽപറഞ്ഞ കാര്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രങ്ങൾ, രേഖകൾ എന്നിവ അപേക്ഷഫോറത്തോടൊപ്പം സമർപ്പിക്കാവുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

1 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ / ഓഫ്ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- ബഹുരാഷ്ട്ര ഐ.ടി കമ്പനിയായ VIRTUSA നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ അവസാന വർഷ Computer Science വിദ്യാർത്ഥിനിയായ Ms. Rose Alphons Benny-ക്കു ജോലി ലഭിച്ചു. പ്രതി വർഷം നാലു ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- 2021 ഡിസംബർ മാസത്തിൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന QSPIDERS നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ വിമൽ ജ്യോതിയിൽ നിന്നും 11 അവസാന വർഷ വിദ്യാർഥികൾ തിരഞ്ഞെടുക്കപ്പെട്ടു. ഈ വിദ്യാർത്ഥികൾ 2022 ജൂലൈ 11-നു ജോലിക്കു ഹാജരാവണം. ട്രെയിനിങ്ങിനു ശേഷം പ്രതിവർഷം നാലര ലക്ഷം രൂപ വരെ ശമ്പളം ലഭ്യമാകുന്ന തൊഴിലവസരമാണിത്.
- പ്രമുഖ പ്രോഡക്റ്റ് ഡെവലപ്മെന്റ് ഐ.ടി കമ്പനിയായ WINWIRE TECHNOLOGIES നവംബർ മാസത്തിൽ സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ Ms. Krishnapriya Premakumar എന്ന വിദ്യാർത്ഥിനിക്ക് ജോലി ലഭിക്കുകയുണ്ടായി. വർഷം നാലര ലക്ഷം രൂപ വരെ ശമ്പളം ഉള്ള ജോലിയാണിത്.
- വിമൽ ജ്യോതിയിലെ മൂന്നാം വർഷ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി കോളേജിലെ പ്ലേസ്മെന്റ് സെൽ ക്രിസ്തുമസ് വെക്കേഷൻ സമയത്തു ഡിസംബർ 28 മുതൽ 31 വരെ തീയതികളിൽ 12 മണിക്കൂർ ദൈർഘ്യമുള്ള ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. ജൂൺ / ജൂലൈ മാസത്തിൽ നടക്കാൻ പോകുന്ന TCS റിക്രൂട്ട്മെന്റ് മുന്നിൽ കണ്ട് 50 വിദ്യാത്ഥികൾക്കു ജോലി നേടി കൊടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പരിശീലന പരിപാടിയായിരുന്നു ഇത്. 66 വിദ്യാർഥികൾ പങ്കെടുത്തു.
- INFOSYS, WIPRO, BYJUS, HEXAWARE എന്നിങ്ങനെ 10 പ്രമുഖ കമ്പനികൾ ജനുവരി മാസം വിമൽ ജ്യോതിയിൽ നിന്നും കുട്ടികളെ റിക്രൂട്ട് ചെയ്യുന്നു. പ്രതിവർഷം 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ ശമ്പളം ഈ കമ്പനികൾ വാഗ്ദാനം ചെയ്യുന്നുണ്ട്. മാനേജർ, വിമൽ ജ്യോതി

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777, 8281730777**

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയിൽ വളരെയേറെ വിദ്യാർത്ഥികൾ വിവിധ പരിശീലനങ്ങളിലൂടെ കടന്നുപോവുന്ന ഒരു കാലഘട്ടമാണിത്. വിവിധ പരീക്ഷകൾ എഴുതിയവർ മികച്ച വിജയങ്ങൾ നേടിയെടുക്കുകയും സ്വദേശത്തും വിദേശത്തുമായി വിവിധ ജോലി മേഖലകളിലും പഠന മേഖലകളിലും എത്തിച്ചേരുകയും ചെയ്തു. തുടർന്നും നിങ്ങളുടെ വിലയേറിയ പ്രോത്സാഹനം പ്രതീക്ഷിക്കുന്നു. 2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1, A2 കോഴ്സുകളുടെ പുതിയ ബാച്ച് ഫെബ്രുവരി 1 മുതൽ ആരംഭിക്കുന്നു. B1, B2 ബാച്ചുകൾ ഫെബ്രുവരി 15 മുതൽ ആരംഭിക്കുന്നു. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് പഠനസംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

### 3. UKVI

ജനറൽ നഴ്സിംഗ് പാസ്സായിട്ടുള്ളവരും IELTS സ്കോർ 6 ൽ താഴെ ആവശ്യമായിട്ടുള്ളവരുമായ ആളുകൾക്ക് യു.കെ.യിൽ മെഡിക്കൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഏറെ ജോലി സാധ്യതകളുണ്ട്. ഈ കാലയളവിൽ ഏറെ വ്യക്തികൾ ഈ സാധ്യത പ്രയോജനപ്പെടുത്തി യു.കെ.യിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിന്റെ പ്രത്യേക പരിശീലനം സാൻജോസ് അക്കാഡമിയിൽ ആരംഭിച്ചിട്ടുണ്ട്.

### 4. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

### 5. സാൻജോസ് പ്ലസ് വൺ / പ്ലസ് ടു (SAVE +2)

പ്ലസ് വൺ, പ്ലസ്ടുവിൽ പഠിക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി, വിവിധ എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ അക്കാഡമിയിൽ 2021 നവംബർ 1 മുതൽ ആരംഭിച്ചു. ഇന്ത്യയിലെ വിവിധ കലാലയങ്ങളിലേയ്ക്ക് പ്ലസ്ടുവിന് ശേഷം നടക്കാനിരിക്കുന്ന എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണിത്. ഇന്ത്യയിലെ പ്രധാന പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകരെ ഒരുമിച്ച് ചേർത്തുകൊണ്ടുള്ള പരിശീലനമാണിത്. കേരളത്തിലെതന്നെ ഈ രംഗത്ത് പ്രഗത്ഭരായ അക്കാഡമികളോട് കിടപിടിക്കത്തക്ക ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ബോർഡ് പരീക്ഷയിൽ ഉയർന്ന മാർക്കും കൂടാതെ NEET, JEE, KEAM, CUSAT, NDA തുടങ്ങിയ മത്സര പരീക്ഷകളിലേക്കുമുള്ള പരിശീലനങ്ങളാണ് നൽകുന്നത്. ലൈവ് ഇന്ററാക്ടീവ് ക്ലാസ്സുകളാണ് നൽകുന്നത്. Daily / Weekly / Monthly പരീക്ഷകളും റെമഡിയൽ ക്ലാസ്സുകളും നൽകുന്നതാണ്. മികച്ച സ്റ്റഡി മെറ്റീരിയലുകളും പരീക്ഷകൾക്കാവശ്യമായ ഷോർട്ട് നോട്ടുകളും ലഭ്യമാണ്.

സാൻജോസ് അക്കാഡമിയുടെ പ്രത്യേക ആപ്പിലൂടെയാണ് പരിശീലനങ്ങൾ നടത്തപ്പെടുന്നത്.

## 6. +1 Tuition + Entrance Coaching

ഈ വർഷം പ്ലസ് വൺ സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലനമാണിത്. ആഴ്ച്ചയിൽ 15 മണിക്കൂറുകളും 350 ആകെ മണിക്കൂറുകളും നൽകുന്ന പരിശീലനമാണിത്.

## 7. Medical / Engineering & etc. Entrance Coaching

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി ഏപ്രിൽ 1 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ/ഓഫ്ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

ഡിസംബർ 31ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടന്ന ഗ്ലോബൽ സമിതി സംഘടിപ്പിച്ച ക്രിസ് മീറ്റിൽ അതിരൂപതയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ പങ്കെടുത്തു. സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡണ്ട് അഡ്വക്കറ്റ് ബിജു പറയനിലം അധ്യക്ഷത വഹിച്ചു.

ക്രൈസ്തവ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി നിയമിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി കോശി കമ്മീഷൻ മുമ്പാകെ കണ്ണൂർ ഗസ്റ്റ് ഹൗസിൽവച്ച് കത്തോലിക്ക കോൺഗ്രസ് അതിരൂപത നേതൃത്വം ക്രൈസ്തവ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ ബോധ്യപ്പെടുത്തുന്നതിനായി തെളിവുകൾ ഹാജരാക്കി.

അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി എന്നിവർ പങ്കെടുത്തു.

## ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ കത്തോലിക്കാ കോൺഗ്രസ് ബോധിപ്പിച്ച നിർദ്ദേശങ്ങൾ:

1. ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും കർഷകരാണ്. കർഷകരുടെ മക്കൾക്ക് ഗവൺമെന്റ് ജോലി റിസർവേഷൻ വേണം.
2. വിദ്യാഭ്യാസത്തിനായി ലോണെടുത്ത കർഷകർ ഇന്ന് വലിയ കടക്കെണിയിലാണ്. നിലവിലുള്ള കർഷക മക്കളുടെ വിദ്യാഭ്യാസ ലോണുകൾ എഴുതിത്തള്ളണം. കർഷക മക്കൾക്ക് വിദ്യാഭ്യാസ ലോണിനായി 4% മാത്രമേ പലിശ വാങ്ങാവൂ.
3. കാർഷികവിളകൾക്ക് സ്ഥിരമായി വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തണം.
4. വന്യജീവികളുടെ ആക്രമണം മൂലം കൃഷിക്കാർക്ക് കൃഷി ചെയ്യുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൃഷിയിടങ്ങളിലെ കടന്നുവരുന്ന വന്യ ജീവികളെ കൊല്ലുന്നത്തിനുള്ള അധികാരം കൃഷിക്കാർക്ക് നൽകണം. കൃഷിക്കാർക്ക് തോക്കു ലൈസൻസ് അടിയന്തരമായി നൽകാനുള്ള ഉത്തരവ് ഉണ്ടാകണം.
5. വന്യജീവികളുടെ ആക്രമണം മൂലം കൃഷി ചെയ്യുവാനും ജീവിക്കുവാനും കഴിയാതെ കൃഷിഭൂമി ഉപേക്ഷിച്ചുപോകുന്ന കർഷകരുടെ കൃഷിഭൂമി സർക്കാർ പൊന്നും വിലയ്ക്ക് ഏറ്റെടുക്കണം.
6. കർഷകരുടെ കാർഷിക കടങ്ങൾ മുഴുവനും എഴുതിത്തള്ളണം.

# ഇൻഫാം വാർത്തകൾ

ദേശീയ കർഷക ദിനം ജനുവരി 15ന് ഇൻഫാമിന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ സമുചിതമായി ആഘോഷിച്ചു.

കണ്ണൂർ ജില്ലാതല ദേശീയ കർഷകദിനം നടുവിൽ സെന്റ് മേരീസ് പള്ളി അങ്കണത്തിൽ ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി പെരിയ ബഹു. ജോസഫ് കാവനാടി പതാക ഉയർത്തി ആരംഭിച്ചു.തുടർന്ന് കോവിഡ് പ്രോട്ടോകോൾ പ്രകാരം നടന്ന മീറ്റിംഗിൽ ഇൻഫാം കണ്ണൂർ ജില്ലാ സെക്രട്ടറി

7. കർഷകരുടെ മക്കളുടെ വിദ്യാഭ്യാസം സൗജന്യമാക്കണം.
8. വന്യജീവികളുടെ ആക്രമണം മൂലം മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ഗവൺമെന്റ് ജോലി നൽകണം.
8. കാർഷിക മേഖലകളിലെ റോഡ് സൗകര്യം തീരെ അപര്യാപ്തമാണ്. അതിനാൽ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു കാർഷിക മേഖലയിലെ മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കണം.
9. അറുപതു വയസ്സ് കഴിഞ്ഞ കർഷകരുടെ പെൻഷൻ 10,000 രൂപയാക്കി തീരുമാനിക്കണം.

തലശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ് ആയി തെരഞ്ഞെടുക്കപ്പെട്ടതിൽ അതിരൂപതയിലെ കത്തോലിക്കാ കോൺഗ്രസ് പരിശുദ്ധ പിതാവിനോടും മെത്രാൻ സിനഡിനോടിനോടും കൃതജ്ഞത അറിയിക്കുന്നു. ജനുവരി പതിനാറാം തീയതി രാവിലെ 8.30 ന് കത്തീഡ്രൽ പള്ളിയിൽ വെച്ച് നടന്ന സ്വീകരണത്തിൽ അഭിവന്ദ്യ പിതാവിന് ബൊക്ക നൽകി ആദരിച്ചു. ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, ജനറൽ സെക്രട്ടറി ബെന്നി പുതിയാപുറം, സെക്രട്ടറി വർഗീസ് പള്ളിച്ചിറ, പൈസക്കരി ഫൊറോനാ പ്രസിഡണ്ട് മൈക്കിൾ ചാണ്ടിക്കൊല്ലി എന്നിവർ പങ്കെടുത്തു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

ശ്രീ സണ്ണി തുണ്ടത്തിൽ അദ്ധ്യക്ഷതവഹിച്ചു. ബഹു. ഫാ. ജോസഫ് കാവനാടി ഉദ്ഘാടനവും ബഹു. ഫാ. തോമസ് ചെരുവിൽ വിഷയാവതരണവും നടത്തി.

**ആദരിച്ചു:** ഇൻഫാം ദേശീയ ജനറൽ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ബഹു. ഫാ. ജോസഫ് കാവനാടിയെയും ഡൽഹിയിൽ നടന്ന കർഷകസമരത്തിൽ പങ്കെടുത്ത ശ്രീ.സുരേഷ് ഓടംപള്ളിയെയും ഷാൾ അണിയിച്ച് ആദരിച്ചു.

## നെല്ലിക്കാംപൊയിൽ /ഉളിക്കൽ ഇൻഫാം

നെല്ലിക്കാം പോയിൽ ഫൊറോനയുടെ നേതൃത്വത്തിൽ ഉളിക്കൽ വച്ച് ഇൻഫാം ദേശീയ കർഷക ദിനത്തിൽ ബഹു.ഉളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ഉത്ഘാടനം ചെയ്ത മീറ്റിംഗിൽ ഇൻഫാം നെല്ലിക്കാംപൊയിൽ മേഖലാ പ്രസിഡന്റ് ശ്രീ. ഷാജി തെക്കേമുറി അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചു. പ്രസ്തുത മീറ്റിംഗിൽ മേഖലയിലെ മികച്ച കർഷകരെ കണ്ടെത്തി ആദരിച്ചു. ബഹു. മേഖല ഡയാക്ടർ ഫാ.ജോർജ് ആശാരികുന്നേൽ കർഷക സെമിനാർ നടത്തുകയും ചെയ്തു ബഹു. കാവനാടി ജോസഫ് അച്ചൻ അനുഗ്രഹ പ്രഭാഷണവും ബഹു.തോമസ് ചെരുവിലച്ചൻ മുഖ്യപ്രഭാഷണവും നടത്തി.

രൂപത ഡയറക്ടർ ഫാ.തോമസ് ചെരുവിൽ വിവിധ ഇടവകകൾ സന്ദർശിച്ച് ഇൻഫാം യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും, ഇൻഫാം സ്വയാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ഇടവകകളിൽ ഇൻഫാം സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ എല്ലാ സഹായവും ചെയ്തു തരുന്നതാണ്. ഇൻഫാം അടിസ്ഥാന യൂണിറ്റുകൾ രൂപീകരിക്കുക ശക്തിപ്പെടുത്തുക എന്നതാണ് പ്രധാന ലക്ഷ്യം.

### കൃഷിമന്ത്രിയെ സന്ദർശിച്ചു

ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടി ബഹുകൃഷി മന്ത്രിയെ സന്ദർശിച്ച് കശുവണ്ടിയ്ക്ക് 200 രൂപ തറവില നിശ്ചയിക്കണം എന്ന് ആവശ്യപ്പെട്ടു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് ചെരുവിൽ**

ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

### മദ്യവിരുദ്ധസമിതി 43-ാം വാർഷികം ചെമ്പേരിയിൽ

ഡിസംബർ 21-ന് കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെയും മുക്തി ശ്രീയുടെയും അതിരൂപതാ വാർഷികം ചെമ്പേരിയിൽ നടന്നു. മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, എരുവേശി പഞ്ചായത്ത് പ്രസിഡന്റ് ടെസി എമ്മാനുവേൽ, അതിരൂപതാ പ്രസിഡന്റു മാരായ ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ, ആനിമേറ്റർ സിസ്റ്റർ ജോസ് മരിയ സി.എം.സി., സരിഗ ചാക്കോ, സാബു ചിറ്റേത്ത്, സാജു വട ക്കേൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുമ്പ് പൊതുജന റാലിയും നടന്നു.

### അതിരൂപതാ 43-ാം പ്രതിനിധി സംഗമം

അതിരൂപതാ വാർഷികത്തിന് മുന്നോടിയായി പ്രതിനിധി സംഗമം നട ന്നു. സംസ്ഥാനവക്താവും ഡയറക്ടറുമായ ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷത്തെ മുഴുവൻ പ്രവർത്തനങ്ങളും വില യിരുത്തി. പുതിയ പ്രവർത്തന മാർഗ്ഗരേഖയെക്കുറിച്ച് ചർച്ചകൾ നടന്നു. എല്ലാ മേഖലയിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു. സംസ്ഥാന വൈസ് പ്രസിഡന്റ് തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ആന്റണി മേൽവെട്ടം, ഷിനോ പാറ യ്ക്കൽ എന്നിവ്ർ നേതൃത്വം നൽകി.

### ചെമ്പന്തൊട്ടി സമ്മേളനം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മുക്തിശ്രീ സമ്മേളനം ചെമ്പ ന്തൊട്ടിയിൽ ഡിസംബർ 30ന് നടന്നു. രക്ഷാധികാരി ഫാ. ജോസ് മാണിക്യ ത്താഴെ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഷിനോ പാറയ്ക്കൽ, ലോറൻസ് ഇലവുങ്കൽ, സിനി, ജോസഫ് ചാലിങ്കൽ, അന്നമ്മ ഓലിക്കൽ, മേഴ്സി തയ്യിൽ എന്നിവർ പ്രസംഗിച്ചു.

### മദ്യലഹരിമുക്ത പ്രതിജ്ഞയെടുത്ത് പുതുവർഷത്തിലേയ്ക്ക്

ഡിസംബർ 1ന് മമ്പറം ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായ് ഫാ. ചാക്കോ കുടിപ്പറമ്പിൽ സെമിനാർ നടത്തി. മദ്യലഹരിമുക്ത പ്രതി

ജ്ഞയും എടുപ്പിച്ചു. ഫാ. മാത്യു കാരിക്കൽ, സംഗീത ടീച്ചർ, മനുസാർ ശ്രീധരൻ എന്നിവർ പ്രസംഗിച്ചു.

## മദ്യലഹരി മുക്തജീവിതം കുടുംബഭദ്രതയ്ക്ക് അനിവാര്യം - മാർ വലിയമറ്റം

ജനുവരി 2-ാം തീയതി ഞായറാഴ്ച മദ്യമുക്തരുടെ സമ്മേളനം നടന്നു. തലശ്ശേരിയിൽ നടന്ന സമ്മേളനം മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്തു. മദ്യ-ലഹരി മുക്ത ജീവിതം കുടുംബഭദ്രതയ്ക്ക് അനിവാര്യമാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, തോമസ് കിളിയന്തറ, ഗംഗാധരൻ, അനീഷ് മൊകേരി എന്നിവർ പ്രസംഗിച്ചു.

## പ്രവർത്തകസമിതി സമ്മേളനം

ജനുവരി 15ന് വിമൽജ്യോതി ഓഡിറ്റോറിയത്തിൽവെച്ച് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും പ്രവർത്തക സമിതി സമ്മേളനം നടന്നു. ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ, സിസ്റ്റർ ജോസ് മരിയ സി.എം.സി. എന്നിവർ പ്രസംഗിച്ചു.

## റീജിയണൽ ഡയറക്ടർ

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മാനന്തവാടി, കണ്ണൂർ, തലശ്ശേരി എന്നീ രൂപതകളുടെ റീജിയണൽ ഡയറക്ടറായി ഫാ. ചാക്കോ കുടിപ്പറമ്പിലിനെ സംസ്ഥാന ചെയർമാൻ മോസ്റ്റ്. റവ. യൂഹണാനോൽ മാർ തെയോഡോഷ്യസ് നിയമിച്ചു.

## മദ്യശാലകൾ അടച്ചുപൂട്ടണം

കോവിഡ് വ്യാപനകാലത്ത് മദ്യശാലകൾ അടച്ചു പൂട്ടണമെന്ന് അതിരൂപതാ പ്രവർത്തകസമിതി സർക്കാരിനോടാവശ്യപ്പെട്ടു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത പ്രവർത്തകസമിതി യോഗത്തിലാണ് പ്രമേയം പാസ്സാക്കിയത്.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## ജനുവരി

1,8,15,22,29 തീയതികളിൽ വൈകുന്നേരം ആറ് മുപ്പതിന് പരിശുദ്ധ കുർബാനയും ബൈബിൾ ക്ലാസും നടത്തി.

### 05-01-22 ദിവ്യകാരുണ്യ ആരാധന

മാസാദ്യ ബുധനാഴ്ചതോറുമുള്ള ആരാധനയിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഹോദരീ സഹോദരന്മാർ പങ്കുചേരുന്നു.

## മാര്യേജ് ഗൈഡൻസ് കോഴ്സ്

ജനുവരി 10, 11,12,14, 15,16 തീയതികളിലായി ബധിരർക്കായി ഒരുക്കിയ വിവാഹ ക്ലാസുകളിൽ തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ യുവജനങ്ങൾ പങ്കുചേർന്നു. തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സാങ്കേതിക സഹായങ്ങൾ ഒരുക്കിയ ഫാമിലി അപ്പൊസ്റ്റോലേറ്റ് ടീമിന് സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

### 24-01-22 വിശുദ്ധ ഫ്രാൻസിസ് ഡി സാലസ്

ബധിരരുടെ വിശുദ്ധനായ വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ സംയുക്തമായി ആഘോഷിച്ചു. ആദ്യമായി ആംഗ്യഭാഷ രൂപകൽപ്പന ചെയ്ത് ബധിരർക്കായി സുവിശേഷം ആംഗ്യഭാഷയിൽ പങ്കുവെച്ചത് വിശുദ്ധ ഫ്രാൻസിസ് ഡി സാലസ് ആണ്.

## ഫെബ്രുവരി

5,12,19,26 തീയതികളിൽ വൈകുന്നേരം ആറ് മുപ്പതിന് വിശുദ്ധ ബലി.

3-2-22 8-pm ബുധൻ ദിവ്യകാരുണ്യ ആരാധന

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കരുവഞ്ചാലിൽ ഏയ്ഞ്ചൽ (ANGEL- Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്റർ പ്രവർത്തനമാരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്ക രോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു. മറ്റ് ഡയാലിസിസ് സെന്ററുകളിൽ ഡയാലിസിസ് നടത്തുന്നവർക്ക് ഫൊറോനകളിൽ നിന്ന് സഹായം കൊടുത്തു തുടങ്ങാവുന്നതാണ്.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2021 ഡിസംബർ 20-ന് ശേഷം 2022 ജനുവരി 25 വരെയുള്ള കണക്കുകൾ)

| | | |
|---|---|---|
| 1. | Archbishop George Njaralakkatt | 1,00,000/- |
| 2. | TLY Roopatha Educational Institutiuons Co.Op Society LTD | 50,000/- |
| 3. | Regional Superior SKD Convent Kallumutty | 15,000/- |
| 4. | Fr. Vicar St. Antony's Church, Vennakkallu | 31,600/- |
| 5. | St. Sebastians Church Chengom | 1,75,000/- |
| 6. | Sojo Munjapally, Kottor | 10,000/- |
| 7. | Sisters Of St. Joseph Of Lyons Karthikapuram, Nirmalagiri | 3,000/- |
| 8. | Holly Family Church, Kannur | 2,00,000/- |
| 9. | Jacob & George | 2,00,000/- |
| 10. | St. Ann's Convent, Padiyoor | 2,000/- |
| 11. | Provincial & Community, St. Thomas Province, CST Fathers | 25,000/- |

12. Fr. Vicar & Parish Community St. Vincent Church, Edathotty 10,001/-
13. St. Thomas Church, Manikadavu 1,00,000/-
14. Holy Cross Church, Vembua 50,000/-
15. Greeshma V Rose 1,000/-

## ഏയ്ഞ്ചൽ – പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നുവല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും ശ്രദ്ധിക്കേണ്ടതാണ്.

പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്ന തായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി അതിൽ കൂടുതൽ സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കാവുന്നതോ അല്ലെങ്കിൽ 2000/- രൂപയിലധികം തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പിയും വാങ്ങിക്കേണ്ടതാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ്-ചെലവ് കണക്കു കൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കുവാൻ ഫൊറോനകളുടെ ഉത്തരവാദി ത്വമുള്ള അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

E-mail : tsssacc@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +917034532294

സ്നേഹപൂർവ്വം,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**

**(ടി.എസ്.എസ്.എസ്.)**

## പ്രാർത്ഥനാശംസകൾ

തലശ്ശേരി അതിരൂപതയുടെ നിയുക്ത ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കുടുംബാംഗങ്ങളുടെ പ്രാർത്ഥനാശംസകൾ.

## കോവിഡ്-19 ബൂസ്റ്റർ ഡോസ് - ഓൺലൈൻ സൂം മീറ്റിംഗ്

കോവിഡിന്റെ മൂന്നാം തരംഗം ലോകം മുഴുവൻ ഒമിക്രോൺ എന്ന പേരിൽ വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ കോവിഡ് വാക്സിനേഷനുപുറമെ ഒരു ബൂസ്റ്റർ ഡോസ് കൂടി കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രത്യേക ഗവേഷണങ്ങൾ നടത്തിവരുന്നു. ഇപ്പോൾ ഗവേഷണത്തിന്റെ അവസാന ഘട്ടത്തിലെത്തിയ ബൂസ്റ്റർ ഡോസിനെക്കുറിച്ചുള്ള പഠനം തലശ്ശേരി മലബാർ കാൻസർ സെന്റർ ഉൾപ്പെടെ രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഏഴ് സെന്ററുകളിൽവച്ച് നടന്നുകൊണ്ടിരിക്കുന്നു. ബൂസ്റ്റർ ഡോസിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും TSSS-ലൂടെ ഈയൊരു വലിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമാവാനും ഓൺലൈൻ സൂം മീറ്റിംഗ് സംഘടിപ്പിച്ചു. ഈ മീറ്റിംഗിൽ TSSS മെമ്പർമാരെല്ലാം പങ്കെടുത്തുകൊണ്ട് ലഭിക്കുന്ന അറിവുകൾ മറ്റുള്ളവരിലേക്ക് കൂടുതലായി എത്തിക്കുവാൻ വേണ്ട നടപടികൾ കൈകൊണ്ടു. മലബാർ കാൻസർ സെന്ററിലെ ഹേമറ്റോളജി & ഓങ്കോളജി വിഭാഗം മേധാവി പ്രൊഫസർ ഡോ. ചന്ദ്രൻ മീറ്റിംഗിൽ സംവദിച്ചു.

## മികച്ച ഫാമിലി കൗൺസിലിംഗ് സെന്റർ

WHO-യുടെ നേതൃത്വത്തിൽ നടത്തിയ സർവ്വേ പ്രകാരം ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ച ഫാമിലി കൗൺസിലിംഗ് സെന്ററായി TSSS ഫാമിലി കൗൺസിലിംഗ് സെന്ററിനെ തെരഞ്ഞെടുത്തു. ഇതിനുമുൻപും മികച്ച പ്രവർത്തനങ്ങൾക്ക് വിവിധ അവാർഡുകളും പ്രശംസകളും ഏറ്റുവാങ്ങിയ ഫാമിലി കൗൺസിലിംഗ് സെന്ററിലൂടെ കോവിഡ് കാലത്തും ഓൺലൈൻ വഴി നിരവധി കുടുംബങ്ങൾക്ക് ആശ്വാസം പകരാൻ സാധിച്ചിരുന്നു.

## ലീഡേഴ്സ് ട്രെയിനിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജനകീയസംഘങ്ങളിലേക്ക് 2022-24 വർഷങ്ങളിലേക്കുള്ള

യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഇരിട്ടി, കരുവഞ്ചാൽ, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലായി ട്രെയിനിംഗ് 2022 ജനുവരി 13, 14, 15 തീയതികളിൽ നൽകുകയും ചെയ്തു. പേരാവൂർ, നെല്ലിക്കാംപൊയിൽ, എടൂർ എന്നിവിടങ്ങളിലെ ഭാരവാഹികൾക്കുള്ള ട്രെയിനിംഗ് എടൂർ പാരിഷ് ഹാളിൽ വച്ചു നടത്തി. ചെമ്പേരി, പൈസക്കരി, ആലക്കോട്, മേരിഗിരി, ചെറുപുഴ എന്നിവിടങ്ങളിലെ ഭാരവാഹികൾക്കുള്ള ട്രെയിനിംഗ് കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. പനത്തടി, ചിറ്റാരിക്കാൽ, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലെ ഭാരവാഹികൾക്കുള്ള ട്രെയിനിംഗ് വെള്ളരിക്കുണ്ട് TSSS മേഖലാ ഓഫീസിൽ വച്ചു നടത്തി. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, TSSS പ്രോഗ്രാം മാനേജർമാർ തുടങ്ങിയവർ ട്രെയിനിംഗുകൾക്ക് നേതൃത്വം നൽകി. TSSS പ്രോഗ്രാം കോർഡിനേറ്റർ സി. ആഷ സേവ് എ ഫാമിലി പ്ലാനിനെക്കുറിച്ച് വിശദീകരിച്ചു.

## നന്ദിയും ആശംസകളും

TSSS-ന്റെ 2022-24 വർഷങ്ങളിലേക്കായി തലശ്ശേരി അതിരൂപതയിലെ വിവിധയിടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികൾ 2022 ജനുവരി 30 ഞായറാഴ്ച കുർബ്ബാനയ്ക്കുശേഷം ചുമതലയേറ്റു. പുതിയ കർമ്മമേഖലകളിൽ നിങ്ങളെ പ്രാപ്തരാക്കുന്നതിനായി നൽകിയ ട്രെയിനിംഗിൽ എല്ലാവരും ഊർജ്ജസ്വലതയോടെ പങ്കെടുത്തു. എല്ലാവരേയും പ്രത്യേകം ഓർക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

TSSS-ൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ വളരെ കൃത്യമായും കർശനമായും പാലിച്ചുകൊണ്ട് അവരവരുടെ ഉത്തരവാദിത്വങ്ങൾ വളരെ ഭംഗിയായി നിർവ്വഹിച്ചു പ്രവർത്തിച്ച എല്ലാ ഭാരവാഹികളേയും അംഗങ്ങളേയും സ്റ്റാഫ് അംഗങ്ങളേയും പ്രത്യേകം ഓർക്കുകയും നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്യുന്നു. 2022-24 വർഷങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഭാരവാഹികൾക്ക് പുതിയ ഉത്തരവാദിത്വങ്ങൾ വളരെ ഭംഗിയായിതന്നെ പൂർത്തീകരിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

## പാരാ ലീഗൽ വോളണ്ടിയേഴ്സ് അപേക്ഷ

കണ്ണൂർ ജില്ലാ നിയമ സേവന അതോറിറ്റി, പാരാ ലീഗൽ വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നു. നിയമസേവന സ്ഥാപനങ്ങളുടെ സൗജന്യ നിയമസഹായം, നിയമബോധവൽക്കരണം, ബദൽ തർക്ക പരിഹാരമാർഗ്ഗങ്ങൾ തുടങ്ങിയവ ജനങ്ങളിലെത്തിക്കുക തുടങ്ങിയവയാണ് പാരാ ലീഗൽ വോളണ്ടിയർമാരുടെ ചുമതലകൾ. തലശ്ശേരി അതിരൂപ തയിലെ 10-ാം ക്ലാസ് മിനിമം യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള യുവതീ-യുവാക്കൾക്ക് ദിവസവേതന അടിസ്ഥാനത്തിൽ അവസരം

ലഭിക്കുന്നതിനായി മേഖലാ-യൂണിറ്റ് ഓഫീസുകൾ വഴി അപേക്ഷാ ഫോമിന്റെ മാതൃക നൽകുകയും പൂരിപ്പിച്ച അപേക്ഷകളും ഉദ്യോഗാർത്ഥികളുടെ ഫോട്ടോയും കളക്ട് ചെയ്ത് DLSAഓഫീസിൽ സമർപ്പിക്കുകയും ചെയ്തു.

## JLG ലോൺ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കൃഷികളും കാർഷിക സംബന്ധമായ ചെറുകിട വ്യവസായങ്ങളും ആരംഭിക്കുവാനും പുതിയ തലമുറയെ ഈ മേഖലകളിലേക്കിറക്കാനും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ജെ.എൽ.ജി. ലോണുകൾ വിതരണം ചെയ്തു. കനറാ ബാങ്കിന്റെ സഹകരണത്തോടെ എടൂർ, പേരാവൂർ, നെല്ലിക്കാംപൊയിൽ, ചെറുപുഴ, ആലക്കോട്, മേരിഗിരി, പൈസക്കരി എന്നീ മേഖലകളിലെ 59 ഗ്രൂപ്പുകൾക്കാണ് ലോണുകൾ നൽകിയത്.

## ഹൈജീൻ കിറ്റ് വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഹൈജീൻ കിറ്റുകൾ വിതരണം ചെയ്തു. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന 250-ഓളം അതിഥി തൊഴിലാളികൾക്കാണ് മാസ്കുകൾ, സാനിറ്റൈസർ, അലക്കുസോപ്പ്, കുളിസോപ്പ്, സോപ്പുപൊടി എന്നിവയടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്തത്.

**കാൻസർ പരിശോധനാക്യാമ്പുകൾ:** തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ സൗജന്യ പരിശോധന നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ ചിറ്റാരിക്കാൽ, ആലക്കോട്, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

## കേശദാനം - മഹാദാനം

രക്തദാനംപോലെ മഹത്തായ ഒരു പുണ്യപ്രവൃത്തിയായി കാണുന്ന കേശദാനം - മഹാദാനം പരിപാടി സംഘടിപ്പിക്കുകയും 121 പേരിൽ നിന്നും സ്വീകരിച്ച മുടികൾ തൃശ്ശൂർ അമല മെഡിക്കൽ കോളേജിലേക്ക് വിഗ്ഗ് നിർമ്മാണത്തിനായി നൽകുകയും ചെയ്തു. ഈ വിഗ്ഗുകൾ കീമോയ്ക്കുശേഷം മുടി നഷ്ടപ്പെട്ട കാൻസർ രോഗികൾക്ക് സൗജന്യമായി നൽകി വരുന്നു.

## ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതി

സാധാരണക്കാർക്ക് മെഡിക്കൽ ബില്ലുകളടച്ച് ജീവിതം ദുരിതപൂർണ്ണമാവാതിരിക്കുവാൻ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ആരംഭിച്ച ആശാകിരണം ഇൻഷൂറൻസ് പദ്ധതിയുടെ അടുത്തഘട്ടം പൂർത്തിയായി. സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസുമായി സഹകരിച്ച് നടപ്പാക്കിയ ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ 2500 പേരെയാണ് ഈ ഘട്ടത്തിൽ അംഗങ്ങളാക്കിയത്. മറ്റുള്ള ഇൻഷൂറൻസ് പോളിസികളിൽ നിന്നും വ്യത്യസ്ഥമായി വളരെ ചെറിയ തുക മാത്രം മുടക്കി ഒരു ലക്ഷം രൂപയുടെ കവറേജ് ലഭിക്കുന്ന ഈ കാരുണ്യ പദ്ധതിയിലൂടെ ഒന്നര കോടി രൂപയോളം ഇതിനകം വിതരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഏതൊരു ചികിത്സയ്ക്കും (ഉപാധികളോടെ) വളരെ ലളിതമായ രീതിയിൽ ഇതിന്റെ ആനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കാൻ സാധിക്കുന്നു എന്നത് ഈ പോളിസിയുടെ മാത്രം പ്രത്യേകതയാണ്.

## മേഖലാ ഓഫീസ് ഉദ്ഘാടനവും റിവ്യൂ മീറ്റിംഗും

ചെമ്പേരി മേഖലാ ഓഫീസിന്റെ ഉദ്ഘാടനവും റിവ്യൂ മീറ്റിംഗും സംഘടിപ്പിച്ചു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, TSSS റീജിയണൽ ഡയറക്ടർ ഫാ. ജൂണോ വേങ്ങപറമ്പിൽ, TSSS പ്രോഗ്രാം മാനേജർ ലിസ്സി, മേഖലാ പ്രസിഡണ്ട് ബേബി മുള്ളൂർ, സെക്രട്ടറി ജെസ്സി തങ്കച്ചൻ, ക്രെഡിറ്റ് യൂണിയൻ, എം.എസ്.എസ്., ഗ്രാമിക യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**സബ് കമ്മിറ്റി മീറ്റിംഗ്** : തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന TSSS ഫാമിലി കൗൺസിലിംഗ് സെന്ററിന്റെ സബ് കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, തലശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ ജമുനാറാണി ടീച്ചർ, വാർഡ് കൗൺസിലർ ഫിൽഷാദ്, തലശ്ശേരി മുൻ മുനിസിപ്പൽ ചെയർപേഴ്സൺ ആമിന മാളിയേക്കൽ, മുൻ വൈസ് ചെയർപേഴ്സൺ നജ്മ ഹാഷിം, തലശ്ശേരി പിങ്ക് പോലീസ് ഓഫീസർ ജമീല, അഡ്വ. മേരി മാത്യു, അഡ്വ. റൂമിള, അഡ്വ. ബിന്ദു, കണ്ണൂർ മഹിളാ ശക്തികേന്ദ്ര കോർഡിനേറ്റർ ആയിഷ, ഫാമിലി കൗൺസിലർ ലിസി മാത്യു, കൗൺസിലർ അനുപ്രിയങ്ക എൻ മാത്യു, സി. ആഷ എന്നിവർ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. കൗൺസിലിംഗ് സെന്ററിന്റെ റിപ്പോർട്ട് അവതരണം, വിവിധ പ്രവർത്തനങ്ങളുടെ അവലോകനം വിലയിരുത്തി.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഡിസംബർ 2021

27 നെല്ലിപ്പാറ ഇടവകയിൽ വച്ച് എം സി ബി എസ് സിയോൻ പ്രൊവിൻസ് അംഗം ഡീക്കൻ ജോസഫ് കൈതക്കലിന് തിരുപ്പട്ടം നൽകി. 03 മണിക്ക് AKM Trust അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

28 പടുപ്പ് ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ തോമസ് കളത്തിലിന് തിരുപ്പട്ടം നൽകി. കൊട്ടോടി, കണ്ണിവയൽ ഇടവകകൾ സന്ദർശിച്ചു.

29 രാവിലെ കണ്ണിവയൽ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. കുന്നുംകൈ ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ ആന്റണി മറ്റക്കൊട്ടിലിനു തിരുപ്പട്ടം നൽകി. കുന്നുംകൈ ഇടവകയിൽ നിര്യാതനായ ശ്രീ കുര്യത്താനം ജോസഫിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞു പുഞ്ച ഇടവകയിൽ എംസി ബി എസ് എമ്മാവൂസ് പ്രൊവിൻസ് അംഗം ഡീക്കൻ തോമസ് മുതുകാട്ടിലിന് തിരുപ്പട്ടം നൽകി.

30 പുറവയൽ ഇടവക സന്ദർശിച്ച്, ഫാ. ജോസഫ് പൂവത്തോലിൽ അച്ചന്റെ പൗരോഹിത്യ രജത ജൂബിലി വർഷാരംഭ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. മണിക്കടവ് ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ തോമസ് വട്ടംകാട്ടേലിന് തിരുപ്പട്ടം നൽകി. എടൂർ ഇടവകയിൽ പുതിയതായി പണി കഴിച്ച കൊടിമരം വെഞ്ചരിച്ചു. വൈകുന്നേരം നടവയൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ ദൈവാലയത്തിൽ നടന്ന ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിക്കുകയും ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

31. ചെമ്പേരി ഇടവകയിൽ വച്ച് OCarm സഭാംഗം ഡീക്കൻ തോമസ് വഴക്കുഴക്ക് തിരുപ്പട്ടം നൽകി. വൈകുന്നേരം വെമ്പുവ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപത കേന്ദ്രത്തിൽ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപത കേന്ദ്രത്തിൽ വർഷാവസാന പ്രാർത്ഥനയിൽ പങ്കെടുത്തു.

## ജനുവരി 2022

01 പാലാ രൂപതാ അംഗമായ ഫാ. ജിമ്മി തോട്ടപ്പള്ളിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽപങ്കെടുത്തു.

02 ഇടത്തൊട്ടി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം സീറോ മലബാർ സഭയുടെ പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

03 എടൂർ ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ ജോർജ് മുണ്ടൻകുന്നേലിന് തിരുപ്പട്ടം നൽകി. കരിക്കോട്ട ക്കരി ഇടവകയിൽ നിര്യാതനായ നടുത്തോട്ടത്തിൽ കൊച്ചുസാറിന്റെയും വത്സമ്മയുടെയും മകൻ നിതീഷിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം പരിയാരം എമ്പേറ്റിൽ ഉള്ള എഫ്സിസി കോൺവെന്റ് സന്ദർശിച്ചു. തുടർന്ന് പരിയാരം എംഎസ്എംഐ കോൺവെന്റിൽ വച്ച് നടന്ന ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു.

04 ചുള്ളി ഇടവകയിൽ വച്ച് നീരാറ്റുപാറ ബിൻസ്, സോന ദമ്പതികളുടെ മകൾ സാറയ്ക്ക് മാമ്മോദീസ നൽകി. ആനമഞ്ഞൾ ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ ജോസഫ് മടപ്പാൻ തോട്ടുകുന്നേലിന് തിരുപ്പട്ടം നൽകി. ബഹു. ഷിജോ ആലപ്പാട്ട് അച്ചന്റെയും, ഷിന്റോ ആലപ്പാട്ട് അച്ചന്റേയും മാതാപിതാക്കളെ സന്ദർശിച്ചു.

05 രണ്ടാംകടവ് ഇടവകയിൽ വച്ച് IMS സഭാംഗം ഡീക്കൻ റിജോ ജോസഫിന് തിരുപ്പട്ടം നൽകി. കല്ലുമുതിരക്കുന്ന് ഇടവകയിൽ വച്ച് നടന്ന ബഹു. ജോസഫ് കദളിയിൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ വച്ച് തലശ്ശേരി അതിരൂപതയിൽ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികർക്കൊപ്പം ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.

06 പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികർക്കൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു.

07-15 സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

16 തലശ്ശേരി അതിരൂപത നിയുക്ത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് കത്തീഡ്രൽ ദൈവാലയത്തിൽ നൽകിയ സ്വീകരണത്തിൽ അധ്യക്ഷത വഹിച്ചു.

17 പനത്തടി ഇടവകയിൽ വച്ച് OSFS സഭാംഗം ഡീക്കൻ ആന്റണി അഞ്ചേരിയിലിന് തിരുപ്പട്ടം നൽകി. ചെമ്പേരി കരുണാലയം സന്ദർശിച്ചു. വൈകുന്നേരം മണിപ്പാറ ഇടവകയിൽ വച്ച് ബഹു. ജോസഫ്

റാത്തപ്പള്ളിൽ അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് വിശുദ്ധ കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

18 പരിയാരം മദർ ഹോം സന്ദർശിച്ചു.

19 ആലക്കോട് വച്ച് സന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന SH സന്ന്യാസ സഭാംഗം സി. എൽസി പതിയിലിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിക്കുകയും മീറ്റിങ്ങിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

20 രാവിലെ തൊക്കിലങ്ങാടി ക്രിസ്തുരാജ ആശുപത്രി സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. വൈകുന്നേരം മാമ്പൊയിൽ ഇടവകയിൽ പുതിയതായി നിർമ്മിച്ച ബലിപീഠത്തിന്റെ കൂദാശകർമ്മം നിർവഹിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

◈◈◈◈◈

# Programme of the Archbishop
## Mar George Njaralakatt

**FEBRUARY 2022**

| | | | |
|---|---|---|---|
| 01 | 05.00 pm | - | Cemetery blessing: Paisakary |
| 2-3 | | - | Jubilee celebration: Aluva Seminary |
| 04 | 10.00 pm | - | Marian Singles (Matruvedi ) |
| | 04.00pm | - | Feast : Josegiri |
| 05 | 10.30 AM | - | Jubilee : C J Alakode |
| 06 | | - | Pastoral Visit |
| 08 | | - | Presbyteral Council |
| 09 | | - | Visitors Day, Monthly Recollection |
| 10 | | - | Pastoral Council (Online) |
| 11 | | - | Kallody |
| 12 | 10.30 am | - | Juliee Fr. Jolly Manadiyel : Vayattuparamba |
| | 02.30 pm | - | CML Anniversary |
| 13 | | - | Pastoral Visit |
| 14 | 10.00 am | - | HSS Anniversary: Thomapuram |
| 15 | | - | Major Superiors Meeting |
| 16 | 11.00 am | - | Marriage: Manvettam |
| 17 | | - | Syro Malabar Catechism Commission Meeting |
| 18 | | - | Cemetery Blessing: Mulapra |

| | | | |
|---|---|---|---|
| 20 | | - | Pastoral Visit |
| 21 | | - | Chemperi Karunalayam |
| 22 | | - | Forane Vicars Meeting, Catechism council |
| 24 | 02.30 pm | - | Diakonia |
| 26 | 10.00 am | - | Catechism HM Meeting: Sanjos School |
| 27 | | - | Pastoral Visit |
| 28 | | - | Ash Monday |

**March 2022**

| | | | |
|---|---|---|---|
| 05 | | - | Corporate Educational Agency: Teacher's Retirement |
| 09 | | - | Monthly Recollection |
| 11 | | - | Staff Meeting: Sandesabhavan |
| 12 | 10.00 am | - | Half Yearly Senate: KCYM |
| 15 | | - | Syro Malabar Catechism Commission Meeting |

**Secretary to the Archbishop**

◈ ◈ ◈ ◈ ◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോർജ് വലിയമറ്റം**

## ഡിസംബർ 2021

26 പുലിക്കുരുമ്പ ഇടവക വെളിയത്ത് ജോസഫ് ഏലിയാമ്മ ദമ്പതികളുടെ വിവാഹത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ജൂബിലി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. അങ്ങാടിക്കടവിൽ  ബഹു. തോമസ് ആമക്കാട്ട് അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

28 പാറോപ്പടി ഇടവക വലിയമറ്റം ജോഷ്വായുടെ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

30 തലശ്ശേരി സെൻറ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെയും  ബഹു. ഫിലിപ്പ് കവിയിൽ അച്ചന്റെയും രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന യർപ്പിച്ചു. നെല്ലിക്കുറ്റിയിൽ വച്ച് എംസ്എംഎസ്ഐ സന്ന്യാസിനി സഭാംഗം സി. മെലാനിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം പുല്ലടി ഇടവകയിൽ അൾത്താര കൂദാശ ചെയ്യുകയും ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

31 പുല്ലടി ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ ജൂഡ് കടക്കുഴയിലിന് തിരുപ്പട്ടം നൽകി.

## ജനുവരി 2022

01 പുല്ലടി ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം  ഡീക്കൻ മാത്യു പരിയാനിയിലിന് തിരുപ്പട്ടം നൽകി.

02 പൊന്ന്യം പ്രതീക്ഷയിൽ വച്ച് മദ്യവിരുദ്ധ സമിതിയുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

04 ബഹു. ബാബു വടക്കേക്കര അച്ചൻ പുതുതായി എഴുതിയ പുസ്തകം അഭിവന്ദ്യ പാംപ്ലാനി പിതാവിൽ നിന്ന് സ്വീകരിച്ച് പ്രകാശനം ചെയ്തു.

05 അതിരൂപതാ കേന്ദ്രത്തിൽ വച്ച് തലശ്ശേരി അതിരൂപതയിൽ പൗരോഹി

ത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികർക്കൊപ്പം ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.

06 അടക്കാത്തോട് ഇടവകയിൽവച്ച് നിര്യാതയായ ഷെർലി ക്ലീറ്റസ് നെല്ലിക്കുന്നേലിന്റെ ഏഴാം ചരമദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം പേരാവൂർ വച്ച് ആനിക്കാതോട്ടത്തിൽ ഡോൺ അനീറ്റ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

07–15 സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

14 മൂക്കന്നൂർ വച്ച് CST സന്യാസ ഭവനം സന്ദർശിച്ച് നിര്യാതനായ ബ്രദർ ബോർജിയോ CST ക്ക്വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 തലശ്ശേരി അതിരൂപത നിയുക്ത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് കത്തീഡ്രൽ ദേവാലയത്തിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു. പേരാവൂർ SH പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ. സി. ഹൈസിന്ത് SH ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ അഭിവന്ദ്യ ഞറളക്കാട്ട് പിതാവിനോടൊപ്പം പങ്കെടുത്തു.

17. പാലാ തുരുത്തിപ്പള്ളി ഇടവകയിൽ വച്ച് ജോസഫ് ആനി ദമ്പതികളുടെ വിവാഹം ആശിർവദിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു. വടവാതൂർ സെമിനാരിയിൽ തലശ്ശേരി കൂട്ടായ്മയിൽ പങ്കെടുത്തു.

◈◈◈◈◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഡിസംബർ 2021

25 രാവിലെ രാവിലെ 8.30 ന് വണ്ണായിക്കടവിൽ "നമ്മുടെ വിപണി" ഉദ്ഘാടനം ചെയ്തു. 10.30 ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി സന്ദർശിച്ചു. വൈകുന്നേരം ഇന്ദിരാഗാന്ധി ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ജേക്കബ് കരോട്ടച്ചനെ സന്ദർശിച്ചു.

26 ചാവറഗിരി ഇടവകയിൽ പുനരുദ്ധരിച്ച പുതിയ അൾത്താരയുടെ കൂദാശകർമ്മം നിർവഹിച്ചു കമ്പല്ലൂർ ഇടവകയിൽ വച്ച് ജോബി അഞ്ജു ദമ്പതികളുടെ മകൻ ജോഹന്റെ മാമ്മോദീസക്ക് കാർമികത്വം വഹിച്ചു. അങ്ങാടിക്കടവിൽ ബഹു. തോമസ് ആമക്കാട്ട് അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

27 അരീക്കമല ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ ജോസഫ് ഐക്കരപ്പറമ്പിലിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞു അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന AKM ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ കൊച്ചുപുരക്കൽ ഷാജി, ജിൻസി മാതാപിതാ ക്കളുടെ മകൾ അലോനയുടെ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യ കാർമികത്വം വഹിച്ചു.

28 കൊന്നക്കാട് ഇടവകയിൽ വച്ച് CST സഭാംഗം ഡീക്കൻ തോമസ് ചെറുകുന്നേലിന് തിരുപ്പട്ടം നൽകി. പറമ്പ ഇടവകയിൽ വച്ച് ചെട്ടികാട്ട് ഷിജിൽ-സെൽമ ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമോദീസ നൽകി. എണ്ണപ്പാറ ഹോളി സ്പിരിറ്റ് ദൈവാലയത്തിന്റെ പുതിയ കുരിശുപള്ളി ആയ പോർക്കളം ദൈവാലയം കൂദാശ ചെയ്തു.

29 തോമാപുരം ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ ജോസഫ് പുതുമനയ്ക്ക് തിരുപ്പട്ടം നൽകി. ഉച്ചക്ക് ശേഷം ചുങ്കക്കുന്നിൽ വച്ച് CMI സഭാംഗം ഡീക്കൻ എബ്രഹാം അമ്പലത്തുരുത്തേലിന് തിരുപ്പട്ടം നൽകി.

30 പൗരോഹിത്യ രജതജൂബിലിയുടെ ആരംഭം കുറിച്ചുകൊണ്ട് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. നിർമ്മലഗിരി ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ തോമസ് മരശ്ശേരിയിലിന് തിരുപ്പട്ടം നൽകി.

31. മരക്കടവ് ഇടവകയിൽ വച്ച് O Praem സഭാംഗം ഡീക്കൻ സെബാസ്റ്റ്യൻ കിടങ്ങായത്തിന് തിരുപ്പട്ടം നൽകി. അതിരൂപത കേന്ദ്രത്തിൽ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

## ജനുവരി 2022

01 ചരൾ ഇടവകയിൽ വച്ച് O Praem സഭാംഗം ഡീക്കൻ ആദർശ് നടുവത്തേട്ടിന് തിരുപ്പട്ടം നൽകി.

02 രാജമുടി ഇടവകയിൽ തിരുന്നാൾ കുർബാന അർപ്പിച്ചു. കരിക്കോട്ടക്കരി സെന്റ് തോമസ് ഇടവകയിൽ നിര്യാതനായ നിതീഷിന്റെ ഭവനം സന്ദർശിച്ചു ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അങ്ങാടികടവ് ഇടവകയിൽ നിര്യാതയായ പ്ലാക്കൽ ഏലിയാമ്മയുടെ ഭവനം സന്ദർശിച്ചു ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 വെളിമാനം ഇടവകയിൽ വച്ച് തലശ്ശേരി അതിരൂപതാ അംഗം ഡീക്കൻ കുര്യാക്കോസ് പന്തല്ലൂപ്പറമ്പിലിന് തിരുപ്പട്ടം നൽകി. ഉച്ചയ്ക്ക് ശേഷം പാടിയോട്ടുചാൽ ഇടവകയിൽ വച്ച് CST സഭാംഗം ഡീക്കൻ നോബിൾ പള്ളത്തുകുഴിയിലിന് തിരുപ്പട്ടം നൽകി. വൈകുന്നേരം തിരുമേനി ഇടവകയിൽ ദപ്പ കൂദാശ ചെയ്തു. വായാട്ടുപറമ്പ ഫൊറോനാ വൈദിക കൂട്ടായ്മയിൽ പങ്കെടുത്തു.

04 അതിരൂപതാ കേന്ദ്രത്തിൽ ബഹു. ബാബു വടക്കേക്കര VC അച്ചൻ എഴുതിയ പുതിയ പുസ്തകം അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന് നൽകി പ്രകാശനം ചെയ്തു. ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളോജിക്കൽ സയൻസിന്റെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. രാത്രി കരുവൻചാൽ സെൻറ് ജോസഫ് ഹോസ്പിറ്റലിന്റെ അവലോകന യോഗത്തിൽ പങ്കെടുത്തു.

05 വായാട്ടുപറമ്പ ഇടവകയിൽ വച്ച് MSFS സഭാംഗം ഡീക്കൻ ജെയിംസ് വള്ളിയറയ്ക്ക് തിരുപ്പട്ടം നൽകി. കരുവൻചാൽ സെൻറ് ജോസഫ് ഹോസ്പിറ്റലിന്റെ അവലോകന യോഗത്തിൽ പങ്കെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ വച്ച് തലശ്ശേരി അതിരൂപതയിൽ പൗരോഹിത്യത്തിന്റെ

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദീകർക്കൊപ്പം ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.

06 പുന്നക്കുന്ന് ഇടവകയിൽ വച്ച് കമ്മിലസ് സഭാംഗം ഡീക്കൻ ജെയ്സൺ കണ്ണംകുളത്തിന്. തിരുപ്പട്ടം നൽകി. ചാവറഗിരി ഇടവക ജൂബിലി ആഘോഷത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

07-15 സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

16. കത്തീഡ്രൽ ദൈവാലയത്തിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു. ചരൾ ഇടവകയിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

17. ദക്ഷിണാഫ്രിക്കയിൽ വച്ച് കോവിഡ് മൂലം നിര്യാതനായ ബഹു. മാത്യു കൊച്ചുപോങ്ങനാൽ അച്ചന്റെ ഒന്നാം ചരമവാർഷികത്തിൽ കരുവഞ്ചാൽ ദൈവാലയത്തിൽ വച്ച് വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയുടെ അവലോകന യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം ചരൽ ഇടവകയിൽ വച്ച് ബഹു. ഫാ. അബ്രഹാം ജോസഫ് വടക്കേമുറി CMI അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

18 പടന്നക്കാട് റീജിയണൽ ബിഷപ് ഹൗസിൽ നടന്ന സ്വീകരണത്തിൽ പങ്കെടുത്തു. കാസർകോട് എംപി ശ്രീ രാജ്മോഹൻ ഉണ്ണിത്താൻ സന്നിഹിതനായിരുന്നു. തുടർന്ന് കാസർഗോഡ് പെരളയിലുള്ള നോർബെർടൈൻസ് സന്യാസ സമൂഹത്തിന്റെ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. ഉച്ചയ്ക്ക് ശേഷം ബദിയടുക്ക ഇടവക സന്ദർശിച്ചു. വൈകുന്നേരം കാഞ്ഞിരടുക്കം ഇടവകയിൽ പുതിയതായി നിർവഹിച്ച കപ്പേളയുടെ വെഞ്ചരിപ്പ് കർമം നിർവഹിച്ചു.

19 കുന്നോത്ത് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ വച്ച് ശ്രീ കോടിയേരി ബാലകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി. മറ്റ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

20 SABS പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ സിനാക്സിസിൽ പങ്കെടുത്തു. വൈകുന്നേരം പേരട്ട ഇടവകയിൽ തിരുന്നാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

◈ ◈ ◈ ◈ ◈

## Programme of the Archbishop Designate
## MAR JOSEPH PAMPLANY

**February 2022**

| | | | |
|---|---|---|---|
| 02 | 10.30 am | - | Marriage: Karunapuram |
| 04 | 02.30 pm | - | AKCC Executive |
| 05 | 10.00 am | - | Dharmasala |
| | 05.30 pm | - | Bethrothal: Nellickampoil |
| 06 | 10.00 am | - | Parish Jubilee: Iritty |
| | 04.00 pm | - | Kilianthara |
| 07 | 11.00 am | - | Vellad |
| 08 | | - | Presbyteral Council |
| 09 | | - | Jyothi Bhavan Kannur Jubilee |
| | | - | Monthly Recollection |
| 10 | | - | Pastoral Council (Online) |
| 11 | | - | Alpha Institute- Class |
| 12 | | - | CML Council |
| 14 | | - | Great Britain- Priests Conference |
| 15 | | - | Major Superiors Meeting |
| 16 | | - | C-news Seminar |
| 17 | | - | CMC Convent Blessing- Paduppu |
| 19 | | - | Marriage: Chengalam |
| 20 | | - | Pastoral Visit |
| 22 | | - | Forane Vicars Meeting, Catechism Council |

| | | | |
|---|---|---|---|
| 23 | 10.00 am | - | Silver Jubilee Celebration CMC:Nellickampoil |
| 24 | 02.30 pm | - | Diakonia |
| 25 | 02.00 pm | - | Teacher’s Guild: Calicut |
| 26 | 10.00 am | - | Catechism HM Meeting: Sanjos School |
| 27 | | - | Pastoral Visit |
| 28 | | - | Ash Monday |

**Secretary to the Archbishop Designate**

◈◈◈◈◈